# ദീപനാളം

സ്വാതന്ത്ര്യപ്രകാശമേ നയിച്ചാലും

ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2021 ഫെബ്രുവരി 4 | ദീപം 53 | നാളം 38 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org


# കർഷകവണ്ടികൾ ദിശ മാറുമ്പോൾ



സെർജി ആന്റണി

രാജ്യത്തെ കർഷകപ്രക്ഷോഭം പുതിയ മാനങ്ങളിലേക്കു കടക്കുകയാണ്. രണ്ടു മാസത്തിലേറെയായി ഡൽഹിയിൽ പ്രത്യക്ഷസമരത്തിലേർപ്പെട്ടിരിക്കുന്ന കർഷകർ ജനുവരി 26 ന് റിപ്പബ്ലിക് ദിനത്തിൽ നടത്തിയ ട്രാക്ടർ പ്രതിഷേധറാലിയും അതോടനുബന്ധിച്ചുണ്ടായ അനിഷ്ടസംഭവങ്ങളും കർഷകസമരത്തെ മറ്റൊരു ദിശയിലേക്കു തിരിച്ചുവിടാനിടയാകരുത്. അവ്യക്തത നീക്കണം. കർഷകപ്രക്ഷോഭത്തിനാധാരമായ പ്രശ്നങ്ങൾ ഇതിനോടകം വ്യാപകമായ വിചിന്തനങ്ങൾക്കു വിധേയമായിട്ടുണ്ട്. കേരളത്തിലെ മാധ്യമങ്ങളും രാഷ്ട്രീയ, സാമൂഹിക, കർഷകപ്രസ്ഥാനങ്ങളും ഇതേക്കുറിച്ചു വ്യാപകമായ പ്രചാരണങ്ങളും ബോധവത്കരണവും നടത്തുന്നുണ്ട്. എങ്കിലും കാതലായ പ്രശ്നങ്ങളെക്കുറിച്ചു സാധാരണക്കാർക്കും പൊതുസമൂഹത്തിനും ഇപ്പോഴും വ്യക്തതയുണ്ടോ എന്നു സംശയമാണ്. സമൂഹമാധ്യമങ്ങളിലും പരമ്പരാഗത വാർത്താമാധ്യമങ്ങളിലുമൊക്കെ ഇതേക്കുറിച്ചു വരുന്ന വാർത്തകളും വിശകലനങ്ങളും വിമർശനങ്ങളും കൂടുതൽ ആശയക്കുഴപ്പത്തിനിടയാക്കുകയും ചെയ്യുന്നു.

## പുകയുന്ന നെരിപ്പോട്

കാർഷികമേഖലയിൽ കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന മൂന്നു നിയമങ്ങളാണ് ഇപ്പോഴത്തെ പ്രക്ഷോഭത്തിന്റെ അടിസ്ഥാനകാരണമെങ്കിലും കർഷകരുടെ ഇടയിൽ ഏറെക്കാലമായി പുകഞ്ഞുകൊണ്ടിരുന്ന അസ്വസ്ഥതകളുടെയും ആശങ്കകളുടെയും നെരിപ്പോട് ഇപ്പോൾ ആളിക്കത്തിയെന്നേയുള്ളൂ. എത്രയോ വർഷങ്ങളായി രാജ്യത്തെ കാർഷികമേഖല വൻപ്രതിസന്ധികളിലൂടെ കടന്നുപോകുന്നു. വിദേശത്തുനിന്നുള്ള ഭക്ഷ്യധാന്യസഹായത്തിനായി കാത്തുനിന്ന കാലം കടന്ന് ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ മിച്ചമുള്ള രാജ്യമായും ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യുന്ന രാജ്യമായും ഇന്ത്യ മാറിയത് നാം മറന്നുപോകരുത്. കർഷകരുടെ കഠിനാധ്വാനവും ഹരിതവിപ്ലവം പോലുള്ള കാർഷികരംഗത്തെ ശാസ്ത്രീയമായ മുന്നേറ്റങ്ങളും ഈ മാറ്റത്തിന് ഊർജം പകർന്നുവെന്നതു വിസ്മരിക്കാനാവില്ല.

## വളരാൻ വെമ്പൽ

സ്വാതന്ത്ര്യാനന്തരഭാരതത്തിൽ 'ജയ് ജവാൻ, ജയ് കിസാൻ' എന്ന മുദ്രാവാക്യം രാജ്യത്തിന്റെ കെട്ടുറപ്പിനെയും സാമ്പത്തികസുസ്ഥിതിയെയും ഭക്ഷ്യസ്വയംപര്യാപ്തതയെയും പ്രചോദിപ്പിക്കുന്ന വാക്കുകളായിരുന്നു. ഇതിനിടെ ലോകത്തെ വലിയ സാമ്പത്തികശക്തിയായി മാറാനുള്ള രാജ്യത്തിന്റെ വ്യഗ്രതയിൽ ചില അടിസ്ഥാന കാര്യങ്ങൾ നാം മറന്നു. മക്കൾ വലിയ പഠിപ്പും പത്രാസുമൊക്കെയായി സമ്പന്നരും സമൂഹത്തിൽ വലിയ വിലയും നിലയുമുള്ളവരുമായി മാറുമ്പോൾ പഴയ കാര്യങ്ങൾ പലതും മറക്കുന്നതുപോലെ രാജ്യവും രാജ്യഭരണം നടത്തുന്നവരും ചിലതൊക്കെ മറന്നുതുടങ്ങി, ഒരിക്കലും മറക്കാൻ പാടില്ലാത്ത ചില കാര്യങ്ങൾ. ഇക്കഴിഞ്ഞ ദിവസം കാലാവസ്ഥാ കാര്യനിർവഹണ സമിതിയുമായി ബന്ധപ്പെട്ടൊരു സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞ വാക്കുകൾ ഇവിടെ പ്രസക്തമാണ്: "നാം നമ്മുടെ അഭിലാഷങ്ങൾ പുനഃക്രമീകരിക്കുക മാത്രമല്ല, ലക്ഷ്യമിട്ട കാര്യങ്ങളിൽ നാം എത്രമാത്രം നേട്ടം ഉണ്ടാക്കിയിട്ടുണ്ട് എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ വരുംതലമുറകൾക്കു നമ്മുടെ ശബ്ദം വിശ്വാസയോഗ്യമായി പരിണമിക്കൂ." കാലാവസ്ഥാവ്യതിയാനവും പരിസ്ഥിതിപ്രശ്നങ്ങളുമായി ബന്ധപ്പെട്ടൊരു ആഗോള സമ്മേളനത്തിൽ പ്രധാനമന്ത്രി പറഞ്ഞ ഈ വാക്കുകൾ നമ്മുടെ കാർഷികമേഖലയിലും ഏറെ പ്രസക്തമാണ്.

## ലാഭക്കൊതി, ചൂഷണം

കാർഷികരംഗത്ത് നാം കൈവരിച്ച നേട്ടങ്ങളും ഉത്പാദനവർധനവും ശാസ്ത്രീയകൃഷിരീതികളും സാങ്കേതികവിദ്യയുടെ ഉപയോഗവുമൊക്കെ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കും സാമ്പത്തികസുസ്ഥിതിക്കും വരുംതലമുറയുടെ സുരക്ഷയ്ക്കുമായി കാത്തുസൂക്ഷിക്കാനും കൈമാറാനും കഴിയണം. പക്ഷേ, നിർഭാഗ്യകരമെന്നു പറയട്ടെ, സംഭവിക്കുന്നതു തികച്ചും വ്യത്യസ്തമായിട്ടാണ്. എവിടെയും ലാഭക്കൊതിയുടെയും ചൂഷണത്തിന്റെയും കഴുകൻകണ്ണുകളുമായി കാത്തിരിക്കുന്നവരുടെ ഇടയിൽ അധ്വാനത്തിന്റെയും ആത്മാർഥതയുടെയും നിഷ്കളങ്കമായ ജീവിതസാഹചര്യങ്ങളുടെയും ഇടയിൽ കഴിയുന്ന രാജ്യത്തെ കോടിക്കണക്കിനുവരുന്ന കർഷകർ വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്. കാലാവസ്ഥാവ്യതിയാനങ്ങളും കൃഷിപ്പിഴയും ഒരു പരിധിവരെ ഉൾക്കൊള്ളാൻ കർഷകർക്കു കഴിഞ്ഞിരുന്നു. പക്ഷേ, തങ്ങൾ നിരന്തരം ചൂഷണം ചെയ്യപ്പെടുകയാണെന്ന തിരിച്ചറിവ് കർഷകരെ പ്രതിരോധത്തിലേക്കു നയിച്ചു.

## പ്രതിഷേധം പ്രക്ഷോഭമായി

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നാളുകളായി കർഷകപ്രക്ഷോഭം അലയടിക്കുകയാണ്. മഹാരാഷ്ട്രയിൽ രൂക്ഷമായ കർഷകസമരം അരങ്ങേറി. പഞ്ചാബിലും ഹരിയാനയിലും കഴിഞ്ഞ ഏതാനും മാസങ്ങളായി നടക്കുന്ന കർഷകപ്രതിഷേധമാണ് ഡൽഹിയെ പ്രകമ്പനം കൊള്ളിച്ചത്. ഇന്ത്യൻ ജനാധിപത്യത്തിന്റെയും രാജ്യത്തിന്റെ സൈനിക, സാമ്പത്തിക കരുത്തിന്റെയും സാംസ്കാരികവൈവിധ്യത്തിന്റെയും അഭിമാനകരമായ പ്രദർശനവേളകൂടിയായ റിപ്പബ്ലിക്ദിന പരേഡ് അരങ്ങേറുന്ന ദിവസംതന്നെ രാജ്യതലസ്ഥാനത്ത് കർഷകർ നടത്തിയ പ്രതിഷേധറാലി അക്രമാസക്തമായി. രാജ്യത്തിനു നാണക്കേടുണ്ടാക്കുന്ന സംഭവങ്ങളാണ് അവിടെ അരങ്ങേറിയത്. പ്രക്ഷോഭകരുടെ ഇടയിലേക്കു തിരുകിക്കയറിയവരാണു പ്രശ്നമുണ്ടാക്കിയതെന്ന ആരോപണം ഉയർന്നു. സമരരംഗത്തുള്ള കർഷകസംഘടനകൾക്കുതന്നെ ഇവരെ തള്ളിപ്പറയേണ്ടിവന്നു. പ്രക്ഷോഭകർ പ്രതിലോമകാരികളാണെന്നു സ്ഥാപിക്കാൻ കേന്ദ്രസർക്കാരും സർക്കാർ അനുകൂലസംവിധാനങ്ങളും തുടക്കംമുതൽ നടത്തിവരുന്ന ശ്രമങ്ങൾക്ക് ഊർജമേകാൻ ഈ സംഭവവികാസങ്ങൾ സഹായിച്ചു.

## ആരാണു കുഴപ്പക്കാർ?

കർഷകസമരത്തെ സോദ്ദേശ്യത്തോടെ സഹായിക്കുകയും പിന്തുണ നൽകുകയും ചെയ്ത പലർക്കും റിപ്പബ്ലിക് ദിനത്തിൽ ഡൽഹിയിൽ നടന്ന സംഭവങ്ങൾ ഹൃദയവേദനയുണ്ടാക്കിയിട്ടുണ്ടാവും. ഏതു പ്രസ്ഥാനത്തെയും പ്രക്ഷോഭത്തെയും തകർക്കാനുള്ള ഏറ്റവും ഫലപ്രദമായ കുതന്ത്രം അവയ്ക്കുള്ളിലേക്കു കുഴപ്പക്കാരെ തിരുകിക്കയറ്റുകയാണ്. ആട്ടിൻതോലണിഞ്ഞ ഇത്തരംആൾക്കാർഎത്രയോപ്രസ്ഥാനങ്ങളെയുംപ്രക്ഷോഭങ്ങളെയും നാമാവശേഷമാക്കിയിട്ടുണ്ട്. എന്നാൽ, രാജ്യത്തെ കർഷകസമൂഹത്തെ ഇത്തരം വിപത്തുകളിൽനിന്നു രക്ഷിക്കാൻ എല്ലാവർക്കും കടമയുണ്ട്, വിശിഷ്യ ഭരണകർത്താക്കൾക്ക്. തങ്ങളുടെ ഇടുങ്ങിയ താത്പര്യസംരക്ഷണത്തിനായി രാജ്യത്തിന്റെ വിശാലതാത്പര്യങ്ങൾ ബലികഴിക്കരുത്.

▶ 5



മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 53-ാം വർഷം

# ഒരേയൊരു നേതാജി സുഭാഷ് ചന്ദ്രബോസ്

**വിളക്കുമരം**



ഡോ. സിറിയക് തോമസ്

**ജ**നുവരി 23 ന് നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 125-ാമതു ജന്മദിനമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യ കണ്ട ഏറ്റവും പ്രതിഭാസമ്പന്നരായ നേതാക്കളുടെ മുൻനിരയിലായിരുന്നു നേതാജി. എന്നാൽ, വ്യത്യസ്തനായ ഒരു നേതാവായിരുന്നു ബോസ്. ജനനം ഒറീസയിലെ കട്ടക്കിലായിരുന്നു. പ്രശസ്തമായ ബംഗാളി കുടുംബമായിരുന്നു ബോസ്കുടുംബം. സ്വാതന്ത്ര്യസമരത്തോട് അടുത്ത ബന്ധമായിരുന്നു ബോസ് കുടുംബത്തിന്. ബംഗാളി 'ബാബു' വിഭാഗത്തിലെ ആഢ്യകുടുംബങ്ങളിലൊന്ന്. രാഷ്ട്രീയനേതാക്കളും ശാസ്ത്രജ്ഞന്മാരും വിദ്യാഭ്യാസവിചക്ഷണന്മാരും സർക്കാർ ഉദ്യോഗസ്ഥരും സാഹിത്യകാരന്മാരുമൊക്കെ ധാരാളമായുണ്ടായിരുന്ന ഒരു പരമ്പരാഗത ബംഗാളി കുടുംബം.

ബോസുമാർ ഒരിക്കലും തനി പാരമ്പര്യവാദികളോ യാഥാസ്ഥിതികരോ ആയിരുന്നുമില്ല. അത്യാവശ്യം പുരോഗമനവാദികളും ഉത്പതിഷ്ണുക്കളുമുൾപ്പെട്ട കൊൽക്കത്തയിലെ ജനശ്രദ്ധ നേടിയ ഒരു കുടുംബമായിരുന്നു ബോസ്കുടുംബം. റോയിമാരും ഘോഷുമാരും ബാനർജിമാരും മുഖർജിമാരും ടാഗോർമാരും സെൻമാരും ചൗധരിമാരുമൊക്കെ ബംഗാളിൽ അരങ്ങുവാണിരുന്ന കാലവുമായിരുന്നത്. അന്നത്തെ രീതിക്കു പഠനത്തിനു സമർഥരായിരുന്ന കുട്ടികളെ മിക്ക സമ്പന്നകുടുംബങ്ങളും ഇംഗ്ലണ്ടിലയച്ചു പഠിപ്പിച്ചിരുന്ന കാലവും. സുഭാഷിനെയും പഠനത്തിനയച്ചത് ലണ്ടനിലേക്കാണ്. നിയമം പഠിച്ച്, സിവിൽ സർവീസ് പരീക്ഷയിൽ മികച്ച വിജയവും നേടിയെങ്കിലും ബോസിന്റെ ചായ്‌വ് രാഷ്ട്രീയത്തിലേക്കായിരുന്നു. ഐ.സി.എസ്. ഉപേക്ഷിച്ച് ഇംഗ്ലണ്ടിൽനിന്നു തിരിയെവന്ന ബോസ് സ്വാഭാവികമായും ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നു. പ്രശസ്ത സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ദേശബന്ധു സി.ആർ. ദാസിന്റെ വിശ്വസ്തനുമായി. ദാസ് കൊൽക്കത്ത മേയറായപ്പോൾ ബോസിനെയാണു കോർപ്പറേഷന്റെ സി.ഇ.ഒ. ആയി നിയമിച്ചത്. പിന്നീടു വളരെ വേഗം ബോസ് ബംഗാൾ കോൺഗ്രസിൽ താരമായി, യുവതരംഗവും. ബംഗാൾ പി.സി.സി.യുടെ ജനറൽ സെക്രട്ടറിയുമായി ബോസ്. ദേശീയ രാഷ്ട്രീയത്തിൽ ശ്രദ്ധേയനായതോടെ ബോസിന്റെ എതിർചേരികൾ തമ്മിൽ കൈകോർത്തു. കോൺഗ്രസിലെ ബോംബെ - ഡൽഹി - ലക്നോ അച്ചുതണ്ട് എന്നും ബംഗാൾ വിഭാഗത്തോടു ഒരുതരം ശീതസമരത്തിലായിരുന്നു. ബംഗാൾ കോൺഗ്രസുകാരുടെ ബുദ്ധിജീവി പരിവേഷത്തോട് വടക്കു-പടിഞ്ഞാറൻ ലോബിക്ക് ഒട്ടും പഥ്യമുണ്ടായിരുന്നുമില്ല. ഐ.സി.എസ്. ഉപേക്ഷിച്ചുവന്ന സുഭാഷ് ചന്ദ്രബോസിന്റെ താരത്തിളക്കത്തിൽ അവർ അസ്വസ്ഥരുമായിരുന്നിരിക്കണം. ബോസ് നയങ്ങളിലും നിലപാടുകളിലും തനതുവഴികൾ കണ്ടെത്താൻ ശ്രമിച്ചിരുന്നതും 'ഹൈക്കമാന്റി'നെ അസ്വസ്ഥമാക്കിയിരിക്കുവാനിടയുണ്ട്. കോൺഗ്രസിൽ ആശയസമരം നടക്കുന്ന കാലവുമായിരുന്നല്ലോ. ഗാന്ധിജിയുടെ അഹിംസാത്മക സത്യഗ്രഹരീതികളോടു വിയോജിപ്പുള്ളവർ വേണ്ടിവന്നാൽ ആയുധമെടുത്തും ബ്രിട്ടീഷ് മേൽക്കോയ്മയോടു ചെറുത്തുനിൽക്കാൻ തയ്യാറാവണമെന്നും ആവശ്യമുയർത്തുന്നുണ്ടായിരുന്നു.

ബോസ് ആശയപരമായി ഒരിക്കലും ഗാന്ധിജിയുടെ അടുത്ത ആരാധകരിലോ അനുയായികളിലോ ഉൾപ്പെട്ടിരുന്നില്ല എന്നതായിരുന്നു വാസ്തവം. മോട്ടിലാൽ നെഹ്റുവുമായുള്ള ഗാന്ധിജിയുടെ ആഴമായ ആത്മബന്ധം ജവഹർലാലിനെ കോൺഗ്രസ് അധ്യക്ഷപദം വരെ എത്തിച്ചുകഴിഞ്ഞിരുന്നു. അതിനോടു വിയോജിച്ചിരുന്ന സീനിയർനേതാക്കളും കോൺഗ്രസിൽ ധാരാളമുണ്ടായിരുന്നിരിക്കണം. കോൺഗസിന്റെ ജനറൽ സെക്രട്ടറിപദത്തിൽ ശോഭിച്ച ബോസ് സ്വാഭാവികമായും കോൺഗ്രസ് പ്രസിഡന്റായും പിന്നീട് തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ, 1939 ൽ വീണ്ടും കോൺഗ്രസധ്യക്ഷപദത്തിലേക്കു മത്സരിക്കുവാനുള്ള സുഭാഷ് ചന്ദ്രബോസിന്റെ തീരുമാനം ഗാന്ധിജിയുടെ നേതൃത്വത്തിനെതിരായ വെല്ലുവിളിയാണെന്ന പ്രചാരണമുണ്ടായപ്പോൾ ഗാന്ധിജി തന്റെ സ്ഥാനാർത്ഥിയായി മുതിർന്ന നേതാവും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വിഖ്യാതചരിത്രകാരനുമായ ഡോ. പട്ടാഭി സീതാരാമയ്യയെ പ്രഖ്യാപിച്ചു. രോഗശയ്യയിലായിരുന്ന ബോസ് സ്ട്രെച്ചറിലായിരുന്നു സമ്മേളനവേദിയിലെത്തിയത്. തിരഞ്ഞെടുപ്പിൽ ബോസിനായിരുന്നു വിജയം. ദക്ഷിണേന്ത്യയിൽനിന്നുള്ള പ്രമുഖ നേതാവായിരുന്ന മുത്തുരാമലിംഗ തേവരാണത്രേ ബോസിനു വേണ്ടി ശക്തമായി കളത്തിലിറങ്ങിയത്.

ദക്ഷിണേന്ത്യൻ പ്രതിനിധികളിൽ വലിയ പങ്ക് വോട്ടും തേവർ ബോസിനുറപ്പാക്കിയിരുന്നു. ഗാന്ധിജിക്കു മനസ്സിൽ വല്ലാതെ മുറിവേറ്റിരുന്നിരിക്കണം. അദ്ദേഹം ബോസ് പ്രഖ്യാപിച്ച കോൺഗ്രസ് പ്രവർത്തകസമിതിയിലെ തന്റെ പക്ഷക്കാരോടുമുഴുവനും രാജിവയ്ക്കുവാൻ ഉപദേശിച്ചതോടെ സുഭാഷ് ബോസ് കോൺഗ്രസധ്യക്ഷപദവും രാജിവയ്ക്കുകയായിരുന്നു. പിന്നീട് ഗാന്ധിജിയുമായും കോൺഗ്രസുമായും അകലം പാലിച്ചുവെന്നു മാത്രമല്ല, പ്രായോഗികമായി കോൺഗ്രസുമായിത്തന്നെ വഴിപിരിയുകയും കൊൽക്കത്ത കേന്ദ്രമാക്കി ഇന്ത്യൻ ഫോർവേർഡ് ബ്ളോക്ക് എന്ന പുതിയൊരു രാഷ്ട്രീയപ്രസ്ഥാനത്തിനുതന്നെ രൂപം നൽകുകയുമായിരുന്നു. ഗാന്ധിജിയുടെ സത്യഗ്രഹരീതിയിലുള്ള സമരവഴിയിൽ ഇന്ത്യയ്ക്കു നൂറു വർഷം കഴിഞ്ഞാലും സ്വാതന്ത്ര്യപ്രാപ്തി അകലെ ആയിരിക്കുമെന്നുകൂടി ബോസ് പറഞ്ഞുവച്ചു. കുറച്ചുനാൾ ബോസ് കൊൽക്കത്ത മേയർസ്ഥാനത്തേക്കും തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ജെ.എം. സെൻ ഗുപ്തയെത്തുടർന്നായിരുന്നു ബോസ് മേയറായത്. ബോസിനെത്തുടർന്നു മേയർപദവിയിൽ വന്നത് പിൽക്കാലത്ത് ബംഗാൾ മുഖ്യമന്ത്രിയായിത്തീർന്ന ഡോ. ബി.സി. റോയിയും. ഗാന്ധിജിയുമായി അകലത്തിലാവുമ്പോഴും സുഭാഷ് ബോസ് ദേശബന്ധു ചിത്തരൻജൻ ദാസിന്റെ മാനസപുത്രനായിത്തന്നെ തുടർന്നു. ജ്യേഷ്ഠൻ ശരച്ചന്ദ്രബോസ് ആശയപരമായി എന്നും ഗാന്ധിപക്ഷത്തായിരുന്നു എന്നതും ചരിത്രം.



രണ്ടാം ലോകമഹായുദ്ധമാരംഭിച്ചതോടെ പാശ്ചാത്യസഖ്യത്തിനെതിരേ ജർമ്മനി - ജപ്പാൻ - ഇറ്റലി അച്ചുതണ്ടു ശക്തികൾക്കൊപ്പംനിന്ന് ബ്രിട്ടനെ തോല്പിക്കാൻ ശ്രമിക്കുന്നതാണ് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുവാനുള്ള എളുപ്പവഴിയെന്നായിരുന്നു നേതാജിയുടെ വാദം. ബോസ് പ്രകടമായിത്തന്നെ ജപ്പാനുമായി ബന്ധപ്പെട്ടുവെന്നു മാത്രമല്ല, അച്ചുതണ്ടു ശക്തികളുടെ പിന്തുണയോടെ ഇന്ത്യയ്ക്കുപുറത്ത് ഒരു ആസാദ് ഹിന്ദ് സർക്കാരിനുതന്നെ രൂപം നൽകി. അതോടൊപ്പംതന്നെ ഒരു ഇന്ത്യൻ നാഷണൽ ആർമിക്കും (ഐ.എൻ.എ) നേതാജി രൂപംകൊടുത്തു. ജപ്പാൻ യുദ്ധത്തടവുകാരായിപ്പിടിച്ച ബ്രിട്ടീഷ് സേനയിലെ ഇന്ത്യൻ ഭടൻമാരെക്കൂടി ഐ.എൻ.എയിലേക്കു മാറ്റി. ബർമയിലും മലയയിലുമൊക്കെനിന്നും ധാരാളം ഇന്ത്യൻ യുവാക്കൾ ഐ.എൻ.എ.യിൽ ചേരാൻ മുന്നോട്ടുവന്നു. അന്നു ജപ്പാനിലായിരുന്ന കെ.പി. കേശവമേനോൻപോലും ബോസിന്റെയും ഐ.എൻ.എ.യുടെയും അനുഭാവിയായി മാറിയിരുന്നല്ലോ. അക്കാലത്തെ യുദ്ധവാർത്തകൾക്കിടയിൽ നേതാജിയും അദ്ദേഹത്തിന്റെ ഇന്ത്യൻ ദേശീയ സൈന്യവും പലപ്പോഴും ഇടം പിടിച്ചു. പിൽക്കാലത്തു നെഹ്റു മന്ത്രിസഭയിൽ അംഗമായിത്തീർന്ന ഷാനവാസ് ഖാനും പ്രശസ്ത ദേശീയവാദിയായിരുന്ന അമ്മു സ്വാമിനാഥന്റെ മകൾ ക്യാപ്റ്റൻ ലക്ഷ്മിയുമൊക്കെയായിരുന്നു അക്കാലത്ത് ഐ.എൻ.എ.യിലെ ബോസിന്റെ വിശ്വസ്തർ. ഇന്ത്യയിലും ഐ.എൻ.എ.യിലേക്കു ഒട്ടേറെ യുവാക്കൾ അണിചേർന്നു. നേതാജി ഇന്ത്യൻ യുവജനങ്ങളുടെ ഇതിഹാസതാരമായിത്തീർന്നിരുന്നുവെന്നതായിരുന്നു യാഥാർഥ്യം. ഐ.എൻ.എ. ഒരാവേശമായി ഇന്ത്യയിൽ മാത്രമല്ല വിദേശത്തും അലകളുയർത്തി.

ജർമൻപ്രവാസകാലത്തു ബോസ് ഒരു പ്രണയത്തിലും ചെന്നുപെട്ടിരുന്നു. രഹസ്യമായി അവർ വിവാഹവും കഴിച്ചിരുന്നുവെന്നു പിൽക്കാലത്തു ബോസിന്റെ അക്കാലത്തെ അടുത്ത സഹപ്രവർത്തകരാണ് സാക്ഷ്യപ്പെടുത്തിയത്. - എമിലി ഷിങ്കൽ 1936-37 കാലത്തു ബോസിന്റെ സെക്രട്ടറിയുമായിരുന്നു. ആ ബന്ധത്തിൽ അവർക്കുണ്ടായ ഏക മകളായിരുന്നു അനിതാ ബോസ്. നെഹ്റു പ്രധാനമന്ത്രിയായിരിക്കേ അനിത ഒരിക്കൽ ഇന്ത്യാസന്ദർശനത്തിനു വന്നിരുന്നു. നെഹ്റു സർക്കാർ അവരെ സ്വാഗതം ചെയ്യുകയും എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തെങ്കിലും ഇന്ത്യയിൽ സ്ഥിരതാമസമാക്കുവാനുള്ള അവരുടെ ആഗ്രഹത്തോട് അനുകൂലനിലപാടല്ല സ്വീകരിച്ചതെന്ന ആക്ഷേപം നേതാജി അനുകൂലികൾ പിന്നീട് ഉയർത്തുകയുണ്ടായി. എന്നാൽ, ജർമനിയിലേക്കു മടങ്ങുംമുൻപ് അനിതാ ബോസ് പ്രധാനമന്ത്രി നെഹ്റുവിനും മറ്റ് ഇന്ത്യൻ നേതാക്കൾക്കും പ്രത്യേകം നന്ദി പറയുകയുണ്ടായി എന്നതുകൊണ്ടാവാം ആ വഴി വിവാദങ്ങൾക്കൊന്നും പിന്നീട് വലിയ പ്രസക്തി ഉണ്ടായില്ല.

മഹായുദ്ധത്തിന്റെ അവസാനപാദങ്ങളിലായിരുന്നു, നിർഭാഗ്യമെന്നു പറയട്ടെ ഒളിവുജീവിതത്തിനിടയിൽ നേതാജി ഒരു വിമാനാപകടത്തിൽ കൊല്ലപ്പെട്ടു എന്ന വാർത്ത ലോകമാകെ ഞെട്ടൽ ഉണ്ടാക്കിയത്. പലർക്കും ഇന്നും അത്ര സ്വീകാര്യമല്ലാത്ത ഒരു വാദമാണ് നേതാജി വിമാനാപകടത്തിൽപ്പെട്ടു മരിച്ചുവെന്നത്. പല കമ്മീഷനുകൾ പല തവണ അന്വേഷിച്ചിട്ടും ഇന്നും ഉത്തരമില്ലാതെ അവശേഷിക്കുന്ന ഒരു ചോദ്യവുമാണ് നേതാജിയുടെ മരണം. 1966 ൽ താഷ്കെന്റിൽ വച്ച് അന്ന് പ്രധാനമന്ത്രിയായിരുന്ന ലാൽ ബഹദൂർ ശാസ്ത്രി ഇന്ത്യാ - പാക്കിസ്ഥാൻ സമാധാനസംഭാഷണങ്ങൾക്കിടെ അന്തരിച്ചതും ദുരൂഹത ഉയർത്തുകയുണ്ടായി. പാക്കിസ്ഥാനുമായുണ്ടായ യുദ്ധത്തിൽ ഇന്ത്യൻ സേനയ്ക്കുണ്ടായ വിജയം പ്രധാനമന്ത്രി ശാസ്ത്രിക്കു നേടിക്കൊടുത്ത വൻജനസമ്മതിയാണ് ശാസ്ത്രിയുടെ ജീവനു ഭീഷണിയായതെന്ന് അന്നു പ്രധാനമന്ത്രി ശാസ്ത്രിയുടെ പ്രസ് സെക്രട്ടറിയായിരുന്ന കുൽദീപ് നയ്യാർ പലപ്പോഴും പറയാതെ പറഞ്ഞിരുന്നുവെന്നതും നമ്മുടെ ഓർമയിലുണ്ട്. നേതാജിയുടെ അപകടമരണം നടന്നതും ബോസിന്റെ ജനസമ്മതി അതിന്റെ ഉച്ചസ്ഥായിയിലായിരുന്ന സമയത്തും കാലത്തുമായിരുന്നുവെന്നതാണ് ഇക്കാര്യത്തിലുള്ള ദുരൂഹത വർദ്ധിപ്പിക്കുന്ന്. എന്നാൽ, ഇന്ത്യയിലെ ജനങ്ങൾ എന്നും നെഞ്ചേറ്റിയ ഒരു നേതാവെന്ന നിലയിലാണ് ചരിത്രത്തിൽ നേതാജിയുടെ സ്ഥാനം. ആർമി ജനറലിന്റെ സൈനികവേഷത്തിലുള്ള നേതാജിയുടെ ചിത്രം ഇന്നും ജനങ്ങൾക്കു ഹരംതന്നെ. ഇന്നും ജനഹൃദയങ്ങളിൽ അഭിമാനമായും ആവേശമായും ജ്വലിച്ചുനില്ക്കുന്ന നേതാജിയുടെ ഉജ്വലചിത്രവും വേറൊന്നല്ല. മറ്റൊരു ഇന്ത്യൻ നേതാവിനെയും ഈ രാജ്യത്തെ ജനങ്ങൾ ഇന്നേവരെ നേതാജിയെന്നു വിളിച്ചിട്ടുമില്ല.

# ഒരു പുതുയുഗപ്പിറവിക്കു തുടക്കം

## യു.എസ്. പ്രസിഡന്റായി ജോ ബൈഡനും വൈസ് പ്രസിഡന്റായി കമല ഹാരിസും അധികാരമേറ്റു



തോമസ് കുഴിഞ്ഞാലിൽ

**അ**മേരിക്കയിൽ ജനാധിപത്യം പ്രഭ ചൊരിയുന്നത് ആഹ്ലാദത്തോടെയാണ് ലോകം വീക്ഷിക്കുന്നത്. ഒരു പുതുയുഗപ്പിറവിക്കു തുടക്കം കുറിച്ചുകൊണ്ട് യു.എസ്. പ്രസിഡന്റായി ജോസഫ് ആർ ബൈഡനും വൈസ് പ്രസിഡന്റായി കമല ഹാരിസും അധികാരമേറ്റു.

"ഇത് ജനാധിപത്യത്തിന്റെയും അമേരിക്കൻ ജനതയുടെയും ദിവസമാണ്. ജനാധിപത്യത്തിനും അധികാരത്തിന്റെ വിശ്വാസ്യതയ്ക്കും ഏറ്റ മുറിവുകൾ ഉണക്കുകയെന്നതാണ് ഞങ്ങളുടെ ദൗത്യം. രാജ്യത്തിന്റെ ഐക്യവും ആത്മാവും വീണ്ടെടുക്കേണ്ടതുണ്ട്. വർണവിവേചനത്തിനും തീവ്രവാദത്തിനും ആഭ്യന്തരഭീകരതയ്ക്കുമെതിരേ ഒന്നിച്ചുനിന്നു പൊരുതണം. കഴിഞ്ഞുപോയ ഭരണകാലത്തെ വികലമായ നയങ്ങൾ മൂലം കൈമോശം വന്ന ലോകനേതൃപദവി തിരിച്ചുപിടിക്കും."

ഇക്കഴിഞ്ഞ 20-ാം തീയതി ബുധനാഴ്ച അമേരിക്കയുടെ 46-ാമത് പ്രസിഡന്റായി ചുമതലയേറ്റ ജോ ബൈഡൻ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിലെ ഏതാനും വരികളാണ് മേലുദ്ധരിച്ചത്.

ലോകം കാത്തിരുന്ന പുതുയുഗപ്പിറവിയിലേക്കുള്ള ഈ അധികാരക്കൈമാറ്റം അത്ര സുഗമമല്ലായിരുന്നു. പ്രസിഡന്റു തിരഞ്ഞെടുപ്പിൽ വ്യക്തമായ ഭൂരിപക്ഷം നേടിയിട്ടും നിലവിലെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഫലം അംഗീകരിക്കാൻ കൂട്ടാക്കാതിരുന്നത് അമേരിക്കയുടെ ജനാധിപത്യപാരമ്പര്യത്തിന് തീരാക്കളങ്കമായി. അമേരിക്കൻ തിരഞ്ഞെടുപ്പുചരിത്രത്തിലെ ഏറ്റവും കൂടുതൽ ജനകീയവോട്ടുകൾ നേടിയാണ് ബൈഡൻ പ്രസിഡന്റുപദം ഉറപ്പിച്ചതെങ്കിലും വോട്ടെടുപ്പിൽ കൃത്രിമം നടന്നുവെന്നാരോപണമുയർത്തിയ ട്രംപ്, പ്രകോപനപരമായ പരാമർശങ്ങളും പ്രസംഗങ്ങളും നടത്തി റിപ്പബ്ലിക്കൻ അനുയായികളെ അക്രമത്തിനു പ്രേരിപ്പിക്കുകയായിരുന്നു. ബൈഡന്റെ വിജയം ഔദ്യോഗികമായി അംഗീകരിക്കുന്നതിന് യുഎസ് കോൺഗ്രസിന്റെ ഇരുസഭകളും ഈ മാസം 6-ാം തീയതി പാർലമെന്റുമന്ദിരമായ ക്യാപ്പിറ്റോളിൽ സമ്മേളിക്കവേയായിരുന്നു ട്രംപനുകൂലികളുടെ കടന്നാക്രമണം. എന്നാൽ, അമേരിക്കയുടെ ജനാധിപത്യത്തിന്റെ ശക്തമായ അടിത്തറ ഇത്തരം പ്രതിസന്ധികളെ അതിജീവിക്കാൻ പര്യാപ്തമായിരുന്നു.

ലോകത്തിനു മുൻപിൽ കൊട്ടിയടയ്ക്കപ്പെട്ട വാതിലുകൾ തുറക്കാൻ അധികാരമേറ്റ് മണിക്കൂറുകൾക്കകം ജോ ബൈഡനു കഴിഞ്ഞു. വൈറ്റ് ഹൗസിലെ ഓവൽ ഓഫീസിലെത്തി ബൈഡൻ ആദ്യം ഒപ്പിട്ട ഉത്തരവുകളിലൊന്ന് ട്രംപ് പിൻമാറിയ പാരീസ് ഉടമ്പടിയിൽ വീണ്ടും ചേരാനുള്ളതായിരുന്നു.



നിയമങ്ങളിൽ അധിഷ്ഠിതമായ രാജ്യാന്തരലോകക്രമങ്ങളോട് ഒട്ടും ആദരവില്ലാതെ പ്രസിഡന്റായി അധികാരമേറ്റ് അധികം വൈകാതെ 2015 ലെ പാരീസ് ഉടമ്പടിയിൽനിന്ന് ട്രംപ് ഏകപക്ഷീയമായി പിൻവാങ്ങുകയായിരുന്നു. വ്യാവസായിക വിപ്ലവകാലഘട്ടംമുതൽ പരിസ്ഥിതിയുടെമേലുള്ള മനുഷ്യന്റെ കടന്നുകയറ്റങ്ങൾ അത്യന്തം ആപത്കരമാണെന്നു ബോധ്യപ്പെട്ടപ്പോൾ വർഷങ്ങളുടെ പര്യാലോചനകളിലൂടെ രൂപപ്പെടുത്തിയതായിരുന്നു പാരീസ് ഉടമ്പടി. ഹരിതഗ്രഹവാതകങ്ങളുടെ അനിയന്ത്രിതമായ ബഹിർഗമനം കുറച്ചുകൊണ്ടുവന്ന് അന്തരീക്ഷോഷ്മാവു നിലവിലുള്ളതിൽനിന്ന് ഒന്നര ഡിഗ്രി സെൽഷ്യസ് കൂടാതെ നിലനിറുത്താൻ ഉടമ്പടിയിലേർപ്പെട്ട രാജ്യങ്ങൾ ധാരണയിലെത്തിയിരുന്നു.

21-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരിയായ കൊവിഡിനെ നിയന്ത്രണവിധേയമാക്കാൻ 10 എക്സിക്യൂട്ടീവ് ഉത്തരവുകളിലാണ് ബൈഡൻ ഒപ്പിട്ടത്. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും അന്തർസംസ്ഥാനയാത്രകളിലും മാസ്ക് നിർബന്ധമാക്കി. തിരഞ്ഞെടുപ്പുവിജയം ഉറപ്പായ ശേഷം ബൈഡൻ ആദ്യം ചെയ്ത കാര്യങ്ങളിലൊന്ന് ഒരു 'കൊവിഡ് ടാസ്ക് ഫോഴ്സി'ന് രൂപം കൊടുക്കുകയായിരുന്നു. 100 ദിവസങ്ങൾക്കുള്ളിൽ 10 കോടി വാക്സിൻ ഡോസുകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള ചുമതലയാണ് ടാസ്ക്ഫോഴ്സിനു നൽകിയത്. ഇതിനു പുറമേ പ്രതിരോധവാക്സിൻ ദരിദ്രരാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്യുന്നതിന് യുഎസ് പങ്കാളിയാകുമെന്നും ബൈഡന്റെ മുഖ്യആരോഗ്യഉപദേഷ്ടാവായി നിയമിതനായ ഡോ. ആന്റണി ഫൗച്ചി വെളിപ്പെടുത്തി. പൊതുവേദികളിൽപ്പോലും മാസ്ക് ധരിക്കാൻ കൂട്ടാക്കാതിരുന്ന ഡൊണാൾഡ് ട്രംപും ഓഫീസിനുള്ളിലും പൊതുസ്ഥലങ്ങളിലും മുഖാവരണം അണിഞ്ഞു നില്ക്കുന്ന ജോ ബൈഡനും കൗതുകക്കാഴ്ചയായി. വ്യാപനതീവ്രതയിലും മരണനിരക്കിനും യുഎസിനെ ഒന്നാം സ്ഥാനത്തെത്തിച്ച കൊവിഡ് 19 രാജ്യത്തെ 2.50 കോടി ജനങ്ങളെ പിടികൂടുകയും നാലുലക്ഷം പേരുടെ ജീവൻ അപഹരിക്കുകയും ചെയ്തു.

യു.എസ്. ഉൾപ്പെടെയുള്ള ആറു വൻശക്തിരാഷ്ട്രങ്ങൾ ഇറാനുമായി ഒപ്പുവച്ച 2015 ലെ ആണവനിർവ്യാപനകരാറിൽനിന്ന് ട്രംപ് പിൻമാറുകയും ഇറാന്റെമേൽ കടുത്ത ഉപരോധം ഏർപ്പെടുത്തുകയും ചെയ്തത് മധ്യേഷ്യയിൽ വലിയ യുദ്ധത്തിന്റെ വക്കോളമെത്തിയിരുന്നു. കരാറിൽനിന്നു പിൻവാങ്ങി ആറുമാസം തികയുംമുമ്പ് ഇറാനിയൻ ഖുദ്സ് ഫോഴ്സിന്റെ തലവൻ ജനറൽ ഖാസിം സുലൈമാനിയെ കഴിഞ്ഞ വർഷം ജനുവരി മൂന്നാം തീയതി ബാഗ്ദാദ് വിമാനത്താവളത്തിനു പുറത്തുവച്ച് മിസൈലാക്രമണത്തിൽ വധിച്ചത് ട്രംപിന്റെ നേരിട്ടുള്ള ഉത്തരവുപ്രകാരമാണെന്ന് ആരോപണമുയർന്നിരുന്നു. തങ്ങളുടെ സേനാതലവന്റെ മരണത്തിനുത്തരവാദിയായ ട്രംപിനെ വധിക്കാൻ ഇറാന്റെ പരമോന്നത നേതാവായ അയത്തൊള്ള അലിഖമനെയ് ഉത്തരവിട്ടതായാണ് ഏറ്റവും പുതിയ വാർത്ത. അത്തരം പ്രതികാരനടപടികളിൽനിന്ന് പിന്തിരിയാനും ആണവകരാറിൽ പങ്കാളിയാകാനുമുള്ള തയ്യാറെടുപ്പുകളിൽ ബൈഡൻ വ്യാപൃതനാണ്.

അമേരിക്കയുടെ മുഖ്യഎതിരാളിയായി ചൈന മാറിയത് അടുത്ത നാളുകളിലാണ്. സാമ്പത്തിക/ വ്യാവസായിക/ വ്യാപാര/ സൈനികമേഖലകളിലെ ചൈനയുടെ മുന്നേറ്റം തടയുകയെന്നത് ട്രംപിന്റെ പ്രധാന നയമായിരുന്നു. ലോകാരോഗ്യസംഘടനയുമായുള്ള ബന്ധം വിച്ഛേദിച്ചതിലും ചൈന വിരോധമുണ്ട്. കൊവിഡ് 19 ന്റെ ഉറവിടം തന്റെ രാജ്യത്താണെന്നറിഞ്ഞിട്ടും ഒരു മാസത്തോളം രോഗവിവരം മറച്ചുവച്ച ചൈനീസ് പ്രസിഡന്റ് ഷീ ചിൻ പിംഗിന്റെ നടപടിയോട് മൃദുസമീപനം പുലർത്തിയതാണ് സംഘടനയിൽനിന്നു പിന്മാറാൻ ട്രംപ് ഉന്നയിച്ച പ്രധാന കാരണം. ഏഷ്യൻ ഭൂഖണ്ഡത്തിൽ വർദ്ധിച്ചുവരുന്ന ചൈനയുടെ ശക്തിയെയും സ്വാധീനത്തെയും ചെറുക്കാൻ സുഹൃത്‌രാജ്യങ്ങളായ ജപ്പാൻ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങൾക്കൊപ്പം നമ്മുടെ രാജ്യത്തിൽ സഹകരണവും അമേരിക്കയ്ക്ക് അത്യന്താപേക്ഷിതമാണ്. കർക്കശമായ നിലപാടുകളിലൂടെ ചൈനയെ നിലയ്ക്കുനിറുത്താനുള്ള ട്രംപിന്റെ നടപടികളിൽനിന്നു വിഭിന്നമായി അല്പം കൂടി മൃദുവും തന്ത്രപരവുമായ സമീപനങ്ങളാണ് ബൈഡന്റെ മനസ്സിലുള്ളത്. ട്രംപിന്റെ ഭരണകാലത്ത് ഏർപ്പെട്ട പ്രതിരോധകരാറുകൾ ബൈഡനും തുടരുന്നത് നമ്മുടെ രാജ്യത്തിന് ഗുണകരമായി മാറുമെന്നാണ് പ്രതീക്ഷ. അതിർത്തി പ്രദേശങ്ങളിൽ സംഘർഷം സൃഷ്ടിക്കുകയോ യുദ്ധത്തിനു മുതിരുകയോ ചെയ്താൽ യഥാസമയം ഇടപെടാൻ ഈ പ്രതിരോധകരാറുകൾ ഉപകാരപ്പെടും.

സാമ്പത്തികമേഖലയ്ക്ക് പുത്തനുണർവു നൽകുകയെന്നത് ബൈഡന്റെ മുൻപിലുള്ള മറ്റൊരു വെല്ലുവിളിയാണ്. 1.90 ലക്ഷം കോടി യുഎസ് ഡോളറിന്റെ ഉത്തേജകപാക്കേജാണ് അദ്ദേഹം പ്രഖ്യാപിച്ചത്. ഇതിൽ ഒരു ലക്ഷം കോടി ജനങ്ങൾക്കു നേരിട്ടു നല്കുകയും ബാക്കുള്ള തുക തകർന്നുകിടക്കുന്ന വ്യവസാമേഖലയ്ക്കും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമാകും വിനിയോഗിക്കുക.

യു.എസ്.- മെക്സിക്കോ അതിർത്തിയിലെ അനധികൃത കുടിയേറ്റം തടയുന്നതിനുള്ള മതിൽനിർമാണത്തിന്റെ ഫണ്ടു മരവിപ്പിച്ചതും, ഏഴു മുസ്ലീം രാജ്യങ്ങളിൽനിന്നുള്ള കുടിയേറ്റവിലക്കു നീക്കിയതും, പരിസ്ഥിതിക്ക് ആഘാതമാകുമെന്നു വിലയിരുത്തിയ കാനഡയിൽ നിന്നുള്ള 'കീസ്റ്റോൺ XL പൈപ്പുലൈൻ പദ്ധതി' വേണ്ടെന്നുവച്ചതും ബൈഡന്റെ ആദ്യദിവസത്തെ ഉത്തരവുകളിൽപ്പെടും. മതിയായ രേഖകളില്ലാതെ യു.എസിൽ കഴിയുന്ന അനധികൃതകുടിയേറ്റക്കാർക്കു പൗരത്വം നല്കുമെന്ന പ്രഖ്യാപനവും ആശ്വാസകരമാണ്.

തമിഴ്നാട്ടിൽ കുടുംബവേരുകളുള്ള കമല ഹാരിസ് അമേരിക്കയുടെ 49-ാമത്തെ വൈസ് പ്രസിഡന്റാണ്. വൈസ് പ്രസിഡന്റാകുന്ന ആദ്യവനിതയും ആദ്യ ഏഷ്യൻ അമേരിക്കക്കാരിയുമാണ്. 2017 മുതൽ സെനറ്ററായി സേവനം ചെയ്യുന്ന കമല, ആറു വർഷകാലാവധി പൂർത്തിയാക്കും മുമ്പാണ് വൈസ് പ്രസിഡന്റാകുന്നത്. എക്സിക്യൂട്ടീവ്, ലെജിസ്ളേറ്റീവ് എന്നീ രണ്ടു സ്ഥാനങ്ങളിലും ഇടപെടാവുന്ന അധികാരപദവിയാണ് യു.എസ്. വൈസ് പ്രസിഡന്റിന്റേതെന്ന് കമല ചൂണ്ടിക്കാട്ടി. സെനറ്റ് അദ്ധ്യക്ഷകൂടിയായ വൈസ് പ്രസിഡന്റിന് ടൈബ്രേക്കിംഗ് വോട്ടിനുള്ള സവിശേഷ അധികാരവുമുണ്ട്.

യു.എസ്. ചരിത്രത്തിലെ ഏറ്റവും വാശിയേറിയ തിരഞ്ഞെടുപ്പിൽ വൈസ് പ്രസിഡന്റ് സ്ഥാനാർഥിയായി കമലയെ ക്ഷണിക്കാൻ പല കാരണങ്ങളുണ്ട്. ക്ലേശകരമായ ഭരണനിർവഹണത്തിനിടയിലെ പ്രതിസന്ധിഘട്ടങ്ങളിൽ കരുത്തുള്ള ഒരു വൈസ് പ്രസിഡന്റ് കൂടെയുണ്ടാകണമെന്ന ആഗ്രഹം സ്വാഭാവികമായിരുന്നു. ഔദ്യോഗിക ജീവിതത്തിൽ വിവാദങ്ങളെ നേരിട്ടപ്പോഴും പ്രണയം ഉൾപ്പെടെയുള്ള വ്യക്തിജീവിതത്തിലെ വഴിത്തിരിവുകൾ സംസാരവിഷയമായപ്പോഴും കമലയുടെ പുഞ്ചിരിക്ക് കൽവിളക്കിന്റെ കരുത്തും സൗന്ദര്യവും ഉണ്ടായിരുന്നു.

യു.എസിലെ 33 കോടി ജനസംഖ്യയിൽ ഒരു ശതമാനം മാത്രമുള്ള ഇന്ത്യൻസമൂഹത്തിന് ജോ ബൈഡന്റെ ഭരണകൂടത്തിൽ അഭിമാനാർഹമായ പ്രാതിനിധ്യമുണ്ട്. വിവിധ തസ്തികകളിൽ നിയമിക്കപ്പെട്ട 20 ഇന്ത്യൻ വംശജരിൽ 17 പേരും വൈറ്റ് ഹൗസിലെ പ്രധാന വകുപ്പുകളിലെ ഉന്നതപദവികളിലാണ് സേവനം ചെയ്യുന്നത്. ഇവരിൽ 13 പേരും വനിതകളാണെന്ന പ്രത്യേകതയുമുണ്ട്.

വാഷിംഗ്ടണിലെ നാഷണൽ കത്തീഡ്രലിൽ ദിവ്യബലിയിൽ പങ്കെടുത്തശേഷമാണ് ജോ ബൈഡനും പ്രഥമ വനിത ജിൽ ജേക്കബ്സും, കമലാഹാരിസും ഭർത്താവ് ഡഗ്ളസ് എം. ഹോഫും സത്യപ്രതിജ്ഞാച്ചടങ്ങിനെത്തിയതെന്നതു ശ്രദ്ധേയമായി.

■

# ഒരു സൗഹൃദക്കെണി



കാരിത്തടം വർക്കി

**ദി**വസവും ഹൈറേഞ്ചിലെ വളഞ്ഞുപുളഞ്ഞ റോഡിലൂടെ സഞ്ചരിക്കുന്ന ഒരു പ്രൈവറ്റ് ബസ്, അതിലെ സ്ഥിരം യാത്രക്കാരിയായിരുന്നു രാധിക. പ്ലസ് വണ്ണിന് അവൾ പഠിക്കുന്നു, അവളുടെ വീടും സ്കൂളും തമ്മിൽ പത്തു കിലോമീറ്ററിന്റെ അകലമുണ്ട്. രാവിലെയും വൈകുന്നേരവും അവൾ ഒരേ ബസ്സിലാണ് വരവും പോക്കും.

ചെറുപ്പക്കാരനായ ഗോപിയാണ് അതിന്റെ പോർട്ടർ. പക്ഷേ, അവന്റെ പെരുമാറ്റം കണ്ടാൽ വെറുമൊരു 'കിളി'യല്ല ബസ്സിന്റെ ഓണർതന്നെ അവനാണെന്നു തോന്നിപ്പോകും.

ഫുട്ബോർഡിൽ അവൻ നിൽക്കുന്നതിന്റെ തൊട്ടുമുന്നിലോ പിന്നിലോ ഉള്ള സീറ്റിലാണ് രാധികയുടെ മിക്കവാറുമുള്ള ഇരിപ്പിടം. ബസ്സിൽ തിരക്കുകൂടുമ്പോൾ ഇറങ്ങാൻ അവിടെയിരിക്കുന്നതാണ് സൗകര്യം.



വാചകമടിയിൽ വളരെ സമർഥനാണ് ഗോപി, മിക്കപ്പോഴും അവൻ രസകരമായ ഓരോ കമന്റുകളും തമാശകളും പൊട്ടിക്കും. ഗൗരവം ഭാവിക്കാൻ ആദ്യമൊക്കെ ശ്രമിച്ചിരുന്നെങ്കിലും പിന്നീട് പലപ്പോഴും രാധിക അവകേട്ട് ഊറിച്ചിരിക്കും.

സുന്ദരിയായ കൗമാരക്കാരിയുടെ പുഞ്ചിരി അവനു വലിയ പ്രോത്സാഹനമായി തോന്നിയിരിക്കാം. പിന്നെ രാധികയെ കേൾപ്പിക്കാനും ചിരിപ്പിക്കാനുംവേണ്ടി മാത്രമായി ഗോപിയുടെ കമന്റുകൾ.

പിന്നെപ്പിന്നെ അവൻ അവളോടു നേരിട്ടുതന്നെ സംസാരിച്ചുതുടങ്ങി. അവൾക്കുവേണ്ടി മാത്രമായി തമാശകൾ പറഞ്ഞു. പിന്നെ തമാശകളല്ലാത്ത കാര്യങ്ങളും സംസാരിച്ചു.

ഒരു ദിവസം അവൾ സ്കൂളിലെ ആവശ്യത്തിന് പാസ്പോർട്ട് സൈസ് ഫോട്ടോ എടുപ്പിച്ചു. ഫോട്ടോ കിട്ടിയപ്പോൾ അവൾക്ക് വളരെ ഇഷ്ടമായി, വെറുമൊരു കൗതുകത്തിനുവേണ്ടി അവൾ അത് ഗോപിയെയും കാണിച്ചു. അപ്പോൾ ഗോപിക്ക് അതിൽ ഒരു കോപ്പി വേണം, അവൾ കൊടുക്കാൻ മടിച്ചു. എന്നാൽ, അവൻ നിർബന്ധപൂർവ്വംതന്നെ ആ കവറിൽനിന്ന് ഒരു ഫോട്ടോ എടുത്തപ്പോൾ അവൾ തടസ്സം പറഞ്ഞില്ല.

ഒരാഴ്ച കഴിഞ്ഞു. ബസ്സ്റ്റാൻഡിൽ വെച്ച് രാധികയെ തനിയെ കണ്ടപ്പോൾ ഗോപി പറഞ്ഞു:

'കുട്ടീ, എനിക്കൊരു ആയിരം രൂപ സംഘടിപ്പിച്ചുതരണം.' രാധിക ഒരു ഇടത്തരം കുടുംബത്തിലെ അംഗമാണ്. പത്തഞ്ഞൂറ് രൂപ അവൾ വിചാരിച്ചാൽ ഉണ്ടാക്കാനാകും. പക്ഷേ, അത് ഗോപിക്കു കൊടുത്തിട്ടെന്തു കാര്യം...?

'എന്റെ കൈയിൽ പണമൊന്നുമില്ല' അവൾ പറഞ്ഞു.

'എന്നു പറഞ്ഞാൽ പറ്റില്ല. പണം തന്നില്ലെങ്കിൽ ഞാൻ മറ്റേ ഫോട്ടോ എല്ലാവരേയും കാണിക്കും' 'എന്റെയൊരു പാസ്പോർട്ട് സൈസ് ഫോട്ടോ ഗോപിയുടെ കൈവശമുണ്ട്. അത് ആരെയെങ്കിലും കാണിച്ചാൽത്തന്നെ എന്താ?' അവൾ ചോദിച്ചു.

പക്ഷേ, അവൻ ഒതുക്കത്തിൽ അവളെ ഒരു ഫോട്ടോ കാണിച്ചു. ഒരു ഫുൾസൈസ് ഫോട്ടോ. അത് രാധികയുടെ പൂർണനഗ്നമായ ഒരു ഫോട്ടോ ആയിരുന്നു. അവൾ നടുങ്ങിപ്പോയി. ഈശ്വരാ, ഇതെങ്ങനെ സംഭവിച്ചു.

അവൾ പരിഭ്രാന്തിയിൽ കിടുകിടാ വിറച്ചു.

'ക്യാമറക്കണ്ണുകൾ ഈ കമ്പ്യൂട്ടർ യുഗത്തിൽ നീയറിയാതെ ഏതു പാതാളംവരെയും എത്തും." അവൻ ഒരു ജേതാവിനെപ്പോലെയാണ് പറഞ്ഞത്.

രാധിക ഭയചകിതയായി. ആ നഗ്നചിത്രം ആരെയും കാണിക്കാതിരിക്കാൻ പിറ്റേന്ന് ആവശ്യപ്പെട്ട ആയിരം രൂപ കൂട്ടുകാരികളോടുകൂടി വാങ്ങി അവൾ ഗോപിക്കു കൊടുത്തു.

പിന്നെ ഗോപിക്ക് സൗഹൃദഭാവമില്ല ഭീഷണിയുടെ സ്വരമായിരുന്നു. പിന്നെയും നഗ്നഫോട്ടോ വീട്ടുകാരുടെയും കൂട്ടുകാരികളുടെയുമിടയിൽ പരസ്യപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി പലവട്ടം രാധികയോട് പണം ആവശ്യപ്പെട്ടു.

ചിലപ്പോഴൊക്കെ അവൾ പണം സംഘടിപ്പിച്ചു നൽകുകയും ചെയ്തു. ഒരുദിവസം അവൻ രാധികയെ പട്ടണത്തിലെ ഒരു ഹോട്ടൽ മുറിയിലേക്കു ക്ഷണിച്ചു. വന്നില്ലെങ്കിൽ നഗ്നചിത്രം കാട്ടി അപമാനിക്കുമെന്നു ഭീഷണിപ്പെടുത്തി. രാധിക ആകെ കുഴപ്പത്തിലായി. അവളുടെ പരിഭ്രാന്തിയും വിഷാദവും മുഖത്തും പ്രകടമായിരുന്നു. ഭാഗ്യത്തിന് മകളുടെ ഭാവവ്യത്യാസം അമ്മ കണ്ടറിഞ്ഞു. അവർ ചോദിച്ചപ്പോൾ ഒരു പൊട്ടിക്കരച്ചിലോടെ രാധിക എല്ലാം തുറന്നുപറഞ്ഞു.

കമ്പ്യൂട്ടർ സഹായത്തോടെ വ്യാജ നഗ്നചിത്രം സംഘടിപ്പിച്ച ഗോപി പോലീസ് കസ്റ്റഡിയിലാകാൻ താമസമുണ്ടായില്ല. ■

---

പ്രണയപാഠാവലി (69)



ഡോ. ആന്റണി ജോസ്




**ഭാ**ര്യയും ഭർത്താവും രണ്ടു മക്കളും, ഭർത്താവിന്റെ മാതാപിതാക്കളുമടങ്ങുന്ന ഒരു കുടുംബം. മൂത്തകുട്ടി സ്കൂളിൽ പോയിത്തുടങ്ങി. ഇളയത് കൈക്കുഞ്ഞാണ്. ഭർത്താവ് ബിസിനസ് ചെയ്യുന്നു. കടുത്ത മത്സരം നേരിടുന്ന മേഖല. ഭാര്യ വീട്ടമ്മ. ഭർത്താവിന്റെ അച്ഛനും അമ്മയ്ക്കും വാർദ്ധക്യസഹജമായ എല്ലാ ബുദ്ധിമുട്ടുകളുമുണ്ട്. ഭാര്യയുടെ മാതാപിതാക്കളും ഏതാണ്ടൊക്കെ ഇതേ അവസ്ഥയിലാണ്.

ഈ കുടുംബപശ്ചാത്തലത്തിൽ, വീട്ടുകാരനും ഭാര്യയ്ക്കും ഉണ്ടാകുന്ന ഉത്തരവാദിത്വങ്ങൾ ചെറുതല്ല. ആരോഗ്യം, വരുമാനം, വിദ്യാഭ്യാസം, വ്യക്തിബന്ധങ്ങൾ ഇതെല്ലാം സസൂക്ഷ്മം ശ്രദ്ധിച്ചേ മുമ്പോട്ടുപോകാൻ കഴിയൂ. എന്നാൽ, എല്ലാക്കാര്യങ്ങളുംകൂടി ഒരുമിച്ചു കൈകാര്യം ചെയ്യാനാകുമോ? ഇല്ല. അങ്ങനെ വരുമ്പോഴാണ് പ്രാതിനിധ്യപ്പട്ടിക ഉണ്ടാക്കേണ്ടിവരിക. ഏറ്റവും അത്യാവശ്യമുള്ളത് ആദ്യം. ബാക്കിയുള്ളത് പിന്നാലെ.

ഭാര്യാഭർത്താക്കന്മാർ ഉണ്ടാക്കുന്ന പ്രാതിനിധ്യക്രമം ഒരേപോലെയാകണമെന്നില്ല. മേൽപ്പറഞ്ഞ കുടുംബത്തിൽ ഭർത്താവ് ചിട്ടപ്പെടുത്തുന്ന ക്രമം ഇങ്ങനെയാകുന്നു - ബിസിനസ്, ഇളയ കുഞ്ഞ്, മാതാപിതാക്കൾ, ഭാര്യ.

ഭാര്യ അവസാനമായിപ്പോയത് അവളുടെ പെർഫോമൻസ് തീരെ മോശമായതുകൊണ്ടല്ല. അവൾക്കു താനുണ്ടല്ലോ എന്ന ഒരു ഒഴുക്കൻന്യായത്തിന്റെ പുറത്താണ്.

ഇനി ഭാര്യയുടെ പ്രാതിനിധ്യക്രമം നോക്കാം:

ഭർത്താവ്, മക്കൾ, സ്വന്തം മാതാപിതാക്കൾ, ഭർത്താവിന്റെ ജോലിക്കാര്യം - ഇങ്ങനെയാണത്.

ഇരുക്രമങ്ങളും ഒരുവിധത്തിലും പൊരുത്തപ്പെടുന്നതല്ല.

ഭർത്താവ് വിളിച്ചു പറയും: "എന്റെ ബിസിനസ് ടെൻഷനൊന്നും അവൾക്കറിയണ്ടല്ലോ."

"എന്നെക്കുറിച്ചെന്തെങ്കിലും ചിന്തയുണ്ടോ?" അവൾ പരിഭവിക്കും.

പരസ്പരം സന്ധിക്കാത്ത സമാന്തരരേഖകൾ... അവിടെ സംതൃപ്തിയില്ല, സമാധാനവുമില്ല. വ്യക്തിപരമായ യുക്തിവിചാരവും വൈകാരികതയുമാണ് അവരുടെ പ്രാതിനിധ്യങ്ങളെ രൂപപ്പെടുത്തുന്നത്. അവർ ഒന്നായിട്ടില്ല. രണ്ടായിത്തന്നെ നിലകൊള്ളുന്നു. ഒന്നാണെന്നു കപടമായി കരുതുന്നതിനാൽ പരസ്പരം പഴിചാരുന്നു. സ്വന്തം പ്രാതിനിധ്യം ഉത്തമമാണെന്നു ശഠിക്കുന്നു.

ഒരു കാര്യം അനുമാനിക്കാം. അവർക്കിടയിൽ പ്രണയത്തിന്റെ കാന്തവലയമില്ല. സാഹചര്യങ്ങളുടെ സമ്മർദമോ, നിവൃത്തികേടോ ആയിരിക്കാം അവരെ ഒന്നിപ്പിച്ചത്.

പ്രണയസൂര്യൻ ഉദയം ചെയ്യുമ്പോൾ ഉത്തരവാദിത്വങ്ങൾ കൂട്ടുത്തരവാദിത്വമായി മാറുന്നു. താത്പര്യങ്ങളാകട്ടെ ഒരേപോലെ പ്രിയങ്കരവും. ■

---

കാർഷികം

ജോഷി മുഞ്ഞനാട്ട്




'ഫോർ ഓ ക്ലോക്ക് പ്ലാന്റ്' എന്ന് കൊച്ചുകുട്ടികൾക്കുപോലും അറിയാവുന്ന നാലുമണിച്ചെടി ഏത് ഉദ്യാനത്തിനും പുഷ്പസമൃദ്ധി പകർന്നുനല്കും. അരമീറ്ററോളം ഉയർന്നുവരുന്ന ഈ ചെടിയിൽ ഓരോ സായാഹ്നത്തിലും പൂക്കൾ ഇടതിങ്ങി വിരിഞ്ഞു നില്ക്കുന്നത് കാണാൻ നല്ല ഭംഗിയാണ്.

നാലുമണിയാകുമ്പോൾ പുഷ്പസുന്ദരിമാരൊക്കെ മിഴിതുറക്കാൻ പാകത്തിന് പ്രകൃതിതന്നെ അലാം കൊടുത്തുനിർത്തിയ ഉദ്യാനസുന്ദരിയാണ് 'മിറാബിലിസ് ജലാപ്പ്' എന്ന് സസ്യശാസ്ത്രകാരന്മാർ വിളിക്കുന്ന നാലുമണിച്ചെടി.

മാർവെൽ ഓഫ് പെറു, ബ്യൂട്ടി ഓഫ് ദി നൈറ്റ് എന്നൊക്കെ ഇതിനു പേരുണ്ട്. നിറയെ ഇലകളും ശിഖരങ്ങളുമുള്ള കുറ്റിച്ചെടിയാണ് നാലുമണിച്ചെടി. ചെടിച്ചുവട്ടിൽ കിഴങ്ങുണ്ട്. ഇതിന്റെ പൂവ് നീണ്ട് കുഴൽപോലെയിരിക്കും. നേരിയ സുഗന്ധമുള്ള പൂക്കൾ ഒറ്റയ്ക്കോ കൂട്ടായോ ഉണ്ടാകും. പൂക്കൾക്ക് ചുവപ്പോ, മജന്തയോ, പിങ്കോ, മഞ്ഞയോ, വെള്ളയോ നിറമാകാം. ചിലപ്പോൾ ഒന്നിലേറെ നിറമുള്ള പൂക്കൾ ഒരേ ചെടിയിലുണ്ടാവും. ഇരട്ടനിറമുള്ള പൂക്കളും വിടരാറുണ്ട്. വേനലായാലും വർഷമായാലും ചെടിയിൽ നിറയെ പൂക്കളുണ്ടാകും. ഉച്ചതിരിഞ്ഞ് നാലുമണിയോടെ വിടരുന്ന പൂക്കൾ രാത്രി മുഴുവൻ വിടർന്നുനിൽക്കും. രാവിലെയാകുമ്പോൾ കൂമ്പുകയും ചെയ്യും.

ദക്ഷിണ അമേരിക്കയാണ് നാലുമണിച്ചെടിയുടെ ജന്മസ്ഥലം. ബൊഗെയിൻവില്ല എന്ന കടലാസുചെടി ഉൾപ്പെടുന്ന സസ്യകുലമായ നിക്റ്റാജിനേസിയിലെ അംഗമാണ് നാലുമണിച്ചെടി. ഏതാണ്ട് എല്ലാത്തരം മണ്ണിലും ചെടി വളരും. ഏറ്റവുമധികം പൂക്കൾ വിടർത്തുന്നത് നല്ല സൂര്യപ്രകാശം കിട്ടുന്ന സമയത്താണ്. ഭാഗികമായ തണലത്തും ചെടി തരക്കേടില്ലാതെ വളരും.

ചെടിച്ചട്ടിയിലോ തടത്തിലോ ഇതു വളർത്താം. വിത്തുപാകിയും ചുവട്ടിലെ കിഴങ്ങുനട്ടും ചെടി വർധിപ്പിക്കാം.

തേൻ കുടിക്കാൻ എത്തുന്ന കിളികളുടെയും നിശാശലഭങ്ങളുടെയും ആകർഷണകേന്ദ്രമാണ് നാലുമണിച്ചെടി.

നാലുമണിച്ചെടിക്ക് സവിശേഷമായ ചില ഔഷധസിദ്ധികളുണ്ട്. ഇതിന്റെ വേരിന് ഔഷധമേന്മയുണ്ട്. വ്രണങ്ങൾ ഉണക്കാനുള്ള മരുന്നായും വിരേചനൗഷധമായും തൊലിപ്പുറത്ത്, ചൊറി, ചിരങ്ങ് മുതലയാവ ശമിപ്പിക്കാനും ഇതുപയോഗിക്കാറുണ്ട്. ഒരിക്കൽ നട്ടാൽ ഒരിക്കലും ഉദ്യാനം വിട്ടുപോകാത്ത ഒരു ചെടികൂടിയാണ് നാലുമണിച്ചെടി.

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിംഗ് ഡയറക്ടർ: ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. ജോസഫ് തെരുവിൽ

മനുഷ്യൻ പദ്ധതികൾ വിഭാവനംചെയ്യുന്നു; അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ.
സുഭാഷിതങ്ങൾ 16:1

**എഡിറ്റോറിയൽ**

# കൊവിഡ്‌വ്യാപനം കൂടുതൽ ജാഗ്രത വേണം

രാജ്യത്തു പ്രതിദിനം റിപ്പോർട്ടു ചെയ്യപ്പെടുന്ന കൊവിഡ് രോഗികളുടെ എണ്ണത്തിൽ കേരളം ഒന്നാംസ്ഥാനത്ത്. രോഗം റിപ്പോർട്ടു ചെയ്ത് ഒരു വർഷത്തോളമായിട്ടും, പ്രതിദിനമുള്ള രോഗികളുടെ എണ്ണം കുറയുകയല്ല, കൂടുകയാണെന്ന വസ്തുത ആരോഗ്യവകുപ്പിനെ ആശങ്കയിലാക്കുന്നു. ജനജീവിതം സാധാരണനിലയിലായതോടെ തുടക്കത്തിലുണ്ടായിരുന്ന ജാഗ്രത കൈവിട്ടതാണു രോഗവ്യാപനത്തിന്റെ തോതുയരാൻ കാരണമെന്നു വിലയിരുത്തപ്പെടുന്നു. ആകെ രോഗം ബാധിച്ചവരുടെ എണ്ണത്തിൽ ദേശീയതലത്തിൽ കേരളം നാലാമതാണ്. മഹാരാഷ്ട്ര, കർണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് കേരളത്തിനു മുകളിലുള്ളത്.

രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് കൊവിഡ് നിയന്ത്രണങ്ങൾ കർശനമാക്കുമെന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കൊവിഡ് അവലോകന യോഗത്തിൽ തീരുമാനം. നിയന്ത്രണങ്ങളിലെ അയവും ജാഗ്രതക്കുറവുമാണ് വ്യാപനത്തിനു കാരണമെന്ന് യോഗം വിലയിരുത്തി. നിരീക്ഷണത്തിനു പോലീസിനോടൊപ്പം സെക്ടറൽ മജിസ്ട്രേറ്റുമാർ അധികമായുണ്ടാകും. ടെസ്റ്റുകളുടെ എണ്ണം പ്രതിദിനം ഒരു ലക്ഷമായി വർദ്ധിപ്പിക്കും. ഇതിൽ 75 % ആർ.ടി.പി സി.ആർ. പരിശോധനയായിരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്തു പരിശോധന സ്ഥിരീകരണനിരക്ക് (ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ്) 1.78 ശതമാനത്തിൽ നില്ക്കുമ്പോൾ കേരളത്തിൽ നിലവിൽ അതു പത്തു ശതമാനത്തിൽ താഴെയാണ്. പരിശോധനയിൽ കേരളം രാജ്യത്ത് പത്താം സ്ഥാനത്താണ്. 75% ആന്റിജനും 25 % ആർടിപിസിആർ പരിശോധനയുമാണ് നിലവിൽ കേരളത്തിലുള്ളത്. ആന്റിജൻ പരിശോധനാഫലത്തിന്റെ കൃത്യത ചോദ്യം ചെയ്യപ്പെടുന്നു. ആന്റിജൻ പരിശോധനയിൽ നെഗറ്റീവാകുന്നവരെ കൂടുതൽ കൃത്യതയുള്ള ആർടിപിസിആർ പരിശോധനയ്ക്കുകൂടി വിധേയമാക്കുമെന്ന് 2020 ഒക്ടോബർ 7 ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചെങ്കിലും നടപ്പാക്കിയില്ല.

കൊവിഡ് രോഗിയായി മുദ്ര ചാർത്തപ്പെടാൻ താത്പര്യമില്ലാത്തതുകൊണ്ടു ടെസ്റ്റിനു വിധേയരാകുന്നവരുടെ എണ്ണത്തിൽ വലിയ കുറവാണുള്ളത്. വിധേയരാകുന്നവരിൽത്തന്നെയും ടെസ്റ്റ് ആന്റിജനായതിനാൽ (75% പേർക്കും) രോഗം സ്ഥിരീകരിക്കാനാവാതെയും വരുന്നു. ഇങ്ങനെ രോഗനിർണയത്തിലുള്ള പാകപ്പിഴകൾ രോഗവ്യാപനത്തിനു കാരണമാകുന്നുണ്ട്. ഇപ്രകാരമൊരു സാഹചര്യത്തിൽ, ടെസ്റ്റുകളുടെ എണ്ണം പ്രതിദിനം ഒരു ലക്ഷമായി വർദ്ധിപ്പിക്കാനും അതിൽ 75 % ആർടിപിസിആർ പരിശോധനയാക്കാനും മുഖ്യമന്ത്രിയെടുത്ത പുതിയ തീരുമാനം ശ്ലാഘനീയമാണ്. ഇനി, നിർദ്ദേശം നടപ്പിലാക്കാനുള്ള ഇച്ഛാശക്തി സർക്കാരിനും ആരോഗ്യമന്ത്രാലയത്തിനും ഉണ്ടാകണമെന്നു മാത്രം.

തമിഴ്നാട്ടിൽ സർക്കാർതലത്തിൽ ആർടിപിസിആർ പരിശോധന മാത്രമേ നടത്തുന്നുള്ളൂ. കർണാടകയിലും കൂടുതൽ കേസുകളിലും ആർടിപിസിആർ പരിശോധനയാണുള്ളത്. രാജ്യത്ത് വാക്സിനുകൾ വിതരണം ചെയ്തുതുടങ്ങിയിട്ടും കേരളത്തിൽ കൊവിഡ് കേസുകൾ ആയിരത്തിൽ താഴെയെത്താൻ ജൂലൈ വരെ കാത്തിരിക്കണമെന്ന ആരോഗ്യവകുപ്പിന്റെ നിഗമനത്തിൽ ആശങ്കകളില്ലാതില്ല; ജാഗ്രതക്കുറവിന്റെ സൂചനകളും.

സംസ്ഥാനത്ത് കൂടുതൽ പേർക്കും കൊവിഡ് ബാധിക്കുന്നത് വീടുകളിൽനിന്നു തന്നെയെന്നാണ് പഠനറിപ്പോർട്ട്. 56 % പേർക്കും രോഗം ബാധിക്കുന്നത് വീടുകളിൽനിന്നാണ്. 20 % പേർക്ക് തൊഴിലിടങ്ങളിൽനിന്നും. മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, റെസ്റ്റോറന്റുകൾ എന്നിവ വഴിയും 20% പേർക്ക് രോഗബാധയുണ്ടാകുന്നു. കുട്ടികളിൽ അഞ്ചുശതമാനം പേർക്ക് വിദ്യാലയങ്ങളിൽനിന്നും 47 % പേർക്ക് വീടുകളിൽനിന്നുമാണ് രോഗം പടരുതെന്നാണ് റിപ്പോർട്ട്. തിരുവനന്തപുരം മെഡിക്കൽ കോളജിലെ കമ്യൂണിറ്റി മെഡിസിൻ വിഭാഗം നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തൽ.

വീടുകൾ 'ഹോട്സ്പോട്ടു'കളായി വരുന്നത് ആശങ്കാജനകമാണ്. വീടിനകത്തേക്ക് വൈറസുകളെത്തുന്നത് പുറത്തുനിന്നുതന്നെയാണ്. മനുഷ്യർ തമ്മിലുള്ള ഇടപെടലുകളിലും യാത്രകളിലും യാതൊരു നിയന്ത്രണവും പാലിക്കാതായാൽ രോഗസംക്രമണം കൂടുകയും അതു വീട്ടകങ്ങളെ രോഗാതുരമാക്കുകയും ചെയ്യും. മാത്രമല്ല, മാസ്കും ആളകലവുമൊന്നും സാധാരണയായി വീടുകളിൽ പരിഗണനയ്ക്കെടുക്കുന്നുമില്ല. പ്രായമായ മാതാപിതാക്കളും തീവ്രരോഗികളും കുഞ്ഞുങ്ങളുമൊക്കെയുള്ള നമ്മുടെ വീടുകളെ കൊവിഡ് രോഗബാധയിൽനിന്നു പരിരക്ഷിക്കേണ്ടത് വീട്ടിലെ ഓരോ അംഗത്തിന്റെയും ഉത്തരവാദിത്വമായി മാറണം. പുറത്തുനിന്ന് കൊറോണാവൈറസുകളെ അകത്തു കടത്താതിരിക്കാൻ ഉയർന്ന ജാഗ്രത പാലിക്കണമെന്നു സാരം. സർക്കാരോ ആരോഗ്യവകുപ്പോ പോലീസോ നിർദ്ദേശിച്ചിട്ടോ അവരെ പേടിച്ചിട്ടോ ആവരുത് നമ്മുടെ നിയന്ത്രണങ്ങളും പ്രതിരോധപ്രവർത്തനങ്ങളും. സ്വയം പ്രതിരോധവും ആത്മനിയന്ത്രണവുമാണ് കൊറോണയെന്നല്ല, എല്ലാ വൈറസുകളെയും തുരത്താനുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്നോർക്കുന്നതു നന്ന്.

1–ാം പേജ് തുടർച്ച

# കർഷകവണ്ടികൾ ദിശമാറുമ്പോൾ

**മുഖം തിരിച്ചു സർക്കാർ**

ഇപ്പോൾ നടക്കുന്ന കർഷകപ്രക്ഷോഭത്തോട് തുടക്കത്തിലേതന്നെ മുഖം തിരിച്ചു നിൽക്കാനാണു കേന്ദ്ര സർക്കാർ തുനിഞ്ഞത്. അത് ഒരു ജനാധിപത്യഭരണക്രമത്തിനു ചേരുന്നതല്ല. ഏതു വിഭാഗത്തിന്റെയും ആവശ്യങ്ങളോട്, അത് എത്രകണ്ട് അന്യായമാണെങ്കിൽപ്പോലും ചെവികൊടുക്കാനെങ്കിലും തയ്യാറാവേണ്ടതല്ലേ? അതിനു പകരം തങ്ങൾ പാസാക്കിയെടുത്ത മൂന്നു നിയമങ്ങളും ഒരു കാരണവശാലും പിൻവലിക്കില്ലെന്ന നിലപാടിലായിരുന്നു കേന്ദ്രം. മൂന്നു കാർഷികനിയമങ്ങളും പിൻവലിച്ചാലല്ലാതെ പ്രക്ഷോഭത്തിൽനിന്നു പിന്മാറുന്നതല്ലെന്ന ഉറച്ച നിലപാടിൽ കർഷകസംഘടനകളും നിലയുറപ്പിച്ചു.

**ആശങ്ക അകറ്റണം**

മേധാ പട്കർ ചൂണ്ടിക്കാട്ടുന്നതുപോല പുതിയ മൂന്നു കാർഷികനിയമങ്ങൾ കാർഷികമേഖലയുടെ കോർപറേറ്റ്‌വത്കരണത്തിനും പുതിയ ജന്മിത്വസൃഷ്ടിക്കും ഹേതുവാകുമെന്ന ആശങ്ക രാജ്യത്തെ കർഷകസമൂഹത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ ആശങ്ക അകറ്റാൻ സർക്കാരിനാകുന്നില്ല. അങ്ങനെയെങ്കിൽ എന്തിനിത്ര ധൃതിപ്പെട്ടു നിയമനിർമാണം നടപ്പാക്കുന്നുവെന്നു സുപ്രീംകോടതിപോലും ചോദിക്കുന്നു.

**മുതലെടുപ്പു വേണ്ട**

കാർഷികമേഖലയിൽ നിലവിൽത്തന്നെ ഇടനിലക്കാരുണ്ടെന്നും അവരാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്കു പിന്നിലുള്ളതെന്നുമുള്ള ആരോപണം മറുഭാഗം ഉന്നയിക്കുന്നുണ്ട്. എന്നാൽ, ഈ ഇടനില മുതലെടുപ്പിന് നിയമസാധുത നൽകി കർഷകരെ ഊരാക്കുടുക്കിലാക്കാനുള്ള ശ്രമമാണിപ്പോൾ നടക്കുന്നതെന്നാണതിനു നൽകുന്ന മറുപടി. ഇതിനിടെ ചൈന, പാക്കിസ്ഥാൻ, ഖാലിസ്ഥാൻ തുടങ്ങിയ വിഷയങ്ങളും ഇതിനിടയിലേക്കു വലിച്ചിടാൻ ശ്രമം നടക്കുന്നുണ്ട്. അസ്വസ്ഥത പുകയുമ്പോൾ തത്പരകക്ഷികളെല്ലാം മുതലെടുപ്പിനു ശ്രമിക്കുമെന്നുള്ളതു സാധാരണ തത്ത്വം തന്നെ. അതിവിടെയും ഉണ്ടാകാം. അതിനെ സമർഥമായി നേരിടേണ്ടതുണ്ട്. പക്ഷേ, ഇത്തരം കാരണങ്ങൾ പറഞ്ഞ് അടിസ്ഥാന കാർഷികപ്രശ്നങ്ങളെ ലഘൂകരിക്കാനോ വിഷയം വഴിതിരിച്ചുവിടാനോ ശ്രമിക്കരുത്.

**കർഷകരെ മറക്കരുത്**

കാർഷികോത്പന്നങ്ങൾക്ക് കുറഞ്ഞ താങ്ങുവില എന്നത് എത്രയോ ന്യായമായ ആവശ്യമാണ്. അത്തരം ആവശ്യങ്ങളോടുപോലും മുഖംതിരിക്കുന്നതു ക്രൂരമാണ്. കൃഷിഭമിയുടെ ഉടമസ്ഥനും കൃഷി ചെയ്യുന്നവരും മാറി നിൽക്കട്ടെ, കോർപറേറ്റുകളും ഇടനിലക്കാരും കാര്യങ്ങൾ തീരുമാനിക്കട്ടെ എന്നു പറയുന്നത് അനീതിയാണ്. കർഷകരെ മറന്നൊരു നിലപാട് ഇന്ത്യയ്ക്ക് ഒരിക്കലും ഗുണം ചെയ്യില്ല.

# ഫാ. സ്റ്റാൻസ്വാമി തടവിലായിട്ട് 100 ദിവസം പിന്നിടുന്നു



ന്യൂഡൽഹി: മാവോയിസ്റ്റ് ബന്ധം ആരോപിച്ചു ദേശീയ അന്വേഷണ ഏജൻസി അറസ്റ്റു ചെയ്ത വയോധികനായ ജെസ്യൂട്ട് വൈദികൻ ഫാ. സ്റ്റാൻ സ്വാമി മുംബൈയിലെ തലോജ സെൻട്രൽ ജയിലിൽ നൂറു ദിവസം തടവു പിന്നിട്ടിട്ടും മോചനം അകലെ. പാർക്കിൻസൺസ് രോഗബാധിതനും ക്ഷീണിതനുമായിട്ടും 83 വയസു കഴിഞ്ഞ ഫാ. സ്റ്റാൻസ്വാമിയുടെ പരാതികളെല്ലാം സഹതടവുകാരുടെ ദയനീയാവസ്ഥയെക്കുറിച്ചു മാത്രം.

'കൂട്ടിലടച്ചാലും ഒരു പക്ഷിക്കു പാടാൻ കഴിയും'. സുഹൃത്തുക്കൾക്കും മനുഷ്യാവകാശസംഘടനകൾക്കും പിന്തുണ നൽകിയവർക്കുമായി ജയിലിൽനിന്ന് എഴുതിയ കത്തിൽ ഫാ. സ്റ്റാൻ സ്വാമി ഓർമിപ്പിച്ചു. കൈ വിറയ്ക്കാതെ ഒരു ഗ്ലാസ് വെള്ളം പോലും കുടിക്കാൻ കഴിയാത്ത അദ്ദേഹം വളരെ ബുദ്ധിമുട്ടി സ്വന്തം കൈപ്പടയിലാണു ജനുവരി 22ന് കത്തയച്ചത്. സഹതടവുകാരുടെ സഹായത്തെക്കുറിച്ചു പറയാനായി രണ്ടു കത്തുകൾ നേരത്തേ ഈശോസഭാംഗങ്ങളായ ചില സഹപ്രവർത്തകർക്ക് ഇദ്ദേഹം അയച്ചിരുന്നു.

കേരളത്തിൽ ജനിച്ചുവളർന്ന ഫാ. സ്റ്റാൻ സ്വാമി അഞ്ചു പതിറ്റാണ്ടായി ജാർഖണ്ഡിലെ ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടിയും മനുഷ്യാവകാശങ്ങൾക്കുവേണ്ടിയും ശബ്ദമുയർത്തികൊണ്ടിരിക്കുന്ന വ്യക്തിയാണ്. ഓപ്പറേഷൻ ഗ്രീൻ ഹണ്ട് അടക്കം മാവോയിസ്റ്റുകളെ സായുധമായി നേരിടുന്ന നടപടികൾക്കെതിരേ അദ്ദേഹം മുന്നോട്ടുവന്നിരുന്നു. പാർക്കിൻസൺ രോഗിയായതിനാൽ ജയിലിൽ പലതവണ വീണുവെന്നും രണ്ടുതവണ ഹെർണിയയ്ക്കു ശസ്ത്രക്രിയ ചെയ്യേണ്ടിവന്നുവെന്നും സ്റ്റാൻ സ്വാമി നേരത്തേ ജാമ്യാപേക്ഷയിൽ പറഞ്ഞിരുന്നുവെങ്കിലും കോടതി ഇതുവരെ അനുകൂല നടപടിയെടുത്തിട്ടില്ല.

# റവ. ഡോ. ജോജോ വരകുകാലായിൽ ചെറുപുഷ്പസഭ സുപ്പീരിയർ ജനറൽ



തൃക്കാക്കര: ചെറുപുഷ്പ സന്ന്യാസസഭയുടെ സുപ്പീരിയർ ജനറലായി റവ. ഡോ. ജോജോ വരകുകാലായിലിനെ തിരഞ്ഞെടുത്തു. ആലുവ ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയുടെ പ്രസിഡന്റും, തത്ത്വശാസ്ത്രപ്രഫസറുമായി സേവനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫാ. ജോർജ് ആറാഞ്ചേരി, ഫാ. ജോൺ കപ്യാരുമലയിൽ, ഫാ. അനീഷ് അങ്ങാടിയത്ത്, ഫാ. ജീവൻ തുണ്ടിയിൽ എന്നിവരെ കൗൺസിലർമാരായും ഫാ. ടിയോ കൊച്ചുകാവുംപുറത്തിനെ ഓഡിറ്റർ ജനറലായും തിരഞ്ഞെടുത്തു.




# മെഡിറ്ററേനിയന്റെ മുത്ത്



പ്രഫ. ചാണ്ടി സഖറിയാസ്

**വി**ശുദ്ധ നാടുകളിലേക്കുള്ള തീർഥാടനയാത്രകൾ സാധാരണ ജോർദ്ദാൻവഴിയാണ് ഇസ്രായേലിൽ എത്തുന്നത്. എന്നാൽ, ചിലപ്പോൾ ആ യാത്രകൾ തിരിച്ചുപുറപ്പെടുന്നത് ഈജിപ്തിലെ അലക്സാണ്ട്രിയ വഴിയാണ്. മഹാനായ അലക്സാണ്ടർ ബി.സി. 331 ൽ



അലക്സാണ്ടർ

സ്ഥാപിച്ച നഗരമാണ് പിന്നീട് ആയിരം കൊല്ലം ഈജിപ്റ്റിന്റെ തലസ്ഥാനമായിരുന്നത്. മെഡിറ്ററേനിയൻ കടൽത്തീരത്തു നൈൽനദിയുടെ ഡൽറ്റയിൽ സ്ഥിതിചെയ്യുന്ന നഗരം മെഡിറ്ററേനിയന്റെ മുത്ത് എന്നാണ് അറിയപ്പെട്ടിരുന്നത്. ഗ്രീക്കുകാരനായ അലക്സാണ്ടറുടെ പ്രധാന ആർക്കിടെക്ട് ആയിരുന്ന ഡിനോക്രാറ്റസ് ആണ് നഗരത്തിന്റെ പ്രധാന ശില്പി. അദ്ദേഹം അലക്സാണ്ടറുടെ സാങ്കേതികോപദേഷ്ടാവുംകൂടിയായിരുന്നു. അലക്സാണ്ടറെ സംസ്കരിച്ച സ്ഥലമെന്ന പ്രത്യേകതയും അലക്സാണ്ട്രിയായ്ക്കുണ്ട്.

പിന്നീട്, ടോളമി ഒന്നാമൻ നഗരത്തെ ഈജിപ്തിന്റെ തലസ്ഥാനവും ടോളമിവംശത്തിന്റെ ആസ്ഥാനവുമായി മാറ്റി. അലക്സാണ്ട്രിയ പിന്നീട് മെഡിറ്ററേനിയൻതീരത്തെ സിൽക്ക് റൂട്ടിലുള്ള ഒരു പ്രധാന കണ്ണിയായി മാറി. അതു ലോകത്തിലെതന്നെ പഠനത്തിന്റെയും ഗവേഷണത്തിന്റെയും വ്യാപാരത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രമായി മാറി. ഈജിപ്തിന്റെയും മെഡിറ്ററേനിയൻ പ്രദേശത്തിന്റെയും കിഴക്കൻ യൂറോപ്പിന്റെയും വ്യാപാരങ്ങൾ നിയന്ത്രിച്ചിരുന്നത് അലക്സാണ്ട്രിയയാണ്. അന്ന് അലക്സാണ്ട്രിയയെ വെല്ലാൻ റോം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

റോമാക്കാരുടെ ആക്രമണത്തിനുശേഷം കുറെനാൾ അത് ഒരു ക്രിസ്ത്യൻ കേന്ദ്രവും കൂടിയായിരുന്നു. 640 എ.ഡി. യിലെ അറബികളുടെ വരവോടുകൂടിയാണ് ക്രിസ്തുമതത്തിന്റെ പ്രാധാന്യം നഷ്ടപ്പെട്ടത്. എങ്കിലും കെയ്റോയിലും അലക്സാണ്ട്രിയയിലും ഇപ്പോഴും ഒരു ചെറിയ ക്രൈസ്തവസമൂഹത്തെ കാണാൻ സാധിക്കും. അറബികളുടെ ആക്രമണകാലം വരെ അലക്സാണ്ട്രിയ ഈജിപ്റ്റിന്റെ തലസ്ഥാനമായിത്തുടർന്നു. പിന്നീടു തലസ്ഥാനം കെയ്റോ ആയി.

ഇന്ത്യയിൽനിന്നും മറ്റുമുള്ള സുഗന്ധദ്രവ്യങ്ങൾ എത്തിയിരുന്നത് ഇവിടെയാണ്. പോർട്ടുഗീസുകാർ ഇന്ത്യയിലേക്കും മറ്റും ആഫ്രിക്ക ചുറ്റി മറ്റൊരു വഴി കണ്ടെത്തുന്നതുവരെ ആ സ്ഥലത്തിന്റെ പ്രാധാന്യം നിലനിന്നു. ഹീബ്രു ബൈബിൾ ഗ്രീക്കിലേക്ക് ആദ്യമായി തർജമ ചെയ്യപ്പെട്ടത് ഇവിടെവച്ചാണ്.

ഇന്നത്തെ അലക്സാണ്ട്രിയയുടെ ജനസംഖ്യ ഏകദേശം 52 ലക്ഷമാണ്. നല്ലൊരു ടൂറിസ്റ്റുകേന്ദ്രവും വ്യാപാരകേന്ദ്രവുമാണിത്. ഈജിപ്റ്റോളജിയോടു ബന്ധപ്പെട്ട പല ഗവേഷണങ്ങളും നടക്കുന്ന സ്ഥലമാണ്. ഒരു തുറമുഖനഗരംകൂടിയാണ് അലക്സാണ്ട്രിയ.

## അലക്സാണ്ട്രിയയിലെ ലൈറ്റ് ഹൗസ്

അലക്സാണ്ട്രിയയിലെ ഫറോസ് ദ്വീപിലാണ് പ്രാചീന ലോകാദ്ഭുതങ്ങളിൽ ഒന്നായ ലൈറ്റ് ഹൗസ് നിലയുറപ്പിച്ചിരുന്നത്. വെള്ള മാർബിളിൽ ആകാശത്തേക്കു തലയുയർത്തി നിന്നിരുന്ന ലൈറ്റ് ഹൗസ് ടോളമി രണ്ടാമന്റെ കാലത്താണ് നിർമിച്ചത്. അദ്ദേഹത്തിന്റെ സുഹൃത്തും ഗ്രീക്ക് ആർക്കിടെക്ടും എൻജിനീയറുമായിരുന്ന സോസാട്രസ് ഓഫ് സ്നിഡസ് ആണ് ഇതിന്റെ പ്ലാനും ഡിസൈനും നല്കിയത്. അലക്സാണ്ട്രിയ തുറമുഖത്തേക്കു വരുന്ന കപ്പലുകൾക്കും വഴികാട്ടിയായിരുന്നു ഈ പ്രകാശത്തിന്റെ ഗോപുരം. 400 അടി ഉയരത്തിലുള്ള ലൈറ്റ് ഹൗസിന്റെ മുകളിലുള്ള നിലയിൽനിന്ന് ഉയർന്നിരുന്ന അഗ്നിജ്വാലകൾ ചുറ്റുംവച്ചിരുന്ന ബ്രോൺസ് (ഓട്) കണ്ണാടികളിൽ തട്ടി 50 മൈൽവരെ അകലത്തിലേക്കു പ്രൊജക്ടു ചെയ്യപ്പെട്ടിരുന്നു. ഈ വെങ്കലക്കണ്ണാടികൾ ഗ്രീക്കു ഗണിതശാസ്ത്രപണ്ഡിതനും ശാസ്ത്രജ്ഞനും എൻജിനീയറുമായിരുന്ന ആർക്കമെഡീസാണു നിർമിച്ചതെന്നും പറയപ്പെടുന്നു. പകൽസമയത്ത് ഏറ്റവും മുകളിലുള്ള സൂയസ് പ്രതിമയ്ക്കു ചുറ്റും ഉയർന്നിരുന്ന പുകച്ചുരുളുകൾ ഒരു മുന്നറിയിപ്പായി കാണപ്പെട്ടിരുന്നു.



അലക്സാണ്ട്രിയയിലെ ലൈറ്റ് ഹൗസ്

വൻകരയിൽനിന്നു ഫറോസ് ദ്വീപിലേക്ക് ഒരു വൻകപ്പൽപ്പാത അലക്സാണ്ടറുടെ കാലത്ത് നിർമിക്കപ്പെട്ടിരുന്നു. ഫറോസ് എന്ന വാക്കിന്റെ അർഥം ലൈറ്റ് ഹൗസ് എന്നാണ്. 1375 ലെ ഒരു വൻഭൂമികുലുക്കം ഈ പ്രകാശഗോപുരത്തെ തകർത്തെറിഞ്ഞുകളഞ്ഞു. പിന്നീടുണ്ടായ ഭൂമികുലുക്കങ്ങളും സുനാമികളും ലൈറ്റ് ഹൗസിനെയും ചുറ്റുപാടുകളെയും പൂർണമായി കടലിനടിയിലാക്കിക്കളഞ്ഞു.

1996 ൽ ഫ്രഞ്ചുഗവേഷകർ ലൈറ്റ് ഹൗസിലുണ്ടായിരുന്ന പ്രതിമകളും മറ്റും വീണ്ടെടുക്കുകയുണ്ടായി. അന്നത്തെ



കാലത്ത് അതിന്റെ ചെലവ് 800 താലന്ത് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് ഒരു മോഡേൺ ലൈറ്റ് ഹൗസ് പണിതുയർത്താനുള്ള ശ്രമത്തിലാണ് അലക്സാണ്ട്രിയ.

## അലക്സാണ്ട്രിയയിലെ ലോകപ്രശസ്ത ലൈബ്രറി

മ്യൂസെ ദേവതയുടെ പേരിൽ ടോളമി ഒന്നാമൻ സ്ഥാപിച്ച മൗസിയോൻ എന്ന റിസേർച്ച് സ്ഥാപനത്തിന്റെ ഭാഗമായിട്ടായിരുന്നു ലൈബ്രറി പ്രവർത്തിച്ചിരുന്നത്. മെഡിറ്ററേനിയന്റെ സാംസ്കാരികതലസ്ഥാനമായിരുന്ന അലക്സാണ്ട്രിയയിലെ ലൈബ്രറി അന്ന് ഭുവനപ്രസിദ്ധമായിരുന്നു. അരിസ്റ്റോട്ടിലിന്റെയും ഹോമർ, പ്ലേറ്റോ എന്നിവരുടെയുമുൾപ്പെടെ ഗ്രീക്കു ഗ്രന്ഥങ്ങളുടെ ഒരു വൻശേഖരം അവിടെയുണ്ടായിരുന്നു. ഇവ പാപ്പിറസ് ചുരുളുകളായിട്ടാണ് സൂക്ഷിച്ചിരുന്നത്. ഒരവസരത്തിൽ അലക്സാണ്ട്രിയ ലൈബ്രറിയിൽ 40000 മുതൽ 400000 വരെ പാപ്പിറസ് ചുരുളുകൾ ഉണ്ടായിരുന്നു. അറിവിന്റെയും പഠനത്തിന്റെയും കേന്ദ്രമായ ഇവിടെ നൂറോളം പണ്ഡിതർ സ്ഥിരമായി പ്രവർത്തിച്ചിരുന്നു. അതിൽ മഹാന്മാരായ ചിന്തകരും കലാകാരന്മാരും സംഗീതജ്ഞന്മാരും സാഹിത്യകാരന്മാരും ഉണ്ടായിരുന്നു. വിശ്വപ്രസിദ്ധരായ ഹെറോഡോട്ടസ്, പ്ലേറ്റോ മുതലായവർ ഗ്രീസിൽനിന്നു വിജ്ഞാനസമ്പാദനത്തിനായി അവിടെ എത്തിയിരുന്നു. എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള പുസ്തകങ്ങൾ ശേഖരിച്ച് എത്തിക്കുവാൻ ഒരു ക്രമീകരണമുണ്ടായിരുന്നു.

പ്ലേറ്റോ ഏഥൻസിൽ സ്ഥാപിച്ച അക്കാദമി ആയിരുന്നു ലോകത്തിലെ ആദ്യത്തെ യൂണിവേഴ്സിറ്റി. അതു കഴിഞ്ഞാൽ അന്നത്തെ ലോകത്തിൽ എടുത്തുകാണിക്കാവുന്ന ഒരു ആധികാരികപഠനകേന്ദ്രമായിരുന്നു ഈ ലൈബ്രറി. അലക്സാണ്ടറുടെ അറിവിനോടുള്ള അടങ്ങാത്ത ദാഹവും അഭിവാഞ്ഛയുമാണ് ടോളമിക്ക് ഇങ്ങനെയൊരു പഠനകേന്ദ്രം തുടങ്ങാൻ പ്രചോദനം നല്കിയതെന്ന് ന്യായമായി ഊഹിക്കാം. ലൈബ്രറി കോംപ്ലക്സിനു രൂപംകൊടുത്തിരുന്നത് അരിസ്റ്റോട്ടിലിന്റെ ഏഥൻസിലെ ലിസിയം എന്ന വിശ്വോത്തര പഠനകേന്ദ്രത്തിന്റെ മാതൃകയിലായിരുന്നു.

(തുടരും)

---

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## പരീക്ഷണപ്പന്നികൾ



പ്രവേശനപരീക്ഷയുൾപ്പെടെ വർഷാവർഷപ്പരീക്ഷകൾ ജയിച്ചുകഴിഞ്ഞാണല്ലോ ഒരാൾ ഡോക്ടറാവുക.

എന്നുവച്ച് അയാൾ രോഗികളെ പരീക്ഷിക്കേണ്ടതുണ്ടോ? പരിശോധനയുടെ പേരിൽ പല പല പരീക്ഷണങ്ങൾക്കും വിധേയരാകേണ്ടതുണ്ടോ?

കുരങ്ങിൽനിന്നു പരിണമിച്ചു എന്നു പറയപ്പെടുന്ന മനുഷ്യരെ പന്നികളാക്കരുത്, പരീക്ഷണപ്പന്നികൾ!

# മലയാളകവിതയുടെ മണിച്ചിലങ്ക






ഡോ. കുര്യാസ് കുമ്പളക്കുഴി

മലയാളത്തിന്റെ പ്രിയകവി സുഗതകുമാരിയുടെ വേർപാടിന്റെ വേദന ശമിക്കുംമുമ്പേ അവരുടെ ജന്മദിനംകൂടി കടന്നുവന്ന് കാവ്യാസ്വാദകരെ പിന്നെയും കണ്ണീരണിയിച്ചിരിക്കുന്നു. എൺപത്തേഴുവർഷത്തെ സഫലമായ ജീവിതത്തിനൊടുവിൽ ചാരിതാർഥ്യത്തോടെ വിടപറഞ്ഞുപോയ ആ സർഗധനയുടെ ഓർമയ്ക്കുമുമ്പിൽ നന്ദിനിറഞ്ഞ ഹൃദയത്തോടെ ശിരസു നമിക്കാനേ നമുക്കവകാശമുള്ളൂ.

സ്വാനുഭവം മുൻനിർത്തി പറഞ്ഞാൽ, എന്റെ തലമുറയുടെ ഭാവുകത്വം രൂപപ്പെടുത്തിയ കവികൾ രണ്ടുപേരാണ് – ഒ.എൻ.വി.യും സുഗതകുമാരിയും. അവരുടെ കവിതകൾ വായിക്കുകയും ആസ്വദിക്കുകയും ചെയ്തു വളർന്നവരാണു ഞങ്ങൾ. അധ്യാപകജീവിതം തിരഞ്ഞെടുത്ത ഞങ്ങളിൽ പലരും ആ കവിതകൾ പഠിപ്പിച്ചു പുതിയ തലമുറയെ നവലാവണ്യാനുഭവങ്ങളിലേക്കു നയിക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ പിന്തിരിഞ്ഞുനോക്കുമ്പോൾ, ഒരു വസ്തുത എടുത്തു പറയേണ്ടതുണ്ടെന്നു തോന്നുന്നു. മനസ്സിൽ നന്മയുടെ പ്രകാശം പരത്തുന്നവയാണ് രണ്ടുപേരുടെയും കവിതകൾ. വായിക്കുകയും ആസ്വദിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തവരൊക്കെ മനുഷ്യനന്മയുടെ പാലാഴിയിൽ മുങ്ങിനിവരുകയായിരുന്നു.

1961 ൽ പുറത്തുവന്ന 'മുത്തുച്ചിപ്പി'യാണ് സുഗതകുമാരിയുടെ ആദ്യ കവിതാസമാഹാരം. 'സുഗതകുമാരിയുടെ ഈ ഹൃദയംഗമങ്ങളായ കവിതകൾക്കും അവതാരിക വേണമോ?' എന്ന് ആശ്ചര്യംകൊള്ളുന്ന ബാലാമണിയമ്മയുടേതാണ് 'വാത്സല്യദീപ്ത'മായ അവതാരിക. സുഗതകുമാരിയുടെ ഏറ്റവും മനോഹരമായ കവിതയെന്ന് ഒരു വിഭാഗം സഹൃദയർ ഇന്നും വിലയിരുത്തുന്ന 'കാളിയമർദ്ദനം' വായിച്ചുകൊണ്ടാണ് നമ്മൾ സമാഹാരത്തിലേക്കു പ്രവേശിക്കുന്നത്.

അഹന്തയുടെ സഹസ്രസ്ഫണങ്ങൾ വിടർത്തുന്ന ഉന്മാദിയായ മനുഷ്യാത്മാവിന്റെ പ്രതീകമാണു കവിതയിലെ കാളിയൻ. അവന്റെ ആയിരം പത്തികളെയും രക്തം തെറിക്കുംവിധം മർദ്ദിച്ചു നൃത്തം വയ്ക്കുന്ന ഉണ്ണിക്കൃഷ്ണൻ പരമാത്മാവിന്റെ പ്രതീകവും. മലയാളകാവ്യലോകത്തിന് അത്യപൂർവ്വവും അത്യാഹ്ലാദകരവുമായ കാവ്യാനുഭവമാണ് 'കാളിയമർദ്ദനം' സമ്മാനിച്ചത്. ബാലാമണിയമ്മയുടെ ആഹ്ലാദവിവശമായ വാക്കുകളിൽ പ്രതിഫലിക്കുന്നത് ആ അനുഭവം തന്നെയാണ്. 'എന്തൊരു പുതുമ! എന്തൊരഴക്! കാളിയമർദ്ദനത്തിലെ അഹന്താമോചകന്റെ വേദനാകരങ്ങളെങ്കിലും പ്രിയതരങ്ങളായ കാൽച്ചുവടുകൾ വായനക്കാരുടെ മനസ്സിലും മധുരമായൊരു താളക്കൊഴുപ്പോടെ വന്നുവീഴുന്നില്ലേ? ഏതാപത്തിലും ഭഗവത്സ്പർശമനുഭവിക്കുന്ന മഹാമനുഷ്യതയെ ഇത്ര ആലോചനാമൃതമായി മറ്റൊരു മലയാളകവിയും ചിത്രീകരിച്ചതായോർക്കുന്നില്ല.

ശബ്ദവും അർഥവും കാളിന്ദിയിലെ ഓളങ്ങൾപോലെ ഇളകിമറിയുന്നതിനിടയിൽ ഉണ്ണിക്കണ്ണന്റെ പാദങ്ങളിലെ മണിച്ചിലങ്കയുടെ മധുരനാദം വേറിട്ടു കേൾക്കുന്നു. അകമ്പടിയായി കണ്ണന്റെ ഓടക്കുഴലിൽനിന്നുയരുന്ന ദിവ്യഗീതവും. ആസ്വാദകമനസ്സ് അവാച്യമായൊരു ഭാവലയത്തിലേക്കു വഴുതിവീഴുമ്പോൾ തത്വചിന്താഗംഭീരമായ ഒരു തലോടൽകൂടി അനുഭവപ്പെടുകയായി. അത് കാളിയന്റെ ആത്മനിവേദനമാണ്.

"നിറുത്തിടൊല്ലേ നൃത്തം,
　　　　നിർവൃതി
ലയത്തിലാത്മാവലിയുന്നു
മദാന്ധകാരം മാറീലാ, മിഴി
തുറന്നു പൂർണത കണ്ടീലാ,
അന്ധതയാലേ പുണരുംജീവിത
ബന്ധനമൊന്നു
　　　　　　മഴിഞ്ഞീലാ,
അറിഞ്ഞു ഞാനെന്നുള്ളോരീ
　　　　　　വെറു-
മഹന്ത കണ്ണാ, മാഞ്ഞീലാ...."

മനുഷ്യമനസ്സിനെ ഈശ്വരചിന്തയിലേക്കു പ്രത്യാനയിക്കാനും ഈശ്വരാശ്രയബോധത്തിൽ ഉറപ്പിക്കാനും പര്യാപ്തമായ ഈ വരികൾ ഒട്ടേറെ പ്രസംഗങ്ങളിൽ ഉദ്ധരിച്ച് ശ്രോതാക്കളോടു സംവദിക്കാൻ ഞാൻ ശ്രമിച്ചിട്ടുള്ളതും ഓർക്കുന്നു. ഇത്തിരിയെങ്കിലും ചിന്താശേഷിയുള്ളവരെ ആഴത്തിൽ സ്പർശിക്കാനും ചിന്തിക്കാനും ഈ വരികൾക്ക് അന്യാദൃശമായൊരു ലാവണ്യക്ഷമതയുണ്ട്.

നൈസർഗികമായ സർഗശക്തിയുടെ അനർഗളപ്രവാഹമാണു സുഗതകുമാരിയുടെ കവിതകൾ. ഇതു തിരിച്ചറിഞ്ഞ ആസ്വാദകലോകത്തോടൊപ്പം അന്നത്തെ സമുന്നതസാഹിത്യപ്രതിഭകളും കവിയെ നിറമനസ്സോടെ ഉൾക്കൊണ്ടു. അവരുടെ സമാഹാരങ്ങൾക്ക് അവതാരിക കുറിച്ച ഗുരുതുല്യരായ കവികളുടെയും നിരൂപകരുടെയും അനുഗ്രഹവചസ്സുകൾ അതാണു വെളിപ്പെടുത്തുന്നത്.

അറുപതുകളിൽ മലയാളത്തിലെ ഏറ്റവും ആദരണീയനായ കവി ജി. ശങ്കരക്കുറുപ്പായിരുന്നു. സുഗതയുടെ രണ്ടാമത്തെ കവിതാസമാഹാരം 'സ്വപ്നഭൂമി' (1965)യെ അനുഗ്രഹിച്ചയച്ചതു ജി യാണ്. 'ഉഷസ്സ് ആരുടെയും അവതാരികയോടുകൂടിയല്ല പ്രപഞ്ചത്തിലേക്കു കടന്നുവരുന്നത്. ഈ സ്വപ്നഭൂമിക്ക് എന്തിനാണ് ഒരാമുഖം?' എന്നാണദ്ദേഹം വാത്സല്യപൂർവ്വം കുറിച്ചത്. പാതിരാപ്പൂക്കൾക്ക് (1967) എസ്. ഗുപ്തൻ നായരും പാവം മാനവഹൃദയത്തിന് (1968) എൻ.വി. കൃഷ്ണവാര്യരും രാത്രിമഴയ്ക്ക്(1977) എൻ. കൃഷ്ണപിള്ളയും എഴുതിയ അവതാരികകൾ, കാനനച്ചോലയിലൂടെ പതഞ്ഞൊഴുകുന്ന തെളിനീർപ്രവാഹംപോലെ സംശുദ്ധമായ ലാവണ്യാനുഭവം പകരുന്ന സുഗതകുമാരിക്കവിതകൾക്കുള്ള അനുഗ്രഹദായകമായ സാക്ഷ്യങ്ങളാണ്.

സുഗതകുമാരിയുടെ കവിമനസ്സ് താദാത്മ്യംകൊണ്ട ഇതിഹാസപ്രതീകം വൃന്ദാവനത്തിലെ രാധയാണ്. അവിടെ ഒരു



വ്യത്യാസമുള്ളതു പ്രത്യേകം ശ്രദ്ധിക്കണം. അതു വൃന്ദാവനത്തിൽ പ്രേമലീലകളാടിനടന്ന രാധയല്ല. കൃഷ്ണനെ നഷ്ടപ്പെട്ട രാധയാണ്. കംസവധത്തിന് മഥുരയിലേക്ക് അക്രൂരൻ തെളിച്ച അശ്വരഥത്തിൽ കയറിപ്പോയ മുരളീകൃഷ്ണൻ പിന്നീടൊരിക്കലും അമ്പാടിയിലേക്കു മടങ്ങിയില്ല. 'കണ്ണീർനിറഞ്ഞ മിഴിയുമായ്, കാണാത്ത കണ്ണനെത്തേടിനടന്ന രാധ'യായിരുന്നു പിന്നെ അമ്പാടിയിലുണ്ടായിരുന്നത്. ഈ രാധയാണ് സുഗതകുമാരിയുടെ ഉള്ളിൽ കുടിയേറിയത്. അതവർ അവാച്യമായിത്തന്നെ പറഞ്ഞുവച്ചിട്ടുണ്ട്:

ഈ രാധയുള്ളിൽ പ്രതിഷ്ഠിത
　　　　　　മാകയാൽ
തീരാത്ത തേടലാകുന്നു ജന്മം

മഥുരയ്ക്കുപോയ കണ്ണന്റെ രാധയ്ക്കു പിന്നീടെന്തുപറ്റി? കുട്ടിക്കാലംമുതൽക്കേ സുഗതയുടെ മനസ്സിൽ നൊന്തുയർന്നുകൊണ്ടിരുന്ന ഒരു ചോദ്യമാണിത്. കൃഷ്ണനെ പിരിഞ്ഞ രാധയെ സാന്ത്വനിപ്പിക്കുക എളുപ്പമല്ല. കൃഷ്ണസന്നിധിയിലേ അവൾക്കു ശാന്തി ലഭിക്കൂ. ഈ ചോദ്യത്തിന്റെയും ബോധ്യത്തിന്റെയും ഉത്തരം കണ്ടെത്താനുള്ള ശ്രമമാണ് 'രാധയെവിടെ?' എന്ന ദീർഘകാവ്യാഖ്യാനം. "എന്റെയീ രാധയ്ക്ക് അമൃതമായ പ്രേമംതേടി ഉഴലുന്ന സ്ത്രീയുടെ മുഖമാണ്. അനന്തമായ പൂർണത തേടുന്ന മനുഷ്യജീവന്റെ മുഖം ഇതിൽനിന്നു ഭിന്നമല്ലല്ലോ" എന്നു കവി ആമുഖമായി കുറിച്ചിട്ടുണ്ട്.

ഉഴന്നലയുന്ന ഈ അന്വേഷണം നീണ്ടുപോകുമ്പോൾ എത്തിച്ചേരുക മിസ്റ്റിസിസത്തിന്റെ കവാടത്തിലാണ്. സുഗതകുമാരിയുടെ കവിമനസ്സും എത്തിച്ചേർന്നത് അവിടെത്തന്നെയാണ്. ആ കവിതകളിലുടനീളം നിറഞ്ഞുനില്ക്കുന്ന വിഷാദവും നഷ്ടബോധവും ഗൃഹാതുരതയുമെല്ലാം ഇതിന്റെ സൂചനകളാണ്. ഈ തീവ്രാനുഭവത്തിന്റെ ഉദ്ദീപകവിഭാവങ്ങളായി സമകാലികജീവിതത്തിലെ മൂല്യനിരാസവും ഭോഗതൃഷ്ണയും അടങ്ങാത്ത ആർത്തിയും ധർമവിമുഖതയും കൂട്ടുവരികയും ചെയ്തു. അതോടെ നന്മമാത്രം തേടിയുഴറിയ ആ കണ്ണുകളിൽ പരിഭ്രമം നിറഞ്ഞു. ഇതിനു പരിഹാരമെന്ത് എന്നറിയാതെ അവർ വ്യസനത്തിലായി. ഈ മനോഭാവത്തെയാണ് ആർഷസംസ്കാരം ധർമവ്യസനം എന്നു വിളിക്കുന്നത്. സമാദരണീയരായ ഗുരുജനങ്ങളെ മുഴുവൻ ആയുധധാരികളായി ശത്രുപക്ഷത്തു കണ്ട പാർത്ഥൻ കുരുക്ഷേത്രഭൂമിയിൽ തേർത്തടത്തിൽ തളർന്നിരുന്നുപോകാനിടയാക്കിയതും ഈ ധർമവ്യസനമാണ്. ഗീതോപദേശം അർജുനനെ യുദ്ധസജ്ജനാക്കി; കവിധർമം സുഗതകുമാരിയെയും. ഒരു കവിയുടെ ആയുധങ്ങൾ കവിതകളല്ലാതെ മറ്റെന്താണ്?

സുഗതകുമാരിക്കവിതയിൽ കയറ്റിറക്കങ്ങളില്ല. ഒരിക്കലും കവിത അവരുടെ കൈയിൽനിന്നു വഴുതിപ്പോയിട്ടില്ല. 'ഇനിയീ മനസ്സിൽ കവിതയില്ല' എന്ന് 1983 ൽ അവർ പരിഭ്രമംകൊണ്ടെങ്കിലും, കവിത പക്ഷേ, അവരെ വിട്ടുപോകാൻ തയ്യാറായില്ല. അതു തിരിച്ചറിഞ്ഞ കവി തൊട്ടടുത്തവർഷംതന്നെ എഴുതി; 'ഒരു പാട്ടു പിന്നെയും പാടിനോക്കുന്നിതാ' എന്ന്. സമാനഹൃദയർ മുഴുവൻ തന്റെ കവിതയ്ക്കുവേണ്ടി കാതോർക്കുന്നുണ്ടെന്ന് അവർക്കു ബോധ്യമുണ്ടായിരുന്നു.

ഇരുളിൽ തിളങ്ങുമീ പാട്ടു
　　　　കേൾക്കാൻ കൂടെ
മരമുണ്ടു മഴയുണ്ട് കുളിരുമുണ്ട്!
നിഴലുണ്ടു പുഴയുണ്ടു
　　　　തലയാട്ടുവാൻ താഴെ
വഴിമരച്ചോട്ടിലെപ്പുല്ലുമുണ്ട്!
ആരുമില്ലെങ്കിലെന്തായിരം
　　　　കൊമ്പത്തു
താരുണ്ട് താരങ്ങളുണ്ട്
അപ്പാട്ടിലാഹ്ലാദത്തേനുണ്ട്,
　　　　കനിവെഴും
സ്വപ്നങ്ങളുണ്ട്, കണ്ണീരുമുണ്ട്.

ഈ വരികളിൽ സുഗതകുമാരിക്കവിതയുടെ ഉൾത്തുടിപ്പുകളാണു മുഴങ്ങുന്നത്.

സുഗതകുമാരിയിലെ കവിയെയും വ്യക്തിയെയും ഒട്ടൊക്കെ അടുത്തറിയാൻ എനിക്കു കഴിഞ്ഞിട്ടുമുണ്ട്. 1989 ൽ അവരുമായി ഒരുമാസം നീണ്ട ഇടവേളകളിൽ സംസാരിച്ചു തയ്യാറാക്കിയ ദീർഘമായ അഭിമുഖം ദീപിക വാരാന്തപ്പതിപ്പിന്റെ രണ്ടു ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. സ്വന്തം കാവ്യജീവിതത്തെക്കുറിച്ചു കവിയുടെ മനസ്സുതുറന്ന വെളിപ്പെടുത്തലുകൾ നിറഞ്ഞതാണ് ആ മുഖാമുഖം.

1995 ൽ ഞാൻ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായിരിക്കുമ്പോൾ തളിര് ബാലമാസികയുടെ പ്രസാധനത്തിൽ അവരിൽനിന്നു ലഭിച്ച സഹകരണമാണ് മറ്റൊരനുഭവം. ജവഹർ ബാലഭവനിൽനിന്നു സുഗതകുമാരി ചീഫ് എഡിറ്ററായി പ്രസിദ്ധീകരിച്ചിരുന്ന ആ മാസിക പ്രസിദ്ധീകരണം മുടങ്ങിക്കിടക്കുകയായിരുന്നു. മാസികയ്ക്കുണ്ടായിരുന്ന ജനപ്രീതി കണക്കിലെടുത്ത് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റേതായി അതു പുനഃപ്രസാധനം ചെയ്താൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിച്ചു. വിവരമറിഞ്ഞ സുഗതകുമാരി വളരെ സന്തുഷ്ടയായി. മാത്രവുമല്ല, എന്റെ അഭ്യർത്ഥന മാനിച്ച് തളിരിന്റെ ചീഫ് എഡിറ്റർ സ്ഥാനം സ്വീകരിക്കുകയും ഒരു രൂപപോലും പ്രതിഫലം വാങ്ങാതെ എഡിറ്റിംഗ് ജോലി നിർവഹിക്കുകയും ചെയ്തു.

ആ വർഷം നവംബർ 14 ശിശുദിനത്തിലായിരുന്നു തളിരിന്റെ ആദ്യലക്കം പ്രകാശനം ചെയ്തത്. പ്രകാശകൻ മുഖ്യമന്ത്രി എ.കെ. ആന്റണി. സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ പ്രസ് കോൺഫെറൻസ് ഹാളിലായിരുന്നു ചടങ്ങ്. ആ ദിവസത്തിനൊരു പ്രത്യേകതകൂടിയുണ്ട്. കേരളത്തിൽ ചാരായനിരോധനം നടപ്പിലാക്കാൻ അന്നത്തെ മന്ത്രിസഭായോഗമാണ് തീരുമാനമെടുത്തത്. യോഗംകഴിഞ്ഞാണ് മുഖ്യമന്ത്രി വന്നത്. ചടങ്ങിന്റെ തുടക്കത്തിൽ മുഖ്യമന്ത്രി സുഗതകുമാരിയോടു പറഞ്ഞു: "ടീച്ചറേ, കേരളത്തിൽ ചാരായം നിരോധിക്കാനുള്ള തീരുമാനം എടുത്തിട്ടാണ് ഞാൻ വരുന്നത്. 300 കോടി രൂപയുടെ വരുമാനം വേണ്ടെന്നുവച്ചു."

സുഗതകുമാരി എഴുന്നേറ്റ് ഇരുകൈകളും ശിരസ്സിൽവച്ചു പ്രാർഥനാപൂർവ്വം മറുപടി പറഞ്ഞു: "മുഖ്യമന്ത്രിക്കു കേരളത്തിലെ മുഴുവൻ സ്ത്രീകളുടെയും അനുഗ്രഹം ഉണ്ടാകും."

സുഗതകുമാരിയുടെ ദീപ്തസ്മരണയ്ക്കു പ്രണാമം!

■




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി



ജോയിഷ് ജോസ്

# സ്ലാറ്റയുടെ ഡയറിക്കുറിപ്പുകൾ



പ്രിയപ്പെട്ട മിമ്മീ,

പൂക്കാനായി മരങ്ങളില്ല, പക്ഷികളില്ല, കാരണം, യുദ്ധം അവയെ നശിപ്പിച്ചിരിക്കുന്നു. 'വസന്തകാലമാണെങ്കിലും' പക്ഷികളുടെ കലപില കേൾക്കാനില്ല. പ്രാവുകൾ ഒന്നുപോലും സരയേവോയിലില്ല. കോലാഹലമുണ്ടാക്കുന്ന കുട്ടികളില്ല, കളികളില്ല, കുട്ടികളിൽനിന്നു ബാല്യം എടുത്തുമാറ്റപ്പെട്ടിരിക്കുന്നു. ഞാൻ ആത്മഹത്യ ചെയ്യാ=നുള്ള സാധ്യത വർദ്ധിച്ചു വരികയാണ്. എനിക്ക് ധൈര്യം ചോർന്നുപോകുന്നു. എനിക്ക് നിലവിളിക്കണമെന്നു തോന്നുന്നു. മുഷ്ടി ചുരുട്ടി ഇടിക്കാൻ തോന്നുന്നു.
*(സ്ലാറ്റയുടെ ഡയറിക്കുറിപ്പുകൾ)*

ചില വായനകൾ ലഹരി പടർത്താറുണ്ട്. കുളിരണിയിക്കാറുണ്ട്, ചിലപ്പോൾ അറിയാതെ 'ആഹാ' എന്ന് പറഞ്ഞുപോകാറുമുണ്ട്. എന്നാൽ, മറ്റു ചിലത് ഒരു ഗദ്ഗദം ബാക്കിയാക്കിക്കൊണ്ട് ബോധപൂർവ്വം മറന്നുകളയുകയും ചെയ്യും. കാലം കുറെയൊക്കെ ഉണക്കിക്കളഞ്ഞാലും ചാരം മൂടിയ കനൽ പോലെ ചിലത് ഉള്ളിൽ എരിഞ്ഞുകൊണ്ടേയിരിക്കും. ചില നേരങ്ങളിൽ അത് ഉരുകിയൊലിച്ചങ്ങനെ നമ്മെ ചുട്ടുപൊള്ളിക്കും. അങ്ങനെ വീണ്ടുമെന്നെ ചുട്ടുപൊള്ളിച്ചപ്പോഴാണ് സ്ലാറ്റയുടെ ഡയറിക്കുറിപ്പുകൾ ഒരിക്കൽക്കൂടി വായിക്കാനെടുത്തത്. ഇതിനോടു സാമ്യമുള്ള അനുഭവങ്ങൾ പലതവണ വായിച്ചിട്ടുള്ളതാണെങ്കിലും സ്ലാറ്റയെന്ന പെൺകുട്ടി ആൻഫ്രാങ്കിനെപ്പോലെ വിടാതെ പിന്തുടരുകയാണ്...

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്പിൽ നടന്ന ഏറ്റവും വലിയ കൂട്ടക്കൊലയാണ് ബോസ്നിയൻ ആഭ്യന്തര യുദ്ധം. കമ്യൂണിസ്റ്റുകാരെ അധികാരത്തിൽനിന്നു മാറ്റിനിർത്തുക എന്ന ഉദ്ദേശ്യത്തോടെ 1990 ൽ ബോസ്നിയ - ഹെർസെഗോവിനയിൽ സെർബുകളും ക്രോട്ടുകളും മുസ്ലീങ്ങളും ചേർന്നുള്ള ഭരണമുന്നണി രൂപീകരിച്ചു, എന്നാൽ, അധികം താമസിയാതെതന്നെ ഈ മൂന്നു കക്ഷികളും തമ്മിൽ അഭിപ്രായഭിന്നതയുണ്ടാവുകയും അതേ ത്തുടർന്ന് ബോസ്നിയയിൽ ആഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. ബോസ്നിയൻ സെർബ് രാജ്യം രൂപീകരിക്കുന്നതിന്റെ ഭാഗമായി 1992 മുതൽ 96 വരെ നീണ്ടുനിന്ന യുദ്ധംമൂലം തലസ്ഥാനമായ സരയേവോ മൂന്നര വർഷം സൈനികമായി ഉപരോധിക്കപ്പെട്ടു. ചുറ്റുമുള്ള ഉയർന്ന സ്ഥലങ്ങളിൽനിന്നു നഗരത്തിലേക്കു പീരങ്കികളിൽനിന്നും ടാങ്കുകളിൽനിന്നും വെടിയുണ്ടകൾ ചീറിപ്പാഞ്ഞു. അങ്ങനെയും ആയിരക്കണക്കിനാളുകൾ കൊലചെയ്യപ്പെട്ടു. മറ്റ് ഒട്ടേറെ സ്ഥലങ്ങളിലും ചോരപ്പുഴയൊഴുകി. മൊത്തം ഒരു ലക്ഷം പേർ മരിക്കുകയും ഇരുപത്തിരണ്ടു ലക്ഷം പേർ വഴിയാധാരമാവുകയും ചെയ്തു.

ബോസ്നിയായിലെ യുദ്ധത്തിന്റെയും വംശഹത്യയുടെയും ക്രൂരതകൾക്കു സാക്ഷ്യംവഹിച്ച പതിനൊന്നുകാരിയായ സ്ലാറ്റ ഫിലിപ്പോവിച്ച് യുദ്ധപശ്ചാത്തലത്തിലെഴുതിയ ഡയറിക്കുറിപ്പുകളാണ് പിന്നീട് 'സരയേവോയിലെ ഒരു കുട്ടിയുടെ ജീവിതം' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെടുന്നത്. ആൻ ഫ്രാങ്കിനുശേഷം ലോകം വായിച്ച ഹൃദയസ്പർശിയായ കുറിപ്പുകൾ തന്നെയായിരിക്കും ഇതെന്നതിൽ സംശയമില്ല. സ്ലാറ്റ അവളുടെ യുദ്ധകാലത്തെ ജീവിതം ഈ പുസ്തകത്തിൽ വളരെ വേദനയോടെയാണ് വരച്ചുകാട്ടുന്നത്. യുദ്ധത്തിനിടയിൽ അവളുടെ പ്രിയപ്പെട്ട കൂട്ടുകാരനും കൂട്ടുകാരിയും കൊല്ലപ്പെടുന്നു. അവളുടെ അങ്കിളിന് കാൽ നഷ്ടപ്പെടുന്നു. കളിക്കൂട്ടുകാരും അവരുടെ കുടുംബങ്ങളും പലായനം ചെയ്യുന്നു. അടുത്ത ബന്ധുക്കളും കുടുംബസുഹൃത്തുക്കളും ഷെല്ലാക്രമങ്ങളിൽ കൊല്ലപ്പെടുന്നു. പലപ്പോഴും വേണ്ടപ്പെട്ടവർ വിട്ടുപോയ കാര്യംപോലും വളരെ നാൾ കഴിഞ്ഞാവും അറിയുന്നതുതന്നെ. ദുർഗന്ധപൂരിതമായ നിലവറയിൽ, വെള്ളവും വെളിച്ചവുമില്ലാതെ, അരവയർ പോലും നിറയ്ക്കാനുള്ള ഭക്ഷണമില്ലാതെയുള്ള അവളുടെ ഈ കഥപറച്ചിൽ വല്ലാതെ നൊമ്പരപ്പെടുത്തും.

ലോകത്തെവിടെയും ഏതു രാജ്യത്തെയും യുദ്ധകാലത്തിലൂടെ കടന്നുപോകുന്ന കുട്ടിയുടെ ബാല്യം നിറമില്ലാത്തതും ക്ലേശകരവുമായിരിക്കുമെന്ന് സ്ലാറ്റ നമ്മെ ഓർമപ്പെടുത്തുന്നു. ഒരു തെറ്റും ചെയ്യാത്ത, യുദ്ധത്തിന്റെ രാഷ്ട്രീയമെന്തെന്നറിയാത്ത കുഞ്ഞുങ്ങൾക്ക് യുദ്ധം നൽകുന്നത് വേദന നിറഞ്ഞ ഒരു ബാല്യമാണ്. അവർ അനാഥരാക്കപ്പെടുന്നു. അതിനു കാരണം യുദ്ധത്തിൽ മാതാപിതാക്കൾ കൊല്ലപ്പെടുന്നതുകൊണ്ടു മാത്രമല്ല, പിന്നെയോ കുടുംബാംഗങ്ങൾ ചിതറിക്കപ്പെടുന്നതുകൊണ്ടുകൂടിയാണ്. അതുപോലെ തന്നെ യുദ്ധത്തിൽ അകപ്പെടുന്ന കുട്ടികൾ മിക്കപ്പോഴും പല മുതിർന്ന ആളുകളും ഭയപ്പെടുന്നവയെക്കാൾ ഏറ്റവും നീചമായ കാര്യങ്ങൾ സഹിക്കേണ്ടിവരുന്നു. ഉദാഹരണത്തിന് സാരെയെവോയി കുട്ടികളെ ഉൾക്കൊള്ളിച്ച് ഒരു സർവേ നടത്തിയപ്പോൾ അവരിൽ ഏതാണ്ട് എല്ലാവരുംതന്നെ ഷെൽവർഷം അനുഭവിച്ചിട്ടുള്ളതായി വെളിപ്പെട്ടു.

ഇവരിൽ പകുതിപ്പേർക്ക് നേരിട്ടു വെടിയേറ്റിരുന്നു, മൂന്നിൽ രണ്ടു ഭാഗം കൊല്ലപ്പെട്ടേക്കാവുന്ന സാഹചര്യങ്ങളിലായിരുന്നു. ആഭ്യന്തരകലഹങ്ങൾ നിത്യസംഭവമായി മാറിക്കഴിഞ്ഞ രാജ്യങ്ങളിലെ നിരവധി കുട്ടികൾ സമാധാനം എന്തെന്ന് ഒരിക്കലും അറിയാതെയാണു വളർന്നു വരുന്നതെന്ന് ഈ പുസ്തകം നമ്മെ ബോധ്യപ്പെടുത്തും.

■

# ശക്തി നിങ്ങളുടെ ഉള്ളിലാണ്



സി. മേരി ജയിൻ എസ്.ഡി.

എത്ര ശ്രമിച്ചാലും അധമചിന്തകൾ നമ്മെ വിട്ടുമാറാതെ പീഡിപ്പിച്ചുകൊണ്ടിരിക്കും. മറക്കാമെന്നു വച്ചാൽ കൂടക്കൂടെ പ്രത്യക്ഷപ്പെട്ടു നമ്മെ ഉപദ്രവിക്കുകയും ചെയ്യും. അങ്ങനെ വന്നാൽ അതിനെക്കുറിച്ച് ആഴമായി ചിന്തിക്കണം. അവ നന്നായി വിശകലനം ചെയ്യണം.

അനുരഞ്ജനവിധേയമാകാതെ ഏതെങ്കിലും ചിന്തകൾ എന്നിലുണ്ടോ? ഏതെങ്കിലും കാര്യത്തിന് ക്ഷമ ചോദിക്കാൻ ബാക്കിയുണ്ടോ? ഞാൻ ഭൂതകാലത്തെ പൂർണ്ണമനസ്സോടെ ഉപേക്ഷിച്ചുവോ? അതോ എന്തെങ്കിലും മുറിപ്പാടുകൾ ഇന്നും മനസ്സിന്റെ കോണുകളിൽ അവശേഷിക്കുന്നുവോ? ഭൂതകാല അവ



ശിഷ്ടങ്ങൾ എന്തെങ്കിലും വിടാതെ പിടിച്ചു വച്ചിട്ടുണ്ടോ? അസൂയയുടെ ഒരു നേർത്ത പാളിയിലൂടെയാണോ നാം സഹജീവികളെ വീക്ഷിക്കുന്നത്? സ്വന്തം ഇച്ഛ മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കുവാൻ ആഗ്രഹിക്കുന്നുണ്ടോ? മറ്റുള്ളവരുടെ സഹതാപം പിടിച്ചു പറ്റാൻ ആഗ്രഹിക്കുന്നുവോ?

ഞാൻ എന്ന ഭാവത്തോടുള്ള സ്നേഹം മൂലം ചില നെഗറ്റീവ് ചിന്തകൾ ആരും അറിയാതെ ഒളിപ്പിച്ചുവച്ചിട്ടുണ്ടാകും. അത് സുരക്ഷയുടേതെന്നു സങ്കല്പിച്ചു മാറ്റിവച്ചത് ജീവിതകാലമത്രയും നമ്മെ വേട്ടയാടിയിട്ടുണ്ടാവാം. നെഗറ്റീവ് ചിന്തകൾ നാം മനസ്സിലിട്ട് ഓരോ തവണ താലോലിക്കുമ്പോഴും അതൊരു വലിയ ഊർജ്ജമണ്ഡലമായി ത്തീരുമെന്ന് നാം ഓർക്കണം. ആത്യന്തികവിശകലനത്തിൽ നമ്മുടെ ഭാഗത്തെ വീഴ്ചയാണിത്. ഈ ചെറിയൊരു തെറ്റ്, ഈ നെഗറ്റീവ് തരംഗം ഭൂതകാലങ്ങളിൽ നമ്മോടുകൂടി ഉണ്ടായിരുന്നതും അതിനെ മനഃപൂർവം വിട്ടുകളയാതെ പിടിച്ചു നിർത്തിയതുമാണ്. അതു വളർന്നു വന്ന് ജീവിതവഴിത്താരകളിൽ പുതിയ പ്രതിസന്ധികൾ ഉണ്ടാക്കുകയും അതു നമ്മെ ഭൂതകാലത്തിലെന്നപോലെ വേട്ടയാടുകയും ചെയ്യും.

നമ്മിലെ നെഗറ്റീവ് തരംഗത്തെ പൂർണമായി ഒഴിവാക്കാൻ ഇച്ഛിക്കുന്നുവെങ്കിൽ ചില അവബോധസഹായികൾ പ്രയോജനപ്പെടുത്താം. 'എന്നിലുള്ള ക്രിസ്തുശക്തിയാൽ എനിക്ക് എന്തും ചെയ്യാൻ കഴിയും...' 'നിങ്ങളുടെ ഉള്ളിൽ ഉള്ളവൻ ലോകത്തിൽ ഉള്ളവനേക്കാൾ വലിയവനാണ്' തുടങ്ങി എത്രയോ അവബോധസഹായകമന്ത്രങ്ങൾ നമുക്കുണ്ട്.

ദിനംതോറും ഏതെങ്കിലും ഒരു സഹായകമന്ത്രം നിരവധി തവണ ഉരുവിട്ടാൽ, നാം ശാരീരികമായും ആത്മീയമായും ഉന്നതതലങ്ങളിലുള്ള സ്പന്ദനങ്ങൾ ഉൾക്കൊള്ളുകയും നമ്മിലെ നെഗറ്റീവ് ചിന്താശകലങ്ങൾ നമ്മിൽനിന്നു വേർപെട്ട് വിദൂരങ്ങളിലേക്ക് അകന്നുപോവുകയും ചെയ്യും. പൂർണശക്തിയിലും ദൃഢവിശ്വാസത്തിലും ആയിരിക്കണം വചനത്തിന്റെ ഉരുവിടൽ.

ചുരുക്കിപ്പറഞ്ഞാൽ, ഉള്ളിലെ ശക്തിയെ അറിയുക, അതിലേക്കു തിരിയുക, അതിലേക്ക് അടുക്കുക, അതിനെ പുല്കുക, അതിൽ ലയിക്കുക, സ്വതന്ത്രനാകുക.

എളുപ്പമല്ലെങ്കിലും അതു സാധ്യമാണ്. അസാധ്യമായി ഒന്നുമില്ല. എന്നാൽ, നാം നമ്മുടെ ദൈവികശക്തിയെ തിരിച്ചറിയാതെ ശ്രദ്ധമുഴുവൻ മറ്റുള്ളവരിലേക്കു തിരിച്ചുവച്ച് ഞാനൊന്നും അറിഞ്ഞില്ല എന്ന മട്ടിൽ നിഷേധക്കൂമ്പാരവുമായി ജീവിച്ചു പോകുന്നതിൽ എന്തർഥമാണുള്ളത്?

■



മികച്ച വിദ്യാഭ്യാസഗ്രന്ഥത്തിനുള്ള ഇൻഡിവുഡ് ഭാഷാ സാഹിത്യപുരസ്കാരത്തിനർഹനായ ജോബിൻ എസ്.കൊട്ടാരം. സിവിൽ സർവ്വീസ് മലയാളം ഓപ്ഷണൽ വിദ്യാർത്ഥികൾക്കായി രചിച്ച 'സമഗ്രം മധുരം മലയാളം (രണ്ടു വാല്യങ്ങൾ) എന്ന ഗ്രന്ഥത്തിനാണ് അവാർഡ്. കോട്ടയം തുരുത്തി സ്വദേശിയായ ജോബിൻ ദീപനാളത്തിന്റെ ലേഖകസുഹൃത്തുമാണ്.






എല്ലാ മാസവും ആദ്യത്തെ ആഴ്ച
**ദീപനാളം കുട്ടികളോടൊപ്പം**

- ആകർഷകമായ വ്യക്തിത്വത്തിനുള്ള രസതന്ത്രങ്ങൾ
- കാര്യക്ഷമത കൂട്ടാനുള്ള വിജയമന്ത്രങ്ങൾ
- വിജയികളുടെ നേരറിവുകളും അനുഭവങ്ങളും
- മഹത്തുക്കളുടെ പ്രചോദനാത്മകചിന്തകൾ
- കുട്ടികളുടെ സർഗരചനകൾക്ക് ഒരു തുറന്ന വേദി.



# ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെണീറ്റ് മരിയ

പ്രതിസന്ധികൾ എങ്ങനെ തരണം ചെയ്യണമെന്നറിയാതെ ഉഴറുന്നവർക്ക് ഒരു പാഠമാണ് പിറവം വെളിയനാട് സ്വദേശിനി മരിയ ബിജു. ഇരുപതാം വയസ്സിൽ അപകടത്തിൽപെട്ട് നെഞ്ചിനു കീഴ്പോട്ട് പൂർണമായും ചലനശേഷി നഷ്ടപ്പെട്ട മരിയ വിധിയെ പൊരുതിത്തോല്പിച്ച് എം.ബി.ബി.എസ്. ഉയർന്ന മാർക്കോടെ വിജയിച്ചിരിക്കുകയാണ്.

വെളിയനാട് തളിയച്ചിറയിൽ ബിജു പീറ്ററിന്റെയും സുനിയുടെയും മകൾ മരിയ പഠനത്തിൽ മിടുമിടുക്കിയായിരുന്നു. വിദേശത്താണ് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

തൊടുപുഴ അൽ അസ്ഹർ മെഡിക്കൽ കോളജിൽ 2016 ൽ എംബിബിഎസിനു പ്രവേശനം ലഭിച്ചു. കോളജ് ഹോസ്റ്റലിൽ താമസിച്ചായിരുന്നു പഠനം. കലാകായികരംഗത്തെ ബഹുമുഖപ്രതിഭയായിരുന്ന മരിയ വളരെ വേഗംതന്നെ കോളജിലെ ശ്രദ്ധാകേന്ദ്രമായി മാറി.

ഒന്നാം വർഷ പഠനം പൂർത്തിയാകാൻ ദിവസങ്ങൾ ബാക്കിനിൽക്കുമ്പോഴാണ് മരിയയുടെ ജീവിതത്തിലെ ആ കറുത്ത ദിവസം എത്തിയത്. ഹോസ്റ്റൽ മുറിയിൽ ഇരിക്കുമ്പോൾ അപ്രതീക്ഷിതമായെത്തിയ മഴ. അപ്പോഴാണ് രണ്ടാം നിലയിലെ ബാൽക്കണിയിൽ തുണി ഉണങ്ങാനായി വിരിച്ചിരുന്ന കാര്യം മരിയ ഓർത്തത്. ഓടിപ്പോയി അയയിൽനിന്നു തുണി വലിച്ചെടുത്തപ്പോഴേക്കും ബാൽക്കണിയിലുണ്ടായിരുന്ന വെള്ളത്തുള്ളികളിൽ തെന്നി മരിയ താഴേക്കു പതിച്ചു.

വീഴ്ചയിൽ തലയിൽ ആഴത്തിൽ മുറിവേറ്റു. ഉടൻതന്നെ സുഹൃത്തുക്കളും കോളജധികാരികളും കോലഞ്ചേരി മെഡിക്കൽ കോളജിൽ എത്തിച്ചു. പരിശോധനയിൽ തുടയിലെ അസ്ഥി ഒടിഞ്ഞതായും നട്ടെല്ലിനും ക്ഷതം സംഭവിച്ചതായും കണ്ടെത്തി. നട്ടെല്ലിനേറ്റ ക്ഷതം ഗുരുതരമായതിനാൽ ശരീരത്തിന്റെ ചലനശേഷി നഷ്ടപ്പെട്ടു. ഇതോടെ കൂടുതൽ സൗകര്യങ്ങളുള്ള എറണാകുളം അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശരീരം മുഴുവൻ തളർന്നുപോയ മരിയയ്ക്ക് പിന്നെ സങ്കീർണമായ ശസ്ത്രക്രിയകൾ നടത്തി.

ഒടുവിൽ കൈകൾ ചലിപ്പിക്കാമെന്ന അവസ്ഥയിലെത്തി. തുടർചികിത്സയ്ക്കായി വെല്ലൂർ മെഡിക്കൽ കോളജിൽ ഫിസിയോതെറാപ്പിയും നടത്തി. ആറുമാസം നീണ്ട ചികിത്സ കഴിഞ്ഞപ്പോഴാണ് വീൽചെയറിൽ ഇരിക്കാവുന്ന നിലയായത്. ആശുപത്രിക്കിടക്കയിലായിരുന്നപ്പോളും എങ്ങനെയും എം.ബി.ബി.എസ് എഴുതിയെടുക്കണമെന്ന ആഗ്രഹമായിരുന്നു മരിയയുടെ മനസ്സു നിറയെ.

വീൽച്ചെയറിൽ ഇരിക്കാമെന്ന സ്ഥിതിയായപ്പോൾ ക്ലാസിൽ വീണ്ടും ചേരണമെന്ന് മരിയ നിർബന്ധം പിടിച്ചു. ഡോക്ടർമാരുടെ സമ്മത പ്രകാരവും കോളജധികാരികളുടെ പിന്തുണയോടുംകൂടി 2017 ജനുവരിമുതൽ വീണ്ടും ക്ലാസിൽ പോയി. കാലുകൾക്കു ചലനശേഷി ഇല്ലാത്തതിനാൽ പൂർണമായി വീൽചെയറിനെ ആശ്രയിക്കേണ്ടിവന്നതോടെ സഹപാഠികളും അധ്യാപകരും സഹായവുമായെത്തി. മാതാവ് സുനി ഇക്കാലമത്രയും കോളജ് ഹോസ്റ്റലിൽ കരുതലായി നിന്നു. ശാരീരിക ബുദ്ധിമുട്ടുകൾമൂലം പരീക്ഷ എഴുതുന്നതിനു സഹായിയെ ആശ്രയിക്കാൻ സർവകലാശാല അനുമതി നൽകിയെങ്കിലും മരിയ സ്വീകരിച്ചില്ല. കാരണം, മെഡിക്കൽ ഫീൽഡുമായി ബന്ധമില്ലാത്ത ആൾ വേണം സഹായിയായി എത്താൻ. അപ്പോൾ അവർക്ക് മെഡിക്കൽ സംബന്ധമായ വാക്കുകൾ എഴുതാൻ ബുദ്ധിമുട്ടാകും. അതിനാൽ സ്വയം എഴുതാമെന്നു തീരുമാനിക്കുകയായിരുന്നു. പിന്നെ വഴങ്ങാത്ത കൈകളെ തന്റെ ചൊൽപ്പടിക്കു നിർത്താനായി ശ്രമം തുടങ്ങി. പേനയും പെൻസിലും കയ്യിൽ മുറുകെപ്പിടിച്ച് പരിശ്രമം തുടങ്ങി. ചിത്രം വരച്ചാണ് വിരലുകളെ നിലയ്ക്കു നിർത്താൻ മരിയയ്ക്കു കഴിഞ്ഞത്. ഇക്കാലയളവിൽ മികച്ചൊരു ചിത്രകാരിയാകാനും കഴിഞ്ഞു.

ഒടുവിൽ, രണ്ടാം വർഷക്ലാസുകളിൽ പങ്കെടുക്കുന്നതിനൊപ്പം ആദ്യവർഷം നഷ്ടപ്പെട്ട പരീക്ഷയും സ്വന്തം കൈകൾകൊണ്ട് എഴുതിയെടുത്തു. ഇതോടെ ആത്മവിശ്വാസം ഏറെ വർദ്ധിച്ചു. പിന്നെ ഒരു കുതിപ്പായിരുന്നു. നിലച്ചുപോയ കാലുകൾക്കുപകരം സുഹൃത്തുക്കൾ കൂട്ടായി എത്തിയതോടെ ഈ ലോകംതന്നെ കീഴ്പ്പെടുത്താൻ തനിക്കു കഴിയുമെന്ന ആത്മവിശ്വാസം മരിയയെ എത്തിച്ചത് എം.ബി.ബി.എസിലെ വിജയത്തിലേക്കായിരുന്നു.

കഴിഞ്ഞ നവംബറിൽ ആരംഭിച്ച അവസാനവർഷ പരീക്ഷയ്ക്കു കൂടുതൽ സമയം ഇരുന്നു പഠിച്ചതോടെ ശരീരത്തിൽ മുറിവുണ്ടായി. സ്ട്രെച്ചറിൽ കിടന്നായിരുന്നു തുടർപഠനം. ഒടുവിൽ കാത്തിരുന്ന എംബിബിഎസ് ബിരുദം കയ്യിൽ. വീണുപോയി എന്ന് കരുതിയിടത്തുനിന്ന് ഉയിർത്തെണീല്പിച്ചത് മരിയയുടെ എം.ബി.ബി.എസിനോടുള്ള അടങ്ങാത്ത ആഗ്രഹവും മുടങ്ങാതെയുള്ള പ്രാർത്ഥനയുമായിരുന്നു. വീൽച്ചെയറിൽ ഒതുങ്ങിയിരിക്കാൻ സുഹൃത്തുക്കൾ അവളെ അനുവദിച്ചിരുന്നില്ല. പുറത്തുകൊണ്ടുപോകാനും പരിപാടികളിൽ പങ്കെടുപ്പിക്കാനും അവർ ഒപ്പമുണ്ടായിരുന്നു.



കോളജ് പ്രോഗ്രാമുകളിൽ വീൽച്ചെയറിൽ ഇരുന്ന് സുഹൃത്തുക്കൾക്കൊപ്പം ആടിത്തിമിർക്കുകയും ചെയ്തു. ഫാഷൻ ഷോ, വിസിലിങ്, ബോഡി പെയിന്റിങ്, പെയിന്റിങ് എന്നു തുടങ്ങി ചെയ്യാൻ കഴിയുന്നതിനപ്പുറമുള്ള എല്ലാ കലാപരിപാടികൾക്കും മരിയ പങ്കെടുക്കുകയും സമ്മാനം വാങ്ങുകയും ചെയ്തിട്ടുണ്ട്. സ്കൂൾകാലഘട്ടത്തിൽ കായിക മത്സരങ്ങളിലെ പ്രതിഭയായിരുന്നു. സ്കൂൾ ക്യാപ്റ്റൻ വരെയായിരുന്നു. നിരവധി മെഡലുകളും ട്രോഫികളും പ്രശംസാപത്രങ്ങളും സ്വന്തമാക്കിയിട്ടുണ്ട്. അന്നത്തെ അതേ സ്പോർട്സ്മാൻസ്പിരിറ്റ്തന്നെയാണ് വീഴ്ചയിൽ നിന്നു മരിയയെ പിടിച്ചുയർത്തിയത്.

കൊച്ചി രാജ്യാന്തരസ്റ്റേഡിയത്തിനടുത്താണ് മരിയയും കുടുംബവും ഇപ്പോൾ താമസിക്കുന്നത്. ആരുടെയും സഹായമില്ലാതെ പുറത്തേക്കിറങ്ങി കറങ്ങി നടക്കണമെന്നാണ് മരിയയുടെ ആഗ്രഹം. പക്ഷേ, അതിന് തടസ്സമായി നിൽക്കുന്നത് പബ്ലിക് ട്രാൻസ്പോർട്ട് സർവീസുകളിൽ അംഗപരിമിതരായവർക്കു യാത്ര ചെയ്യാനുള്ള സൗകര്യം ഇല്ല എന്നതാണ്. കൊച്ചി മെട്രോയിൽ മാത്രമാണ് ഇപ്പോൾ അതിനുള്ള സൗകര്യമുള്ളത്.

കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ ബസിൽ സൗകര്യമുണ്ടെങ്കിലും വീൽച്ചെയർ കയറ്റാനുള്ള സംവിധാനങ്ങൾ ഇല്ല. കൂടാതെ, ഇപ്പോൾ വീൽച്ചെയറിൽ എത്തുന്നവർക്കായി ഒരുക്കിയ സ്ഥലങ്ങളിൽ അധികസീറ്റുകൂടി വച്ചുപിടിപ്പിച്ചിരിക്കുകയാണ്. അതു മാത്രമല്ല, കൊച്ചി നഗരത്തിൽ വീൽചെയറിൽ സഞ്ചരിക്കാനുള്ള സൗകര്യമില്ല. പനമ്പള്ളി നഗറിൽ ഉണ്ടെങ്കിലും അവിടെ വരെ എത്താനുള്ള സൗകര്യമില്ല. അതിനാൽ, വീൽച്ചെയറിൽ സഞ്ചരിക്കുന്നവർക്കുവേണ്ടിയുള്ള യാത്രാസൗകര്യം കൊച്ചിയിൽ ഒരുക്കണമെന്ന ആവശ്യം ഉന്നയിച്ച് സർക്കാരിനു നിവേദനം നൽകാനൊരുങ്ങുകയാണ് മരിയ. ഒപ്പം ഒരു വർഷത്തെ ഹൗസ് സർജൻസി കഴിഞ്ഞ് എം.ഡി. എടുക്കാനുള്ള ഒരുക്കത്തിലും.

മാതാപിതാക്കളായ ബിജു പീറ്ററും സുനി ബിജുവും മകൾക്കു വേണ്ടത് എന്തെന്നുവച്ചാൽ ചെയ്തുകൊടുക്കാൻ മുൻപന്തിയിൽതന്നെയുണ്ട്. എം.ബി.ബി.എസ് രണ്ടാം വർഷ വിദ്യാർത്ഥിനിയായ സഹോദരി മേരിയോൺ ബിജുവും എല്ലാ പിൻതുണയോടും ഒപ്പമുണ്ട്. കോളജ് ഹോസ്റ്റലിൽ നടന്ന അപകടമായതിനാൽ മുഴുവൻ ചികിത്സാച്ചെലവും കോളജധികൃതർതന്നെയാണു നടത്തുന്നത്.

ഫീനിക്സ്പക്ഷിയെപ്പോലെ ഉയിർത്തെണീറ്റുവന്ന മരിയ നമുക്കോരുത്തർക്കും ഒരു വലിയ പാഠമാണ്.



# വേഷം മാറാത്ത കഥാപാത്രങ്ങൾ




കുടക്കച്ചിറ സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിലെ മാനേജരും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സ്വന്തം പേരിൽ കഥാപാത്രങ്ങളായി അഭിനയിച്ച **'ശ്വാസം'** എന്ന ഹ്രസ്വചിത്രത്തെക്കുറിച്ച്

**സ്കൂ**ളിലെ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഉത്സാഹത്തിലാണ് കുട്ടികൾ. പെട്ടെന്നാണ് അധ്യാപകരും കുട്ടികളുമൊക്കെ ആ കാഴ്ച കണ്ടത്. സ്കൂളിലെ അല്പം താന്തോന്നിയായ നാലാം ക്ലാസ്സുകാരൻ മൊയ്തീൻ, എബിൻ എന്ന സഹപാഠിയെ കുനിച്ചു നിർത്തി പുറത്തിടിക്കുന്നു. ഇതു കണ്ട് ഹെഡ്മിസ്ട്രസ് സിസ്റ്റർ ആൽഫിയും അധ്യാപകരായ ജോബിയും സ്വപ്നലേഖയും എൽസമ്മയും സിജിയും സീനാമോളുമൊക്കെ ഓടിച്ചെന്നു. കയ്യിൽ ചൂരലുമായി ചെന്ന ടീച്ചർ മൊയ്തീനിട്ട് ഒന്നു കൊടുത്തു; ആകെ അവശനായ എബിൻ ഒരു മിഠായിക്കഷണം ഛർദ്ദിച്ചു.

''ടീച്ചർമാരേ, മൊയ്തീൻ എന്നെ ഇടിച്ചതല്ല, എന്റെ തൊണ്ടയിൽ മിഠായികുടുങ്ങി എനിക്കു ശ്വാസം മുട്ടി... മൊയ്തീൻ എത്തിയില്ലായിരുന്നെങ്കിൽ...''അവശനാണെങ്കിലും എബിൻ ഒരുവിധം കാര്യം പറഞ്ഞൊപ്പിച്ചു.അതുവരെ മൊയ്തീനു നേരേ ദേഷ്യക്കണ്ണുകളെറിഞ്ഞ ഗുരുജനങ്ങളുടെ കവിളുകളിൽ കണ്ണീർ ചാലിട്ടു. അവർ മൊയ്തീനെ കെട്ടിപ്പിടിച്ചു.

ഏങ്ങലടിച്ചമൊയ്തീന്റെകണ്ണീരൊഴുകി ഹെഡ്മിസ്ട്രസ് സിസ്റ്റർ ആൽഫിയുടെ വെള്ളയുടുപ്പ് കുതിർന്നു. ആ റിപ്പബ്ലിക് ദിനത്തിൽ മൊയ്തീനായി കുടക്കച്ചിറ സ്കൂളിലെ താരം. സ്കൂളിലെ കൊടിമരത്തിൽ ദേശീയ പതാക ഉയർത്താനെത്തിയ എസ്. ഐ. മോഹനനും, മാനേജർ ഫാ. മാത്യു കാലായിലും പഞ്ചായത്തുമെമ്പർ റാണി ജോസുമൊക്കെ മൊയ്തീന്റെ ധീരതയെയും സഹപാഠിസ്നേഹത്തെയും വാനോളം പുകഴ്ത്തി. മൈക്കിലൂടെ വികാരിയച്ചന്റെ വാക്കുകളൊഴുകി:

''അകത്തേക്ക് എടുത്ത ശ്വാസം പുറത്തേക്കുവിടാൻ പറ്റിയില്ലയെങ്കിൽ പിന്നെന്ത് ജാതി? മതം? എബിനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്ന മൊയ്തീൻ നമുക്കു മുമ്പിൽ ഈശ്വരനാണിന്ന്...'' കാണികളുടെ കയ്യടിമധ്യേ സ്ക്രീനിൽ 'ശ്വാസം ശുഭം' എന്ന കുറിപ്പ്.

ഹ്രസ്വചിത്രത്തിലെ കഥാപാത്രങ്ങളും അഭിനേതാക്കളും യഥാർഥജീവിതത്തിലും ആ 'വേഷക്കാർ'തന്നെ. സിനിമയിലെ ഫാ. മാത്യു, കുടക്കച്ചിറ സ്കൂളിന്റെ മാനേജരച്ചനായ റവ. ഫാ. മാത്യുതന്നെ. ഹെഡ്മിസ്ട്രസ് സിസ്റ്റർ ആൽഫി, പഞ്ചായത്ത് മെമ്പർ റാണി എന്നിവർക്ക് സിനിമയിലും മാറ്റമില്ല. ഏറ്റുമാനൂർ എസ്.ഐ. ആയി റിട്ടയർ ചെയ്ത മോഹനനാണ് സിനിമയിലെ എസ്.ഐ. മൊയ്തീനായി ജിസ് സജിയും എബിനായി എബിൻ ഡെയ്സും വേഷമിട്ടു.

സ്കൂളിലെ പൂർവവിദ്യാർഥികൂടിയായ പ്രശസ്ത ഹ്രസ്വചിത്രസംവിധായകൻ വി. അനൂപാണ് കഥയും തിരക്കഥയും സംഭാഷണവുമൊരുക്കി 'ശ്വാസം' സംവിധാനം ചെയ്തത്.

22 ന് രാവിലെ 10.30 ന് പ്രശസ്ത സിനിമാതാരം മിയ 'ശ്വാസ'ത്തിന്റെ റിലീസിംഗ് നിർവഹിച്ചു. പാലാ രൂപത കോർപ്പറേറ്റ് മാനേജർ ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഫാ. മാത്യു കാലായിൽ, രാമപുരം എ.ഇ.ഒ എൻ. രമാദേവി, ബി.പി.ഒ. ജി.അശോക്, ഹെഡ്മിസ്ട്രസ് സിസ്റ്റർ ആൽഫി ജോസ് എസ്.എച്ച്., പി.ടി.എ. പ്രസിഡന്റ് ജോബി പുള്ളുവേലിൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

# ട്രൂത്ത് തിരയുന്നവർക്കായി



ആൻ മരിയ തോമസ്

**ഇത്** തികച്ചും രസകരമായ ഒരു ചെറുകഥയാണ്. സത്യം, കള്ളം എന്നു പേരുള്ള രണ്ടു സഹോദരിമാർ കുളിക്കുവാനായി ഒരു പുഴക്കടവിലെത്തി. കുസൃതിക്കാരിയായ കള്ളം കുളി കഴിഞ്ഞ ഉടനെ സഹോദരിയായ സത്യത്തിന്റെ വസ്ത്രം ധരിച്ചുകൊണ്ട് നഗരത്തിലേക്കു നടന്നുപോയി. അസത്യത്തിന്റെ വസ്ത്രം കടവിൽ അവശേഷിക്കുന്നതു കണ്ട സത്യത്തിന് അതെടുക്കാൻ മനസ്സുവന്നില്ല. അങ്ങനെ വിവസ്ത്രയായ സത്യം അടുത്തുണ്ടായിരുന്ന കാട്ടിലേക്കു പോയിമറഞ്ഞു.

സത്യത്തിന്റെ വസ്ത്രം ധരിച്ച കള്ളത്തിന്റെയും കാടുകയറിപ്പോയ സത്യത്തിന്റെയും കഥ ഒരുപക്ഷേ, നാം കേട്ടിട്ടുണ്ടാവാം. ഒരു പഴങ്കഥയാണെങ്കിലും അല്പം കാര്യമുള്ള കഥ തന്നെയാണിത്.

സത്യത്തിന്റെ വസ്ത്രം ധരിച്ചതുകൊണ്ട് കള്ളം സത്യമാകുന്നില്ല. അതുപോലെതന്നെ നഗ്നയാണെന്നതുകൊണ്ട് സത്യം സത്യമല്ലാതാകുന്നില്ല.

സത്യത്തിന്റെ മേൽവസ്ത്രമിട്ട കള്ളം തെറ്റുധാരണകൾ ഉണ്ടാക്കുന്നുവെന്നും കാടുകയറിപ്പോയ സത്യത്തെ അന്വേഷിച്ചിറങ്ങാൻ നാം വിമുഖത കാണിക്കുന്നുവെന്നതുമാണ് സത്യം.

നമുക്കിടയിൽ നിലവിലുള്ളത് രണ്ടുതരം സത്യങ്ങളാണ്; റിലേറ്റീവ് ട്രൂത്തും അബ്സല്യൂട്ട് ട്രൂത്തും. സാഹചര്യങ്ങൾക്കനുസരിച്ച് വളച്ചൊടിക്കപ്പെട്ട സത്യങ്ങളെ റിലേറ്റീവ് ട്രൂത്തിലുൾപ്പെടുത്താം. തന്റെതന്നെയോ മറ്റുള്ളവരുടെയോ മെച്ചത്തിനുവേണ്ടി കളവുകളെ സത്യത്തിന്റെ കുപ്പായം തുന്നി സമ്മാനിക്കുകയാണിവിടെ.

നഗ്നമായ സത്യം എത്രതന്നെ കയ്പുനിറഞ്ഞതും വേദനാജനകവുമാണെങ്കിലും അവയ്ക്കുമീതെ കളവിന്റെ പരിമളം പൂശാതെയുള്ള പച്ചയായ സമർപ്പണമാണ് അബ്സല്യൂട്ട് ട്രൂത്ത്.

പേരിൽ 'ട്രൂത്ത്' ഉള്ളതുകൊണ്ട് റിലേറ്റീവ് ട്രൂത്ത് സത്യമാകുന്നില്ല. എന്നാൽ, നമ്മിൽ പലരും കണ്ട സത്യങ്ങൾ പലപ്പോഴും 'ട്രൂത്ത്' എന്ന വസ്ത്രം മാത്രമേ ധരിച്ചിട്ടുള്ളൂവെന്നും ആത്മാവ് പൊള്ളയാണെന്നും തിരിച്ചറിഞ്ഞപ്പോഴേക്കും ഒരുപക്ഷേ, ഒരുപാടു വൈകിയിട്ടുണ്ടാവാം. സത്യാന്വേഷിയായ മനുഷ്യനെ സംബന്ധിച്ചിടത്തോളം റിലേറ്റീവ് ട്രൂത്ത് മരുഭൂമിയിലെ കുളംപോലെയാണ്. ദാഹിച്ചുവലഞ്ഞവന് നൈമിഷികാശ്വാസം നല്കാനേ അതിനു സാധിച്ചുള്ളൂ. സംതൃപ്തി നല്കാൻ കെല്പുള്ളവൾ ഇന്നും കാടിനുള്ളിലാണ്.

ശരിയും തെറ്റും തിരിച്ചറിയാൻ കഴിയാതെപോവുന്നു. തെറ്റിയവനുണ്ടായ തിരിച്ചറിവും അനുഭവപരിചയവും അവനുണ്ടായിരുന്ന കേട്ടുകേഴ്വികളെക്കാൾ മൂല്യമുള്ളതും പ്രായോഗികവുമാണ്.

അതുകൊണ്ട് തെറ്റു തിരിച്ചറിഞ്ഞവരും അസത്യത്തെ കണ്ടുമുട്ടിയവരും വഴിമുട്ടിയവരല്ല. കാടു കയറുന്നവർക്കുള്ള കത്തിജ്വലിക്കുന്ന റാന്തലുകളാണ് അവർ. ആയിരങ്ങളെ വഴിനടത്താനുള്ളവർ...

**ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്.**



അപർണ എം.

# വിദേശഭാഷാപഠനം ഓൺലൈനിൽ




**മാതൃഭാഷയല്ലാതെ ഒരു വിദേശഭാഷയിലെങ്കിലും പ്രാവീണ്യമുണ്ടെങ്കിലേ ഇന്ന് ഏതുജോലിക്കും ശ്രമിക്കാൻപോലും സാധ്യമാവുകയുള്ളൂ. സ്കൂൾപഠനകാലംമുതൽക്കേ ലഭ്യമാകേണ്ട അറിവുകൾ പലർക്കും ബിരുദവും മറ്റും കഴിഞ്ഞശേഷം തൊഴിലന്വേഷകർ എന്ന നിലയിലേക്ക് എത്തിയശേഷമാണ് ലഭ്യമാകുന്നത് എന്നതും ഒരു വലിയ പോരായ്മയാണ്.**

**ഭാഷാപഠനത്തിന് ഏറ്റവും ഉപകാരപ്രദമായ മാധ്യമമാണ് ഇന്റർനെറ്റ്. ട്രെയിനിംഗ് സെന്ററുകളെ ആശ്രയിക്കാൻ സാധിക്കാത്തവരും സ്വന്തം സമയവും സാഹചര്യങ്ങളുമനുസരിച്ച് പഠിക്കാൻ താത്പര്യമുള്ളവരും ഇന്നു തിരഞ്ഞെടുക്കുന്നത് ഇൻർനെറ്റിൽ ലഭ്യമായ വിവിധ ആപ്ലിക്കേഷനുകളും സൈറ്റുകളുമാണ്. പണമടച്ച്, പ്രത്യേക അധ്യാപകരെ നിയോഗിച്ചുള്ള സംവിധാനംമുതൽ തികച്ചും സൗജന്യമായി ഇരുപതോളം ഭാഷകൾവരെ പഠിക്കാവുന്ന ആപ്ലിക്കേഷനുകളും ഇപ്പോൾ ലഭ്യമാണ്. ഗൂഗിൾ പ്ലേസ്റ്റോറിൽനിന്ന് ഡൗൺലോഡ് ചെയ്ത് കൃത്യമായ പാഠ്യപദ്ധതിയുണ്ടാക്കി ശ്രമിക്കുകയാണെങ്കിൽ ആഗ്രഹിക്കുന്ന ഏതു ഭാഷയും വളരെ വേഗം സ്വായത്തമാക്കുമെന്നതിൽ സംശയമില്ല.**

## ഡ്യൂഒലിംഗൊ

duolingo

തികച്ചും സൗജന്യമായി പ്രവർത്തിക്കുന്ന ആപ്ലിക്കേഷനാണിത്. വിദേശഭാഷകളുടെ പഠനത്തിനായി മാത്രമാണ് ഈ ആപ്പ് നിർമിച്ചിരിക്കുന്നത്. ഭാഷകൾ എഴുതാനും, വായിക്കാനും, പറയാനും പഠിക്കാൻ ഇതു സഹായകമാണ്. കളികൾപോലെ ക്രമപ്പെടുത്തിയിരിക്കുന്ന ചെറുപാഠങ്ങളിലൂടെ ഭാഷ പഠിക്കാനാകും. കൃത്യമായി ഈ ആപ്പ് ഉപയോഗിച്ചു പഠിച്ചാൽ ഇംഗ്ലീഷ് നന്നായി സംസാരിക്കാൻ സാധിക്കും എന്നുമാത്രമല്ല, പദസമ്പത്തും വർധിക്കും. വാക്കുകൾ തെറ്റായി ഉച്ചരിച്ചു പഠിക്കാതിരിക്കാൻ ഈ ആപ്ലിക്കേഷനിൽ പ്രത്യേക ഓപ്ഷനുകൾ ലഭ്യമാണ്. പൊതുവായ ശൈലികളിൽനിന്നും വാചകങ്ങളിൽനിന്നും തുടങ്ങി ഘട്ടംഘട്ടമായി പുരോഗമിക്കുംവിധമാണ് ഇതിൽ പഠനം ക്രമീകരിച്ചിരിക്കുന്നത്. ഓരോ ദിവസവും ഒരു പുതിയ വാക്ക് പരിചയപ്പെടുത്തുന്ന പദ്ധതിയും വളരെ ഉപകാരപ്രദമാണ്. പത്തുകോടിയിൽപ്പരം തവണ ഈ ആപ്പ്, ഡൗൺലോഡ് ചെയ്യപ്പെട്ടിട്ടുണ്ട് എന്നു കണക്കുകൾ പറയുന്നു.

### ഡ്യൂഒലിംഗൊയുടെ പ്രത്യേകതകൾ

സൗജന്യമായി ഡൗൺലോഡ് ചെയ്യാം.

– ആസ്വദിച്ചു പഠിക്കാം. ചെറിയ ചെറിയ പാഠങ്ങളായി ക്രമപ്പെടുത്തിയിരിക്കുന്നതിനാൽ ബുദ്ധിമുട്ടില്ലാതെ, പഠനഭാരം അറിയാതെ, പഠിക്കാനാകും. പുരോഗതി വിലയിരുത്താനുള്ള സൗകര്യമുപയോഗിച്ച് എന്തുമാത്രം പഠിച്ചു എന്നു മനസ്സിലാക്കാം. കൂടുതൽ പഠിക്കാൻ ഇതു പ്രചോദനമാകും.

– സർവകലാശാലയിലെ ഒരു സെമസ്റ്റർ തലത്തിലുള്ള വിദ്യാഭ്യാസം നേടാൻ ഈ ആപ്ലിക്കേഷനിലെ മുപ്പത്തിനാലു മണിക്കൂർ പഠനംകൊണ്ടു സാധ്യമാണെന്നാണ് കമ്പനി അവകാശപ്പെടുന്നത്.

– ഇംഗ്ലീഷ് മാത്രമല്ല, ചൈനീസ്, ജാപ്പനീസ്, കൊറിയൻ, സ്പാനിഷ്, ഫ്രഞ്ച്, ജർമൻ, ഇറ്റാലിയൻ, റഷ്യൻ, പോർച്ചുഗീസ്, ടർക്കീഷ് എന്നിവയുൾപ്പെടെ അനേകം ഭാഷകളുടെ പഠനം ഈ ആപ്പിൽ ഒരുക്കിയിരിക്കുന്നു.

വെബ്സൈറ്റ്: www.duolingo.com

## മെമ്റൈസ്

MEMRISE

ലക്ഷക്കണക്കിനാളുകൾ ഉപയോഗിക്കുന്ന ആപ്ലിക്കേഷനാണിത്. ഈ ആപ്ലിക്കേഷന്റെ ഏറ്റവും വലിയ പ്രത്യേകത ഇതു യാന്ത്രികമായ പാഠങ്ങളല്ല നൽകുന്നത് എന്നതാണ്. യഥാർഥ ഭാഷാവിദഗ്ധർതന്നെ ഭാഷ പഠിപ്പിച്ചും സംസാരിച്ചും അറിവുനൽകുന്നു. ഭാഷ പഠിക്കാനും ഉപയോഗിക്കാനും പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള കളികളും ഒരുക്കിയിട്ടുണ്ട്.

ഉച്ചാരണശുദ്ധി ലഭിക്കാൻ ഉച്ചാരണഗൈഡ് തന്നെ. സംസാരത്തിന്റെ വേഗം, കേട്ടു മനസ്സിലാക്കാനുള്ള കഴിവ് എന്നിവയും വിശകലനം ചെയ്തു മനസ്സിലാക്കുവാൻ പാകത്തിൽ അനേകം ഗെയിമുകളും ഒരുക്കിയിട്ടുണ്ട്. ഉച്ചാരണശുദ്ധി ഉറപ്പുവരുത്താനുള്ള സംവിധാനംവഴി ശബ്ദം റെക്കോഡ് ചെയ്ത് ഭാഷ തദ്ദേശീയർ സംസാരിക്കുന്നതുമായി താരതമ്യം ചെയ്തു പഠനം സാധ്യമാക്കുന്നു.

ഓഫ്ലൈൻ മോഡ് – ഈ ഓപ്ഷൻ ഉപയോഗിച്ച് ഇന്റർനെറ്റ് ലഭ്യമല്ലാത്തപ്പോഴും ആപ്ലിക്കേഷൻ ഉപയോഗിച്ച് പഠനം നടക്കുന്നു.

ലഭ്യമായ ഭാഷകൾ: സ്പാനിഷ്, ഫ്രഞ്ച്, ജാപ്പനീസ്, ഇറ്റാലിയൻ, ജർമൻ, കൊറിയൻ, അറബിക്, റഷ്യൻ, ചൈനീസ്, പോർച്ചുഗീസ്, ഡാനിഷ്, സ്വീഡിഷ്, പോളിഷ്, നോർവീജിയൻ, ടർക്കിഷ്, ഡച്ച്, ഐസ്‌ലാൻഡിക്, മംഗോളിയൻ, ഇംഗ്ലീഷ്.

ഈ കോഴ്സുകളും സൗകര്യങ്ങളും ലഭ്യമാകാൻ മെമ്റൈസ് ആപ്പിൽ സബ്സ്ക്രൈബ് ചെയ്യേണ്ടതുണ്ട്. വേഗത്തിലും അനായാസവും പഠിക്കുവാനും റിവിഷൻ ചെയ്യുവാനും സഹായകമായ മറ്റ് ഓപ്ഷനുകളും ഇതിൽ ലഭ്യമാണ്.

ലിംഗൊഡിയർ, കേക്ക്, ഇൻഗുരു തുടങ്ങി മറ്റനേകം ആപ്പുകളും വിദേശഭാഷകൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി ലഭ്യമാണ്.

ഒരു പുതിയ ഭാഷ പഠിക്കുക എന്നാൽ വിശാലമായ ലോകത്തെ നോക്കിക്കാണാൻ ഒരു വാതായനംകൂടി തുറക്കപ്പെടുന്നു എന്നാണ് ചൈനീസ് പഴമൊഴി. ഈ പുതുവർഷത്തിൽ കൗതുകകരവും വിജ്ഞാനപ്രദവുമായ ഭാഷാപഠനം പുതുവത്സരപ്രതിജ്ഞയിൽ ഉൾക്കൊള്ളിക്കാം.

ലേഖിക എറണാകുളം ഗവ. ലോ കോളേജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്



# കൃഷിയിൽ സർക്കാർ അംഗീകാരം നേടി കുട്ടിക്കർഷകൻ

ഒരു നല്ല വിദ്യാർഥിക്കു മാത്രമേ നല്ല കർഷകനാകാൻ സാധിക്കുകയുള്ളൂ എന്നു തെളിയിച്ചുകൊണ്ട് തന്റെ കൊച്ചുകൃഷിയിടത്തിൽനിന്ന് മികച്ച വിളവെടുപ്പു നടത്തിയ കുട്ടിക്കർഷകന് സംസ്ഥാനസർക്കാരിന്റെ പുരസ്കാരം. പഠനത്തോടൊപ്പം പച്ചക്കറികൃഷിയും നടത്തി വിജയമാക്കിയ, കേരളത്തിൽ പച്ചക്കറികൃഷി നടത്തുന്ന മികച്ച രണ്ടാമത്തെ വിദ്യാർഥിയായി തിരഞ്ഞെടുക്കപ്പെട്ട **ടോമിൻ ഷിനു**വാണ് ഈ മിടുക്കൻ. കുറവിലങ്ങാട് സെന്റ് മേരീസ് ബി.എച്ച്.എസ്.എസിലെ എട്ടാം ക്ലാസ് വിദ്യാർഥിയായ ടോമിൻ അധ്യാപകനും ഒപ്പം കർഷകനുമായ പിതാവ് പാക്കരമ്പേൽ ഷിനു പി. തോമസിന്റെ പാത പിന്തുടർന്നാണ് കൃഷിയിടത്തിലേക്കിറങ്ങിയത്. വീടിന്റെ പരിസരത്തും ടെറസിലുമായി തക്കാളി, കോളിഫ്ളവർ എന്നിവയടക്കം ഇരുപതിനം പച്ചക്കറികൾ ടോമിൻ കൃഷി ചെയ്യുന്നുണ്ട്.

പച്ചക്കറികളിലെ കീടനിയന്ത്രണമാണ് ടോമിനെ അവാർഡിനർഹനാക്കിയത്. സൂക്ഷ്മനിരീക്ഷണത്തിലൂടെ കീടങ്ങളെ കണ്ടെത്തി നശിപ്പിക്കുന്ന രീതിയാണ് ടോമിൻ പിന്തുടരുന്നത്. അതുപോലെ തന്നെ തിരിനനയെന്ന ജലസേചനരീതിയുമുപയോഗിക്കുന്നു.

കാൽലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ മലയാളം അധ്യാപകനായ പിതാവ് ഷിനു പി. തോമസിന്റെയും റവന്യൂ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥയായ ലിജിയുടെയും മകനാണ് ഈ കൊച്ചുമിടുക്കൻ.

# കൊയ്യാം നൂറുമേനി

## ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ, ചെമ്മലമറ്റം



സമഗ്രവിദ്യാഭ്യാസപരിശീലനത്തിലൂടെ പത്താം ക്ലാസ് വിദ്യാർഥികൾക്കു മികവാർന്ന അക്കാദമിക നേട്ടം കൈവരിക്കാനായി ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ നടപ്പിലാക്കുന്ന 'കൊയ്യാം നൂറുമേനി' എന്ന പദ്ധതി ശ്രദ്ധേയമാകുന്നു. വ്യത്യസ്തമായ പഠനപരിശീലനങ്ങളിലൂടെ ഉയർന്ന ഗ്രേഡ് നേടുവാൻ കുട്ടികളെ സജ്ജരാക്കുകയാണ് പ്രസ്തുത പരിപാടിയുടെ ലക്ഷ്യം.

കൊവിഡ് മഹാമാരിയുടെ ഇക്കാലത്ത് അധ്യാപക-വിദ്യാർത്ഥിബന്ധം ഊഷ്മളമാക്കുന്നതിനും രക്ഷിതാക്കളുടെ പൂർണസഹകരണത്തോടെ പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പ്രത്യേക ഊന്നൽ നൽകുന്നു. പ്രഥമാധ്യാപകർ, ക്ലാസ് അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾക്കായി പഠനകൂടാരം, കൗൺസലിംഗ് എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. അധ്യാപകർ ഭവനസന്ദർശനം നടത്തി പഠനപ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ പഠനപിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നു.

'ഞങ്ങൾ ഇതാ നിങ്ങളുടെ അരികിൽ' എന്ന സാന്ത്വനം പരിപാടിയും ഇതോടൊപ്പം നടത്തിവരുന്നു. പഠനത്തോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങൾ ഓൺലൈനായി നടപ്പിലാക്കുന്നു. കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും നൂതനസാങ്കേതികവിദ്യ പൂർണതോതിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കുട്ടികളെ എത്തിക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

ലിറ്റിൽ കൈറ്റ്സ്, സ്കൗട്ട് ആൻഡ് ഗൈഡ്, ജൂണിയർ റെഡ്ക്രോസ്, പരിസ്ഥിതിക്ലബ് എന്നിവ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ബോധവത്കരണക്ലാസ്സുകൾ, ദിനാചരണങ്ങൾ, കലാമത്സരങ്ങൾ എന്നിവയും ഓൺലൈനായി നടത്തുന്നുണ്ട്.

കേന്ദ്രഗവൺമെന്റ് സഹായത്തോടെ ആരംഭിച്ച അടൽ ടിങ്കറിംഗ് ലാബിന്റെ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ ശാസ്ത്രഗവേഷണരംഗത്തു പ്രതിഭകളായി വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പാലാ കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ ബെസ്റ്റ് സ്കൂൾ അവാർഡ് 2013 ലും 2017 ലും ലഭിച്ചിട്ടുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മികച്ച ഹൈസ്കൂളിനുള്ള എം.എൽ.എ.യുടെ എക്സലൻസ് അവാർഡ് രണ്ടു തവണ ലഭിച്ചിട്ടുണ്ട്. കെ.സി.എസ്.എൽ. സംഘടനയുടെ പ്രവർത്തനങ്ങൾക്ക് രൂപത-സംസ്ഥാനതലങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 2019-20 വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ കെ.സി.എസ്.എൽ. സംസ്ഥാനതലത്തിൽ മൂന്നാംസ്ഥാനം കരസ്ഥമാക്കി. സ്കൂൾ മാനേജർ ഫാ. സഖറിയാസ് ആട്ടപ്പാട്ടിന്റെയും ഹെഡ്മാസ്റ്റർ പോൾ തോമസിന്റെയും നേതൃത്വത്തിൽ അധ്യാപകർ, മാനേജുമെന്റ്, പി.ടി.എ., എം.പി.റ്റി.എ. പ്രതിനിധികളും ഒരു മനസ്സോടെ 'കൊയ്യാം നൂറുമേനി' പദ്ധതിയിൽ അണിചേരുന്നു.

കഥ

# കറന്റു പോയ നേരം



ആൽബിൻ ജിജോ

"ഹലോ കെഎസ്ഇബി അല്ലേ, ഇന്നലെത്തൊട്ട് ഇവിടെ കറണ്ടില്ല. ഇത് എത്രാമത്തെ തവണയാണ് വിളിക്കുന്നതെന്നറിയാമോ?"

മൊബൈൽഫോൺ പോലും ചെവിയടയ്ക്കുന്ന കുറച്ചു വാക്കുകൾകൂടി തുന്നിപ്പിടിപ്പിച്ച് ആ സംഭാഷണശകലം അവസാനിപ്പിച്ചു. വിയർപ്പുതുള്ളികൾ ഒഴുകിയിറങ്ങുമ്പോഴെല്ലാം കെഎസ്ഇബിയെ ചീത്ത പറഞ്ഞുകൊണ്ടിരുന്നു.

തൊടിയിലേക്കിറങ്ങി നോക്കിയപ്പോൾ കോഴിപ്പൂവൻ ഒരു ഇരയെ കൊത്തിയെടുത്ത് പിടക്കോഴികൾക്കു കൊടുക്കുന്നതു കണ്ടു. ചാർജില്ലാത്ത ഫോൺ വെറുതെ കൈയിൽ പിടിച്ചിട്ടുണ്ട്. ഒരു തവണകൂടി അവരെ വിളിച്ച് ചീത്ത പറഞ്ഞാലോ? ആഹ്... ഇവന്മാരോടു പറഞ്ഞിട്ടു കാര്യമില്ല.

ഒരുറുമ്പ് മറ്റൊരു ഉറുമ്പിന് വഴികൊടുത്ത് മുന്നോട്ടു പോകുന്നു. ഇതൊക്കെ നോക്കിയിരിക്കാൻ ഒരുപാടു കൗതുകമുണ്ട്. നടന്നുനടന്ന് കോളനിയിലേക്കെത്തി. അവിടേക്കു പോകാൻ കൊള്ളില്ല. തിരിച്ചു പോയേക്കാം. ചെറുപ്പംമുതൽ ആ പരിസരങ്ങളിലേക്കു പോകാതെ നോക്കാറുണ്ട്.

പെട്ടെന്ന് ഒരു കറുത്ത പട്ടി അവിടേക്കു വരുന്നതു കണ്ടു. പിന്നാലെ ഒരു വെളുത്ത പട്ടിയും. അവർ ദീർഘദൂരം യാത്ര ചെയ്തുവെന്നു തോന്നുന്നു. ഒരു പൂടപ്പട്ടി അവരുടെകൂടെ നടക്കാൻ കൂടി. പെട്ടെന്ന് അതിന്റെ ഉടമസ്ഥൻ വന്ന് അതിനെ എടുത്തുകൊണ്ടുപോയി. പാവം പൂടപ്പട്ടി. ഇനി അത് കൂടിനുള്ളിലായിരിക്കും.

കറണ്ടുപോയതു നന്നായി. കുറച്ചു കാഴ്ചകൾ കാണാൻ പറ്റിയല്ലോ. പെട്ടെന്നു പരിസരബോധം വന്നു.

മുന്നിലൊരു കണ്ണാടി. എന്നെത്തന്നെയാണല്ലോ കാണുന്നത്. ഹോ, വീട്ടിലെത്തിയിരിക്കുന്നു.

അവരെ വിളിച്ച് ചീത്ത പറയാൻ, ചാവാറായ ഫോണിനെ വീണ്ടും കൈയിലെടുത്തു.

മുറ്റത്തൊരു ബൈക്കിന്റെ ശബ്ദം. അത് അവരാണെന്നു തോന്നുന്നു.

"എത്ര നേരമായി വിളിക്കുന്നതാ..."

കുറേ പരാതി അങ്ങു പറഞ്ഞു. ആശ്വാസം. അവർ ലൈൻ നോക്കുന്നതു കണ്ടു. ഒരു കമ്പ് വീണുകിടക്കുകയാണത്രേ. മുറിച്ചുമാറ്റാൻ സമയമെടുക്കും. ഫോണിൽ ചാർജില്ലല്ലോ. എന്തു ചെയ്യും? കെ.എസ്.ഇ.ബി.ക്കാരൻ ഒരു പവർ ബാങ്ക് നീട്ടി. അതിൽ ഫോൺ കുത്തിയിട്ടു.

"എപ്പോഴും ഇതുമായിട്ടാണോ നടപ്പ്?"

"വീട്ടിൽ കറണ്ടില്ല. അതോണ്ട് എടുത്തതാ..." ആ ലൈൻമാന്റെ ഫോണിലേക്ക് ആരോ വിളിക്കുന്നു. ഫോണെടുത്ത് അയാൾ എന്തോ പറയുന്നു. ഉടനെ വരാമെന്നോ മറ്റോ ആണെന്നു തോന്നുന്നു. ഹാ... എന്തേലുമാകട്ടെ, എനിക്ക് ഒരു പവർബാങ്ക് കിട്ടിയല്ലോ. ഇരുപതു ശതമാനമേ മിച്ചമുള്ളൂ. ലൈൻമാൻ ഫോൺ അവിടെ വച്ചിട്ട് കമ്പു വെട്ടാൻ പോയി. സ്ക്രീനിൽ ഒരു മെസേജ്: 'ഒൺലി 2 % റിമെയിനിംഗ്.' അടുത്തുനിന്ന മാവിൽനിന്ന് ഒരു മാങ്ങ നിലത്തേക്കു വീണു.



*കഥാകാരൻ പാലാ സെന്റ് തോമസ് കോളജ് ബിഎസ്‌സി (മാത്‌സ്) രണ്ടാം വർഷ വിദ്യാർത്ഥിയാണ്.*

# മലയാഴ്മയുടെ വൈയാകരണൻ



ശ്രീദേവി എസ്.കെ.



റവ. ജോർജ് മാത്തൻ

മലയാളഭാഷയ്ക്ക് നിരവധി സംഭാവനകൾ നൽകിയ ഭാഷാപണ്ഡിതനായിരുന്നു റവ. ജോർജ് മാത്തൻ. 1819 സെപ്റ്റംബർ 25 ന് ചെങ്ങന്നൂരിലെ പുത്തൻകാവിൽ കിഴക്കേത്തലയ്ക്കൽ മാത്തൻ തരകന്റെയും കിഴക്കേ പുത്തൻകാവിൽ പുത്തൻവീട്ടിൽ അന്നമ്മയുടെയും മകനായി ജനിച്ച ഇദ്ദേഹം ആംഗ്ലിക്കൻ സഭയുടെ ആദ്യ നാട്ടുപട്ടക്കാരനുമായിരുന്നു.

ജോർജ് മാത്തൻ ജനിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ അച്ഛൻ മരിച്ചു. പിതൃസഹോദരനായ കിഴക്കേവീട്ടിൽ കുര്യൻ കത്തനാരാണ് രക്ഷാകർത്താവായത്. കുര്യൻ കത്തനാർ അവിഭക്ത മലങ്കരസഭയിലെ വൈദികനായിരുന്നു. സഹോദരപുത്രനെയും പൗരോഹിത്യത്തിലേക്ക് ആനയിക്കുവാൻ ആഗ്രഹിച്ച കത്തനാർ കുട്ടിയെ സുറിയാനി പഠിപ്പിച്ചു. അധികം കഴിയുംമുമ്പ് ചേപ്പാട്ട് മാർ ദിവന്നാസ്യോസിൽ നിന്ന് കാറോയ എന്ന പ്രാഥമിക വൈദികപട്ടം നേടി. കോട്ടയം പഴയ സെമിനാരിയിൽ ചേർന്ന് ഇംഗ്ളീഷ്, ഗ്രീക്ക്, സംസ്കൃതം എന്നിവ പഠിച്ചു. അക്കാലത്ത് ബെയ്‌ലി, ഫെൻ, ബേകാർ തുടങ്ങിയ വിദേശീയ മിഷണറിമാരുമായി പരിചയപ്പെട്ടു. 1837 ൽ ഒരു സുഹൃത്തിനൊപ്പം മദിരാശിയിൽ ഉപരിപഠനത്തിനു പോയി. മദിരാശിയിൽ ബിഷപ് കോറീസ് ഗ്രാമർ സ്കൂളിൽ ചേർന്നു. അവിടെ ലാറ്റിൻ പഠിച്ചു. ഒപ്പം, ഗണിതവും തത്ത്വശാസ്ത്രവും. മദിരാശി സർക്കാർ നടത്തിയ ഒരു ഗണിതപരീക്ഷയിൽ പ്രശംസനീയമാംവിധം ജയിച്ചു. തത്ഫലമായി ഗവൺമെന്റ് ട്രാൻസ്‌ലേറ്റർ എന്ന ഉദ്യോഗം ലഭിക്കുമായിരുന്നു. എന്നാൽ, ജോലി സ്വീകരിച്ചില്ല. വൈദികവൃത്തിയിൽ ആകൃഷ്ടനായ ജോർജ് മാത്തൻ 1844 ജൂണിൽ വൈദികനായി. മാവേലിക്കരയിലാണ് വൈദികവൃത്തി തുടങ്ങിയത്.

ഭാഷാപണ്ഡിതർ നിരവധി വിശേഷണങ്ങൾ ചാർത്തിക്കൊടുത്തിട്ടുണ്ട് അദ്ദേഹത്തിന്. ആദ്യ മലയാളഭാഷാവ്യാകരണകർത്താവും, ആദ്യ മലയാളി പത്രാധിപരും, സാമൂഹികപരിഷ്കരണയജ്ഞങ്ങളിൽ സജീവ പങ്കാളിയുമായിരുന്ന അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ 'ജ്ഞാനനിക്ഷേപ'മാണ് ലക്ഷണമൊത്ത ആദ്യ മലയാളപത്രം. ജ്യോതിശാസ്ത്രം, അദ്വൈതം എന്നീ വിഷയങ്ങളെക്കുറിച്ച് ജ്ഞാനനിക്ഷേപത്തിൽ ലേഖനങ്ങൾ ഉണ്ടായിരുന്നു. മറ്റു ഭാഷകളിലെ നവയുക്തികളെ സ്വാംശീകരിക്കുകയും മലയാള ഭാഷാഗദ്യത്തെ സമ്പന്നമാക്കുകയും ചെയ്ത അദ്ദേഹം, മലയാളഭാഷയ്ക്കു നൽകിയ പ്രഥമ വ്യാകരണഗ്രന്ഥമാണ് 'മലയാഴ്മയുടെ വ്യാകരണം'. 1851 ൽ ഗുട്ടൻബർഗിന്റെ 'മലയാളഭാഷാ വ്യാകരണം' പ്രസിദ്ധീകരിക്കുന്നതിനുമുൻപുതന്നെ' മലയാഴ്മയുടെ വ്യാകരണം' തയ്യാറായിരുന്നുവെങ്കിലും 1863 ൽ മാത്രമേ പ്രസിദ്ധീകരിക്കാൻ പറ്റിയുള്ളൂ.

വൈക്കം മധുവിന്റെ 'ഇടയാളം' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു:

''റവ. ജോർജ് മാത്തൻ രചിച്ച്, 1863 ൽ പ്രസിദ്ധപ്പെടുത്തിയ 'മലയാഴ്മയുടെ വ്യാകരണം' ആണ് ഒരു മലയാളി മലയാളത്തിൽ എഴുതിയ ആദ്യ വ്യാകരണഗ്രന്ഥം. ഇതിൽ ചിഹ്നം സ്വീകരിച്ചു തുടങ്ങിയതായി കാണുന്നുണ്ട്. മലയാളത്തിൽ ചിഹ്നങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത് ജോർജ് മാത്തൻ ആണെങ്കിലും അതിനുള്ള അംഗീകാരം അദ്ദേഹത്തിനു ലഭിക്കാതെപോയത് മലയാളികളുടെ ദൗർഭാഗ്യംതന്നെ. കാരണം, ഗുട്ടൻബർഗിന്റെ വ്യാകരണ ഗ്രന്ഥത്തിന്റെ ആദ്യഭാഗം പുറത്തിറങ്ങുന്നതിനു മുമ്പുതന്നെ ജോർജ് മാത്തൻ 'മലയാഴ്മയുടെ വ്യാകരണം' എഴുതി പൂർത്തിയാക്കി 'സ്കൂൾ ബുക്ക് സൊസൈറ്റി'ക്ക് പ്രസിദ്ധീകരണത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നതായി ഡോ. ബി.ആർ. പ്രബോധചന്ദ്രൻ നായർ പുസ്തകത്തെ പരിചയപ്പെടുത്തി പ്രസ്താവിക്കുന്നുണ്ട്. ഇതേ വസ്തുത ഡോ. പുതുശ്ശേരി രാമചന്ദ്രൻ കേരളപാണിനീയ വിമർശനത്തിലും പരാമർശിക്കുന്നുണ്ട്. എന്നാൽ, വലിപ്പക്കൂടുതൽ കാരണം അവർ പ്രസിദ്ധീകരിക്കാതെ വരികയും സാമ്പത്തികഞെരുക്കത്തിൽ ഒരു പതിറ്റാണ്ടിനുശേഷംമാത്രം (19-06-1863) അദ്ദേഹത്തിന് സ്വന്തം ചെലവിൽ പ്രസിദ്ധീകരിക്കേണ്ടി വരികയും ചെയ്തു. അപ്പോഴേക്കും ഗുട്ടൻബർഗ് നിഘണ്ടു പുറത്തിറങ്ങി ജനസമ്മിതി നേടിക്കഴിഞ്ഞിരുന്നു. അതോടെ മലയാളത്തിൽ ചിഹ്നങ്ങളുപയോഗിച്ചുതുടങ്ങിയ ആദ്യത്തെ വ്യാകരണഗ്രന്ഥത്തിന്റെ കർത്താവ് എന്ന പദവി ഒരു മലയാളിക്കു നഷ്ടപ്പെടുകയും ചെയ്തു എന്നത് ദുഃഖകരമായ ചരിത്രം.''

അക്ഷരലക്ഷണം, പദലക്ഷണം എന്നു രണ്ടു കാണ്ഡങ്ങളിലായി മലയാഴ്മയുടെ വ്യാകരണം തിരിച്ചിരിക്കുന്നു. ആദ്യത്തെ കാണ്ഡത്തിൽ സംജ്ഞ, സന്ധി എന്നീ രണ്ട് അധ്യായങ്ങളും രണ്ടാം കാണ്ഡത്തിൽ നാമം, വചനം, അവ്യയം എന്നിങ്ങനെ മൂന്നു ഭാഗങ്ങളും ഉണ്ട്. മലയാഴ്മയുടെ വ്യാകരണം കൂടാതെ, 'സത്യവാദഖേടം' എന്നൊരു ഗ്രന്ഥംകൂടി അദ്ദേഹം രചിച്ചിട്ടുണ്ട്. ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂറിൽ നടന്ന ഗ്രന്ഥരചനാമത്സരത്തിൽ 'സത്യവാദഖേടം 'എന്ന ഗ്രന്ഥം സമ്മാനാർഹമായി. സത്യസന്ധതയെപ്പറ്റിയുള്ള ഒരു പ്രബന്ധം ആണിത്.

ഒരു ശാസ്ത്രലേഖകൻകൂടിയായിരുന്നു റവ. ജോർജ് മാത്തൻ. ആയില്യം തിരുനാൾ രാമവർമ മഹാരാജാവിന്റെ കാലത്ത് പാഠപുസ്തകരചനയിലും അദ്ദേഹം സംഭാവനകൾ നൽകി. മലയാളിയുടെ വ്യാകരണത്തിൽ 51 അക്ഷരങ്ങൾ ഉള്ള മലയാളം അക്ഷരമാലയെ പത്തച്ചും (സ്വരങ്ങൾ) 38 ഹല്ലും (വ്യഞ്ജനം) കൂടി 48 അക്ഷരമാലയായി അവതരിപ്പിക്കുന്നു. 'കൾ', 'മാർ', 'ആർ' തുടങ്ങി ബഹുസംഖ്യാപ്രത്യയങ്ങളും മറ്റും ഭാഷയിലേക്കു വന്നത് ഈ ഗ്രന്ഥംവഴിയാണ്. 214 പേജുകളുള്ള ഈ പുസ്തകത്തിൽ 47 വകുപ്പുകളുണ്ട്.

പിൽക്കാലത്ത് മലയാളവ്യാകരണം എഴുതിയവർക്കൊന്നും ജോർജു മാത്തന്റെ വ്യാകരണത്തെപ്പറ്റി പറയാതിരിക്കാനായില്ല. എ.ആർ. രാജരാജവർമ പിൽക്കാലത്ത് കേരളപാണിനീയം രചിച്ചപ്പോഴും അദ്ദേഹത്തിനു സഹായകമായിത്തീർന്ന ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ 'മലയാഴ്മയുടെ വ്യാകരണ'ത്തെ ശ്ലാഘിച്ചിട്ടുണ്ട്.

സംവൃതോകാരത്തിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞിരുന്നു. അതു സൂചിപ്പിക്കാൻ പ്രത്യേക ചിഹ്നം ഉപയോഗിക്കണമെന്നും അദ്ദേഹം പറയുന്നു. പക്ഷേ, അച്ചില്ലാഞ്ഞതിനാൽ തമിഴ് രീതിയിൽ 'ഉ' കാരം ഉപയോഗിച്ചിരുന്നു. അതിനെ അദ്ദേഹം അർധാചു എന്ന് പേരിട്ടു വിളിച്ചു.

'ബാലാഭ്യസനം ' എന്ന വിദ്യാഭ്യാസഗ്രന്ഥത്തിൽ മാതൃഭാഷ മഹത്തരമാണെന്നും അധ്യയനം അതിലേക്കു മാറണമെന്നും ഇത് ഭരണഭാഷയാകണമെന്നും അന്നേ അദ്ദേഹം വാദിച്ചിരുന്നു. കുട്ടികളെ ഏതു സാഹചര്യങ്ങളിലാണ് ശിക്ഷിക്കേണ്ടതെന്നും ഇതിൽ ഉപദേശിക്കുന്നുണ്ട്.

തച്ചുശാസ്ത്രം, ഗണിതം, ജ്യോതിശാസ്ത്രം എന്നിവയിലും അഗ്രഗണ്യനായിരുന്നു അദ്ദേഹം. പിന്നാക്കസമുദായങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച ഇദ്ദേഹം 1845 ൽ മല്ലപ്പള്ളി പന്നിക്കുഴി ഈപ്പൻ തരകന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. തുടർന്ന്, പതിനാറുകൊല്ലം മല്ലപ്പള്ളിയിൽ ജോലി ചെയ്തു. അതിനാൽ ജോർജ്ജ് മാത്തൻ മല്ലപ്പള്ളീലച്ചൻ എന്നറിയപ്പെട്ടിരുന്നു. മാത്രമല്ല ഗീവർഗ്ഗീസ് പാതിരി, ചല്ലപ്പ ഇലയൻ എന്നീ പേരുകളിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. സുറിയാനി, ഇംഗ്ലീഷ്, ഗ്രീക്ക്, ഹീബ്രു സംസ്കൃതം, തമിഴ്, തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്ന ഇദ്ദേഹത്തിനു കേരളത്തിലെ നവോത്ഥാനചരിത്രത്തിൽ ശ്രദ്ധേയമായ ഒരു സ്ഥാനമുണ്ട്.

1862 ൽ രോഗബാധിതനായി 1870 മാർച്ച് നാലിന് ജീവിതയാത്ര അവസാനിച്ചു. അന്ത്യവിശ്രമം കൊള്ളുന്നത് തലവടി സിഎസ്ഐ പള്ളിയിൽ. അദ്ദേഹം ഭാഷയ്ക്കു നൽകിയ സംഭാവനകളുടെ ഓർമയ്ക്കായി മാവേലിക്കര കോളജിൽ ഒരു പഠനവേദി രൂപീകരിച്ചിട്ടുണ്ട്. ■

---

**ശ്രേഷ്ഠമലയാളം**

ഡോ. ഡേവിസ് സേവ്യർ

## സ്വത്വം

സ്വത്വം എന്ന സംസ്കൃതശബ്ദത്തിന്, തനതുസത്ത, മമത, തന്റേതെന്ന ഭാവം, ഉടമസ്ഥാവകാശം വ്യക്തിത്വം തുടങ്ങിയ അർത്ഥങ്ങളാണ് കേരളഭാഷാനിഘണ്ടുകാരൻ നൽകിയിരിക്കുന്നത്. മറ്റ് പ്രമുഖ നിഘണ്ടുകർത്താക്കളും ഇതേ വിവക്ഷിതത്വത്തിൽ സ്വത്വത്തെ പരിഗണിച്ചിരിക്കുന്നു. സ്വ+ത്വം എന്നാണ് സ്വത്വത്തിന്റെ പിരിച്ചെഴുത്തുരൂപം. 'സ്വ' എന്ന വിശേഷണത്തോടാണ് 'ത്വം' എന്ന ഭാവപ്രത്യയം ചേരുന്നത്. 'സ്വ' എന്നതിന് തന്നെ സംബന്ധിച്ച, തനിക്കുള്ള, സ്വന്തമായ എന്നെല്ലാം അർത്ഥം വരാം. 'സ്വ' എന്നതിനോട് 'ത്വം' ചേർന്നുവരുമ്പോഴാണ് ആദ്യം സൂചിപ്പിച്ച അർത്ഥം ലഭിക്കുന്നത്. സ്വത്ത്വം തെറ്റായ രൂപമാണ്. ഇരട്ടിച്ചെഴുതേണ്ട സന്ദർഭം ഭാഷയിൽ ഒരിടത്തുമില്ല.

identity എന്ന ഇംഗ്ലീഷ് പദത്തിനു സമാനമായി സ്വത്വം എന്നും identity crisis എന്നതിന് സ്വത്വപ്രതിസന്ധി എന്നും മലയാളത്തിൽ ഉപയോഗിക്കുന്നു. സാഹിത്യത്തിലെ ആധുനികതാവാദത്തിന്റെ (modernism) സാമൂഹികപരിസരത്ത് രൂപംകൊണ്ട ഒന്നത്രേ സ്വത്വപ്രതിസന്ധി.

നിഘണ്ടുക്കൾ നൽകുന്ന വിവക്ഷിതങ്ങളിലല്ല സ്വത്വം എന്ന പദത്തിന്റെ ഇപ്പോഴത്തെ നിലനില്പ്. വിപുലവും ആഴമുള്ളതുമായ അർത്ഥമണ്ഡലം സ്വത്വം എന്ന ശബ്ദം ഉൾക്കൊള്ളുന്നുണ്ട്. അത് എളുപ്പം പിടികിട്ടണമെന്നില്ല. സ്വത്വം എന്നാൽ എന്ത്? എം.കെ. സാനു സരളമായി വിശദീകരിക്കുന്നു: "ജന്മവാസനയും പാരമ്പര്യവും സാഹചര്യവുമാണ് ഏതൊരു മനുഷ്യന്റെയും സ്വഭാവം രൂപപ്പെടുത്തുന്നത്. ആ സ്വഭാവമാണ് വ്യക്തിത്വത്തിന്റെ കാതൽ. അതേക്കുറിച്ച് സ്വത്വം, ആത്മവത്ത (ആത്മനിയന്ത്രണം, വിവേകം) എന്നും മറ്റും നാം പറഞ്ഞുപോകുന്നു. സാഹചര്യമെന്നു പറയുന്നതിൽ വിദ്യയ്ക്ക് പ്രധാന പങ്കാണുള്ളതെന്നു മറക്കരുത്." ** സ്വത്വത്തെ ഇത്രയും ലളിതമായി മറ്റാരും നിർവചിച്ചുകണ്ടിട്ടില്ല. സുശിക്ഷിതരായ എഴുത്തുകാർക്കേ ഇങ്ങനെയൊക്കെ തെളിച്ചമുള്ള ഭാഷയിൽ പറഞ്ഞുതരാൻ കഴിയൂ. ഓരോരുത്തർക്കും അവരവരുടെ അനുഭവപ്രപഞ്ചത്തിന്റെ വ്യാപ്തിക്കനുസരിച്ച് വ്യാഖ്യാനിക്കാവുന്ന സഹാർത്ഥമണ്ഡലം അത്തരം വാക്കുകൾ ഉൾക്കൊള്ളുന്നു.

** ഗുപ്തൻ നായർ, എസ്., ചീഫ് എഡിറ്റർ, കേരള ഭാഷാ നിഘണ്ടു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997, പുറം: 1416*

*** സാനു എം.കെ., ചിന്താവിഷ്ടയായ സീത (സ്വാതന്ത്ര്യത്തിന് ഒരു നിർവചനം, എൻ.ബി.എസ്. കോട്ടയം, 2019, പുറം:36*

# ക്രിസ്തുരാജദർശനം, പിന്നെ ബ്രസീലിയൻ വിഭവങ്ങളും

സഞ്ചാരം



ഡോ. ജെ. കട്ടയ്ക്കൽ

*(കഴിഞ്ഞ ലക്കം തുടർച്ച)*



**തെ**ക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ പ്രമുഖ രാഷ്ട്രമാണ് ബ്രസീൽ; തെക്കേ അമേരിക്കയുടെ ഭൂരിഭാഗവും ഉൾക്കൊള്ളുന്നതാണ് ബ്രസീൽ. ലോകത്തിലെ ഏറ്റവും വലിയ മഹാനദികളിലൊന്നായ ആമസോൺ, ബ്രസീലിനെ മുഴുവൻ പരിപോഷിപ്പിക്കുകയും ഫലപുഷ്ടമാക്കുകയും ചെയ്യുന്നു. അറ്റ്ലാന്റിക്കിൽ പതിക്കുന്നിടത്ത് ആമസോണിന്റെ വീതി മുപ്പത്തിമൂന്നു കിലോമീറ്ററാണ്.

വിസ്തൃതി നോക്കിയാൽ, ബ്രസീൽ രാഷ്ട്രം ഇന്ത്യയുടെ മൂന്നിരട്ടിയാണ്; ജനസംഖ്യ പരിഗണിച്ചാൽ, ഏതാണ്ട് അഞ്ചിലൊന്നാണ് - ഇരുപത്തിയഞ്ചു കോടിയിലേറെ കത്തോലിക്കർ വസിക്കുന്ന ബ്രസീൽ ആണ്, ലോകത്തിലെ ഏറ്റവും അംഗസംഖ്യയുള്ള കത്തോലിക്കാരാജ്യം. അങ്ങകലെയുള്ള പോർട്ടുഗൽ രാജ്യത്തിന്റെ കോളനിയായിരുന്ന ബ്രസീൽ, മതത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ പോർട്ടുഗീസ് മയമാണ് - ആസന്നഭാവിയിലെ ഒരു 'സൂപ്പർ പവർ' ആണ് - ഈ തെക്കേ അമേരിക്കൻ രാഷ്ട്രം.

**റിയോ നഗരവും മഹാപർവതവും**

ബ്രസീലിന്റെ ഏറ്റവും വലിയ നഗരമാണ് റിയോ ഡി ജെനേറോ - ഈ പേരിനും ഒരു പ്രത്യേകതയുണ്ട്; റിയോ എന്നാൽ നദി, ജെനേറോ എന്നതിന് ജനുവരിമാസം എന്നാണർഥം. പോർട്ടുഗീസ് നാവികർ ആമസോണിൽക്കൂടി കപ്പൽയാത്ര ചെയ്ത് 'റിയോ' യിൽ (പതനസ്ഥലത്ത്) വന്നിറങ്ങിയത്, ഒരു ജനുവരിമാസത്തിലാണ് - ഭക്തകത്തോലിക്കർക്ക് ജനുവരിമാസം മുഴുവൻ സെന്റ് സെബാസ്റ്റ്യന്റെ തിരുനാളാഘോഷങ്ങളാണ്. അതിനാൽ, പോർട്ടുഗീസ് കത്തോലിക്കർക്ക്, ജനുവരിമാസം, സെന്റ് സെബാസ്റ്റ്യന്റെ പര്യായമാണ്. റിയോ നഗരത്തിലെ ഒരു സുദീർഘകടൽപ്പാലത്തിന് പന്ത്രണ്ടു കിലോമീറ്ററാണ് നീളം.

**റിയോ ബീച്ച്**

ലോകത്തിലെ അതിമനോഹരവും സുദീർഘവും സുരക്ഷിതവുമായ കടൽത്തീരങ്ങളിലൊന്നാണ് റിയോ ബീച്ച്. ബ്രസീലിന്റെ കരഭൂമിയെ ചുംബിച്ചുകൊണ്ട് വടക്കുനിന്നു തെക്കോട്ടു നീണ്ടുകിടക്കുന്ന അറ്റ്ലാന്റിക് മഹാസമുദ്രത്തിന്റെ ദാനമാണ് റിയോ ബീച്ച്. മിതോഷ്ണപ്രദേശമായ റിയോയിൽ തെങ്ങ് അനവധി - അതിനാൽ, സന്ദർശകർക്ക് മിതമായ വിലയ്ക്ക് തേങ്ങായും കരിക്കും സുലഭം. ബീച്ച് മുതൽ ഒരു കി.മീ. ഉള്ളിലേക്ക്, കടലിൽ ആഴക്കുറവും, തെളിഞ്ഞ വെള്ളവും - ശാരദം സലിലവും.

ബീച്ചിന്റെ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട്, ഒന്നരക്കോടി ജനങ്ങൾ വസിക്കുന്ന റിയോ വൻനഗരം തൊട്ടടുത്ത്. ബ്രസീൽ നഗരത്തോടു ചേർന്നുകിടക്കുന്ന കൊർക്കൊവാദോ പർവതം ഒരു സവിശേഷതയാണ്; ഈ പർവതത്തിന്റെ ശൃംഗത്തിൽ സുദൃശ്യമായ ഭാഗത്ത്, എഴുപതുമീറ്റർ (160 അടി) ഉയരത്തിൽ, സദാ തിളങ്ങി പ്രകാശിച്ചുനിൽക്കുന്ന ക്രിസ്തുരാജപ്രതിമ - ഇരുകൈകളും വിരിച്ച്, പ്രേക്ഷകരെയെല്ലാം ആശീർവദിച്ചുകൊണ്ടുനിൽക്കുന്ന ക്രിസ്തുസ്വരൂപം, റിയോ നഗരത്തിന്റെ ഒരു പ്രത്യേകതയാണ്. നഗരത്തിന്റെയോ ബീച്ചിന്റെയോ ഏതു ഭാഗത്തുനിന്നു നോക്കിയാലും ലോകരക്ഷകൻ മനുഷ്യരെയെല്ലാവരെയും ആശീർവദിച്ചുകൊണ്ടു നിൽക്കുന്ന ദൃശ്യം ആശ്വാസദായകമാണ്. കാറിൽ അരമണിക്കൂർ യാത്ര ചെയ്തപ്പോൾ, ഞാനും എന്റെ സുഹൃത്തും ക്രിസ്തുരാജസ്വരൂപത്തിന്റെ സമീപമെത്തി - അപ്പോഴാണ് മനസ്സിലാകുന്നത്, ഈ മഹാക്രിസ്തുരൂപത്തിന്റെ അടിഭാഗം ഒരു ആരാധനാലയം കൂടിയാണെന്ന്. മുപ്പതിലേറെപ്പേർ, അവിടെ പരിശുദ്ധകുർബാനയുടെ മുമ്പിൽ ആരാധനയിൽ ലയിച്ചിരിക്കുന്നതും ഞങ്ങൾ കണ്ടു.

**ബ്രസീലിൽനിന്ന് കേരളത്തിനു സംഭാവന**

പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസ് നാവികർ, ബ്രസീലിൽനിന്ന് കേരളത്തിലെത്തിച്ച വിഭവങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുകയും കൂടിയായിരുന്നു, എന്റെ ബ്രസീൽ യാത്രയുടെ ഒരു ലക്ഷ്യം. ബ്രസീലിന്റെയും ദക്ഷിണഭാരതത്തിന്റെയും 'കൊളോണിയൽ' അധികാരികളായിരുന്ന പോർട്ടുഗീസ് സഞ്ചാരികൾ, ഒരു കാര്യം മനസ്സിലാക്കി: 'ബ്രസീലിന്റെ പല ഭാഗത്തുമുള്ള ഉഷ്ണമേഖലാകാലാവസ്ഥതന്നെയാണ് കേരളത്തിലുള്ളത്. അതുകൊണ്ട്, ബ്രസീലിൽ വളരുന്ന അനേകം വൃക്ഷലതാദികൾ കേരളത്തിലും സമൃദ്ധമായി വളരും.' തത്ഫലമായി പോർട്ടുഗീസ് കപ്പൽസഞ്ചാരികൾ പതിനാറായിരം കി.മീ. അകലെ ബ്രസീലിൽനിന്ന് അനേകം വിഭവങ്ങൾ ഇങ്ങ് ഇവിടെ കേരളത്തിലും ഗോവയിലും എത്തിച്ചു. ബ്രസീലിനെക്കുറിച്ച് ഒട്ടുംതന്നെ ഭൂമിശാസ്ത്രജ്ഞാനം ഇല്ലാതിരുന്ന നമ്മുടെ പൂർവികർ ആ വിഭവങ്ങളിൽ പലതിനും 'കപ്പൽമാർഗം ഇവിടെ എത്തിച്ചത്' എന്നു പേരുകൊടുത്തു. അങ്ങനെയാണ്, 'കപ്പൽക്കിഴങ്ങ്' അഥവാ കപ്പ (മരച്ചീനി),'കപ്പൽമാവ്' അഥവാ കശുമാവ്, കപ്പളം (കപ്പപളം), കടലാവണക്ക്, കടല അഥവാ നിലക്കടല, എന്നീ പേരുകൾ ഇവിടെ രൂപംകൊണ്ടത്. കപ്പലണ്ടിക്ക് ചിലയിടങ്ങളിൽ 'പറങ്കിയണ്ടി' (പ്രാങ്കന്മാർ, ഫ്രഞ്ച്-പോർട്ടുഗീസുകാർ ഇവിടെയെത്തിച്ചത്) എന്നും പേരുണ്ട്. കപ്പലണ്ടിക്ക് അഥവാ പറങ്കിയണ്ടിക്ക് 'കശുവണ്ടി' എന്നും പേരുണ്ടല്ലോ-കപ്പലണ്ടിയുടെ ജന്മനാടായ ബ്രസീലിൽ, അവിടത്തെ ആദിവാസികൾ അവരുടെ ഭാഷയിൽ 'അക്കാഷു' എന്നാണ്, കപ്പലണ്ടിക്ക് പേരു പറയുന്നത്; ബ്രസീലിയൻ ആദിവാസികളുടെ 'അക്കാഷു' ആണ് നമ്മുടെ ക്യാഷുനട്ട്.

'കോവയ്ക്ക'യുടെ നാമോത്പത്തിയും രസകരമാണ്. പോർട്ടുഗീസുകാർ, ബ്രസീലിൽനിന്നു കൊണ്ടുവന്ന കോവയ്ക്ക ആദ്യം കൃഷി ചെയ്തത്, ഗോവയിലാണ്. 'ഗോവയ്ക്ക' എന്നു നാട്ടുകാർ അതിനു പേരുകൊടുത്തു. എന്നാൽ, തമിഴന് 'ഗോവ' എന്ന പദം 'കോവൈ' എന്നായി. കൊവൈയിൽനിന്നു വന്ന കായ് ആണ് മലയാളിക്ക് കോവയ്ക്ക ആയി മാറിയത്.

അതുപോലെ, ബ്രസീലിൽനിന്ന്, പോർട്ടുഗീസുകാർ വഴി നമുക്കു കിട്ടിയതാണ്, സപ്പോട്ട, ടൊമാറ്റോ അഥവാ തക്കാളി, പൊട്ടറ്റോ അഥവാ ഉരുളക്കിഴങ്ങ്, റബർ എന്നിവയും. റ്റൊമാറ്റോ എന്നു പോർട്ടുഗീസ് പദത്തിന് 'കൊച്ചുതൊമ്മൻ' എന്നാണർഥം. പൊട്ടറ്റോയുടെ അർത്ഥം പോർട്ടുഗീസുരാജ്യത്തെ നാണയത്തിന്റെ പേരാണ്. നമ്മുടെ നാട്ടിൽ കിട്ടുന്ന പൊട്ടറ്റോ, ഉരുണ്ടതാണെങ്കിലും നീണ്ടതും വളഞ്ഞതുമായ പൊട്ടറ്റോയും ഞാൻ ബ്രസീലിൽ ധാരാളമായി കണ്ടു. റബറും ബ്രസീൽ സ്വദേശിയാണ്. ബ്രിട്ടീഷുകാർ, റബർ ആദ്യം മലേഷ്യയിലെത്തിച്ചു. മലേഷ്യയിൽനിന്ന് കേരളത്തിലേക്കും. റബ് ചെയ്യാൻ (മായ്ക്കാൻ) കൊള്ളാവുന്നത് എന്നാണ് റബറിന്റെ യഥാർത്ഥ മൂലാർഥം. ഈ വിഭവങ്ങളെല്ലാം ഇന്ത്യയിലെത്തിച്ച പോർട്ടുഗീസുകാർക്കു നന്ദി.

■

## 2 കേരളത്തിലെ കാട്ടുമൃഗങ്ങൾ

മാത്യൂസ് ആർപ്പൂക്കര

**കേ**രളത്തിലെ കാടുകളിൽ പുഴുവും ശലഭവും മുതൽ ആനയും കടുവയും വരെ കാണാനാവും. കടുവയെ കേരളത്തിലെ വനരാജനെന്നു വിശേഷിപ്പിക്കാം. ഒപ്പം മറ്റൊരു പ്രധാന വിശേഷണംകൂടി കടുവയ്ക്കുണ്ട്. കടുവ നമ്മുടെ രാജ്യത്തിന്റെ ദേശീയമൃഗമാണ്. വിവിധ ഏഷ്യൻ രാജ്യങ്ങളിൽ ഇവ കാണപ്പെടുന്നു. ശക്തിയിൽ സിംഹത്തെപ്പോലും തോൽപിക്കാൻപോന്ന മൃഗംതന്നെ കടുവ. കേരളത്തിൽ ഏതാണ്ട് എല്ലാ കാടുകളിലും കടുവകളെ കണ്ടുവരുന്നു.

### ഇന്ത്യയുടെ ദേശീയ മൃഗം



വന്യജീവിയാക്രമണം തുടർക്കഥയാകുന്ന വയനാട്ടിൽ 2020 ജൂൺമാസത്തിൽ അതിദാരുണമായൊരു സംഭവം നടന്നു. കടുവ തന്നെ വില്ലൻ! 24 വയസ്സുള്ള ശിവകുമാറിനെ കടുവ കൊന്നുതിന്നു. പുൽപ്പള്ളി കാര്യമ്പാതി ബസവൻകൊല്ലി കോളനി ആദിവാസി മാധവന്റെ മകനെയാണിങ്ങനെ കടുവ ഇരയാക്കിയത്. ശിവകുമാറിന്റെ മുഖവും കാലുകളും മാത്രമായിരുന്നു ബാക്കി.

സാധാരണമായി കടുവകളെ വനത്തിൽ കാണുക പ്രയാസമാണ്. മിക്കവാറും ഇവ ഇടതൂർന്ന കാട്ടിലോ മറ്റ് ഒളിത്താവളങ്ങളിലോ ആയിരിക്കും. കേരളത്തിൽ രണ്ടു കടുവാസംരക്ഷണകേന്ദ്രങ്ങളുണ്ട്. പെരിയാർ ടൈഗർ റിസർവും പറമ്പിക്കുളവും. കടുവകൾക്ക് അനായാസമായി നീന്താനും കരയിലൂടെ അതിവേഗമോടാനും ഒപ്പം ഉയരെ ചാടാനും കഴിയും. മരം കയറാൻ കടുവകൾക്കു പ്രയാസം തന്നെ. ചെറുമരങ്ങളിൽ കയറിക്കൂടിയെന്നും വരും. കരിയിലകൾക്കിടയിൽക്കൂടെ നടക്കുമ്പോഴും അവയുടെ പാദപതനശബ്ദം കേൾക്കാറില്ലെന്നതാണു വാസ്തവം. ഇതും ഇരപിടിത്തത്തിനു കടുവയ്ക്കു സഹായകരമാണ്. മ്ലാവ്, മാൻ, കാട്ടുപോത്ത് തുടങ്ങിയ മൃഗങ്ങളെയാണ് കടുവ വേട്ടയാടുക. കൂടുതലിഷ്ടം മ്ലാവിനോടാണ്. ചെറുജീവികളെ കടുവകൾ സാധാരണമായി പിടികൂടാറില്ല.

കടുവകൾക്ക് ഏതാണ്ട് എട്ടടിയോളം നീളം വരും. വാൽ ഉൾപ്പെടെയാണിത്. ശരീരത്തിന്റെ മൂന്നിലൊന്ന് അളവാണ് വാലിനുണ്ടാകുക. 280 കിലോഗ്രാം വരെ ഭാരമുണ്ടാകും. മനോഹരമായ ഓറഞ്ച് നിറത്തിൽ കറുത്ത വീതിയുള്ള വരകളാണ് കടുവകളുടെ രോമക്കുപ്പായത്തിൽ കാണുക. വെളുപ്പും ചെമപ്പും നിറങ്ങളും കൂടെ കണ്ടുവരുന്നുണ്ട്. ശരീരത്തിന്റെ അടിഭാഗത്തും പാദങ്ങളിലും ഇതേ നിറങ്ങൾ കാണപ്പെടുന്നു.

സൈബീരിയയാണ് കടുവയുടെ ജന്മദേശം. 'പാന്തെറാ ടൈഗ്രിസ്' എന്നാണ് ശാസ്ത്രനാമം. ഇന്ത്യയിൽ മുപ്പതോളം കടുവസംരക്ഷണകേന്ദ്രങ്ങളുണ്ട്. ശരാശരി 25 വർഷക്കാലമാണ് കടുവയുടെ ആയുസ്സ്. ഒറ്റയ്ക്കു സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്ന കടുവ വംശനാശഭീഷണി നേരിടുന്ന മൃഗങ്ങളിലൊന്നാണെന്നുകൂടി അറിയുക. ഒറ്റയ്ക്കു വേട്ടയ്ക്കിറങ്ങുന്ന ഈ മൃഗം ഉൾവനത്തിലെ ജലാശയത്തിനടുത്തുണ്ടാവും. ഒരു ദിവസം കുറഞ്ഞത് ഒരു തവണയെങ്കിലും വെള്ളം കുടിക്കാതെ കഴിയാനാവില്ല.

■




## അധ്യായം 22

"അമ്പരന്നു നിൽക്കേണ്ട നിമിഷങ്ങളല്ല. ആക്റ്റ് ചെയ്യേണ്ട ടൈമാണ്. അഡ്വക്കേറ്റ് സുമിത്ര മെഡിക്കൽ കോളജിലേക്ക് ചെല്ല്; ഞാനും വരും. എസ്.പി.യെ വിളിച്ചിട്ട് ഡീറ്റെയ്ൽസ് കളക്റ്റ് ചെയ്യണം." സലോമി തണുത്ത സ്വരത്തിൽ പറഞ്ഞു സുമിത്ര പോയി. സലോമി എസ്.പിയുടെ നമ്പർ ഡയൽ ചെയ്തു. അദ്ദേഹം എൻഗേജ്ഡ് ആയിരുന്നു. പെട്ടെന്നുതന്നെ തിരികെ വിളിച്ചു:

"ഹലോ, സലോമി മാഡം എന്താ?"

"പരിസ്ഥിതിപ്രവർത്തകൻ ജിനേഷ് ആക്സിഡണ്ടിൽ മരിച്ചതായി ഒരു വാർത്തയുണ്ടല്ലോ."

"ശരിയാണ്. അയാൾ നാല് നാൽപ്പതിന് മെഡിക്കൽ കോളജിൽവച്ച് മരിച്ചു."

"എന്താ സംഭവം?"

"ജിനേഷ് സഞ്ചരിച്ച ബൈക്കും ഡോക്ടർ പത്മന്റെ കാറും തമ്മിൽ കൂട്ടിയിടിച്ചു. മെഡിക്കൽ കോളജിലെതന്നെ ഡോക്ടറായ അദ്ദേഹത്തിന്റെ കാറിൽ



കാഷ്വാലിറ്റിയിൽ എത്തിച്ചപ്പോഴേക്കും ആള് മരിച്ചു. കാറോടിച്ചിരുന്ന ഡ്രൈവർ സന്തോഷിനെ കസ്റ്റഡിയിലെടുത്തു. മനഃപൂർവ്വമല്ലാത്ത നരഹത്യയ്ക്ക് കേസെടുക്കുകയും ചെയ്തു."

"നരഹത്യ മനഃപൂർവ്വമാണോയെന്ന് ഗൗരവമായ അന്വേഷണം നടത്തിയേപറ്റൂ. അങ്ങനെയൊരു സാഹചര്യം നിലനിൽക്കുന്നു."

"സാറുദ്ദേശിക്കുന്നത് പുഴക്കരവക്കച്ചനുമായി നടന്ന കേസല്ലേ?"

"അതെ."

ഈ ആക്സിഡന്റ് യാദൃച്ഛികമായി സംഭവിച്ച ഒന്നായിട്ടേ എനിക്കു തോന്നിയിട്ടുള്ളൂ. ഡോക്ടർ പത്മന്റേത് സമൂഹം ആദരിക്കുന്ന ഒരു വ്യക്തിത്വമാണ്. മെഡിക്കൽ കോളജിൽ അതീവ ഗൗരവമായ ശസ്ത്രക്രിയകളിലൂടെ നാലുപേരുടെ ജീവൻ തിരിച്ചുപിടിച്ചിട്ടുണ്ട്. അദ്ദേഹത്തെ ചോദ്യം ചെയ്താൽപോലും പബ്ലിക് നമുക്കെതിരാകും."

"ഡ്രൈവറെക്കുറിച്ചന്വേഷിച്ചോ?"

"അന്വേഷിച്ചു. കഴിഞ്ഞ പതിനാറു കൊല്ലമായി ഈ ഡോക്ടറുടെ കാർ ഓടിക്കുന്നയാളാ. ഇതുവരെ ഒരപകടവും അയാൾ ഉണ്ടാക്കിയിട്ടുമില്ല."

"എന്തൊക്കെയായാലും ഈ കേസിൽ ഉടനടി അന്വേഷണം നടത്തി എനിക്കു റിപ്പോർട്ടു തരണം."

"ടൈം ലിമിറ്റ്?"

"വൺ വീക്ക്"

"ശരി സാർ, തരാം സാർ." എസ്.പി. പറഞ്ഞു.

സലോമി ഫോൺ കട്ടു ചെയ്തു. ജിനേഷിന്റെ അപകടമരണം സ്വാഭാവികമായ ഒന്നാണെന്ന് ഒട്ടും വിശ്വസിക്കാൻ സലോമിക്കു കഴിയുന്നില്ല. അവനോട് കടുത്ത പക പുഴക്കര വക്കച്ചനുണ്ട്. അയാളുടെ വീട് നീക്കം ചെയ്തിട്ട് അഞ്ചു ദിവസത്തിനുള്ളിൽ ജിനേഷ് മരണപ്പെട്ടിരിക്കുന്നു! പ്രശസ്തനായ ഒരു ഡോക്ടറുടെ കാറിടിച്ചാണു മരണം. അദ്ദേഹത്തെ സംശയിക്കുന്നതും ചോദ്യം ചെയ്യുന്നതും അസ്ഥാനത്താണെന്ന് എസ്.പി. പറയുന്നു. ഡ്രൈവറും മുമ്പൊരിക്കലും അപകടമുണ്ടാക്കാത്ത വിശ്വസ്തൻ! എന്തായാലും പോസ്റ്റുമോർട്ടത്തിനുമുമ്പ് ജിനേഷിന്റെ മൃതദേഹം ഒന്നു കാണണം. കളക്ടർ സലോമി പ്രധാനപ്പെട്ട ചില ഫയലുകളിൽ തീർപ്പു കല്പിച്ചശേഷം ഔദ്യോഗികവാഹനത്തിൽ മെഡിക്കൽകോളജിലേക്കു പുറപ്പെട്ടു. മെഡിക്കൽ കോളജിലെത്തിയപ്പോൾ അഡ്വക്കേറ്റ് സുമിത്രയും പരിസ്ഥിതി പ്രവർത്തകരും ബന്ധുക്കളും സുഹൃത്തുക്കളുമടക്കം അൻപതോളം ആളുകളും മോർച്ചറിയുടെ പരിസരത്തുണ്ടായിരുന്നു. സുമിത്ര കളക്ടറുടെ അടുത്തേക്കു വന്നു.

"സലോമി മാഡം, അന്വേഷണത്തിനുത്തരവിട്ടതറിഞ്ഞു. നല്ല കാര്യമായി." സുമിത്ര പറഞ്ഞു.

സലോമി മൃദുവായി പുഞ്ചിരിച്ചു.

"ഡോക്ടർ പത്മൻ അതിപ്രശസ്തനാണ്. ഡ്രൈവർ അദ്ദേഹത്തിന്റെ വിശ്വസ്തനുമാണ്. ചോദ്യചെയ്യൽതന്നെ പ്രതിഷേധമുണ്ടാക്കിയേക്കും."

"എന്റെ മനസ്സ് പറയുന്നത് ജിനേഷ് ഒരു രക്തസാക്ഷിയാണെന്നാണ്." അഡ്വക്കേറ്റ് സുമിത്ര പറഞ്ഞു.

കളക്ടറെ കണ്ട് ഡി.എം.ഒ. ജയശ്രീയും ഡോ. രാജ്കുമാറും അടുത്തെത്തി അഭിവാദ്യം ചെയ്തു.

"എന്താ ഡോക്ടർ ജിനേഷിന്റെ കാര്യത്തിൽ പ്രാഥമികനിഗമനം?" കളക്ടർ തിരക്കി.

"ബൈക്കിൽനിന്നു തെറിച്ചുള്ള വീഴ്ചയിൽ കഴുത്തെല്ലൊടിഞ്ഞതാണ് പെട്ടെന്നുള്ള മരണത്തിനു കാരണം. പോസ്റ്റുമോർട്ടത്തിലേ മറ്റു കാരണങ്ങൾ അറിയാൻ പറ്റുകയുള്ളൂ."

"പോസ്റ്റുമോർട്ടം ഇന്നു നടക്കുമോ?"

"ഇനി ബുദ്ധിമുട്ടാണു സാർ. നാളെ രാവിലെ ചെയ്യും. ബന്ധുക്കളും അതിനോടു യോജിച്ചു."

"എനിക്ക് ബോഡി ഒന്നു കാണണം." സലോമി പറഞ്ഞു.

ഡി.എം.ഒ. യും ഡോ. രാജ്കുമാറും ചേർന്ന് കളക്ടറെ കാഷ്വാലിറ്റിയിലേക്കു കൊണ്ടുപോയി. അവിടെ ഒരു കോണിൽ പച്ചത്തുണികൊണ്ട് മൂടി സ്ട്രെച്ചറിൽ കിടത്തിയിരിക്കുകയായിരുന്നു ജിനേഷിന്റെ മൃതദേഹം.

ഡോക്ടർ ജയശ്രീ മെല്ലെ മുഖം മൂടിയിരുന്ന ഭാഗം മാറ്റി. ശാന്തമായി ഉറങ്ങിക്കിടക്കുന്നതുപോലെ തോന്നിച്ചു. അല്പം പിളർന്ന ചുണ്ടുകൾക്കിടയിൽ പല്ലുകൾ കാണാം. ദീനമായ ഒരു പുഞ്ചിരി മുഖത്തണിഞ്ഞതുപോലെ!

"കവർ ചെയ്തേക്കൂ." സലോമി പറഞ്ഞു. ഡോക്ടർ ജയശ്രീ അങ്ങനെ ചെയ്തു.

സലോമി അഡ്വക്കേറ്റ് സുമിത്രയ്ക്കൊപ്പം പുറത്തേക്കെത്തിയപ്പോൾ എസ്.പി. മഹേഷ് ചന്ദ്രൻ തിടുക്കത്തിൽ നടന്നെത്തി. അദ്ദേഹം കളക്ടറെ സല്യൂട്ട് ചെയ്തു.

"എസ്.പി. സാർ, നിയമപരമായ കാര്യങ്ങൾ എങ്ങനെ പോകുന്നു?" കളക്ടർ സലോമി തിരക്കി.

"കാറോടിച്ചിരുന്ന ഡ്രൈവറെ അറസ്റ്റു ചെയ്ത് സ്റ്റേഷനിൽ എത്തിച്ചു. മനഃപൂർവ്വമല്ലാത്ത നരഹത്യയ്ക്ക് അയാളുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. സ്റ്റേഷൻ ജാമ്യത്തിൽ വിടുകയും ചെയ്തു. ഇക്കാര്യത്തിൽ നമുക്കതേ ചെയ്യാൻ കഴിയൂ." എസ്.പി. പറഞ്ഞു.

"കാറോടിച്ചിരുന്നത് ഡ്രൈവർ തന്നെയാണെന്ന് വ്യക്തമാണോ?"

"അതെ. ഡോക്ടർ ഡ്രൈവ് ചെയ്യുന്നത് അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമാ. ദീർഘകാലമായിട്ട് സന്തോഷെന്നയാൾതന്നെയാണ് അദ്ദേഹത്തിന്റെ ഡ്രൈവർ. ഡ്രൈവറെ ഡോക്ടർക്ക് വലിയ വിശ്വാസമാണ്. ഒരു കുടുംബാംഗം പോലെയാണെന്നൊക്കെ ഡോക്ടർ പറഞ്ഞു."

"ഞാൻ ഈ കേസിൽ ചിലതു സംശയിക്കുന്നുണ്ട്. അതിന് രണ്ടു കാരണങ്ങളാണുള്ളത്. ജിനേഷ് കേസു നടത്തിയതിന്റെ പേരിലാണ് പുഴക്കര വക്കച്ചൻ എന്നയാളിന് സ്വന്തം വീട് നഷ്ടമായത്. കേസ് പിൻവലിപ്പിക്കുന്നതിന് നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്. വധഭീഷണിയും സാമ്പത്തികവാഗ്ദാനവും അവന്റെ നേർക്കുണ്ടായി. കുറെനാൾ ജിനേഷ് പോലീസ് പ്രൊട്ടക്ഷനോടുകൂടിയാ നടന്നത്. വക്കച്ചന്റെ ബംഗ്ലാവ് പൊളിച്ചു നീക്കിയിട്ട് അഞ്ചുദിവസം മാത്രമായപ്പോഴുണ്ടായ ഈ മരണം സംശയാസ്പദമാണ്."

"ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന ഡോക്ടർ പത്മൻ, വക്കച്ചനുവേണ്ടി ഇങ്ങനെയൊരു വധം നടത്തിയെന്നു വിശ്വസിക്കാൻ പറ്റില്ല, മാഡം."

"ഡോക്ടറാണെന്ന് ഞാൻ പറയുന്നില്ല."

"പിന്നെയാര്?"

"ഡ്രൈവർക്കാകാമല്ലോ. ആ വഴിയും സംശയിക്കേണ്ടിരിക്കുന്നു."

"എല്ലാ പഴുതുകളുമടച്ചുള്ള അന്വേഷണം ഞാൻ നടത്തും മാഡം." എസ്.പി. പറഞ്ഞു.

"ഒരുപക്ഷേ, ഇതൊരു സ്വാഭാവിക അപകടമായിരിക്കാം. അന്വേഷണം ഗൗരവമായി നടത്തേണ്ടത് നമുക്ക് ഒരു കുറ്റബോധമുണ്ടാകാതിരിക്കാനാണ്." അങ്ങനെ പറഞ്ഞ് കളക്ടർ സലോമി കാറിനടുത്തേക്കു നടന്നു.

അതേസമയം കുന്നിൻചെരിവിലെ തന്റെ തറവാട്ടുവീട്ടിൽ ടെലിവിഷനുമുമ്പിൽ തനിച്ചിരുന്ന് കൈയടിച്ചിരുന്നാഹ്ലാദിക്കുകയായിരുന്നു പുഴക്കര വക്കച്ചൻ.

"എന്റെ വീട് തകർത്തിട്ട് ഇന്നഞ്ചാം ദിവസം! ഒടുങ്ങി... ചത്തു... തീർന്നു. നാളെയവൻ കുഴിയിലേക്ക്... മണ്ണിലേക്ക്... ഒടുക്കത്തെ ആഗ്രഹവും സാധിച്ച് അവൻ കഴുത്തൊടിഞ്ഞു ചത്തു. വെട്ടിപ്പിളർന്ന് പോസ്റ്റുമോർട്ടം നാളെ രാവിലെ മെഡിക്കൽകോളജിലെ മോർച്ചറിയിൽ... എന്റെ പകുതി സങ്കടം തീർന്നു... ഫിലോ...എടീ ഫിലോ..." ഭാര്യയെ വിളിച്ചുകൊണ്ട് വക്കച്ചൻ ഈട്ടിക്കസേരയിൽനിന്നെഴുന്നേറ്റു. ഫിലോമിന വിളികേട്ടില്ല. അടുക്കളയിൽ തിരക്കിട്ട ജോലികളിലായിരുന്നു അവൾ. വക്കച്ചൻ അങ്ങോട്ടു ചെന്നു:

"നിന്നെ എത്രതവണ വിളിച്ചെടീ പോത്തേ... വിളികേൾക്കാൻ മേലേ?" വക്കച്ചൻ ദേഷ്യപ്പെട്ടു.

"ഞാൻ തനിയെ ഈ അടുക്കളയിൽകിടന്നു പണിയല്ലാരുന്നോ ഇച്ചായാ. രണ്ടു ദിവസമായിട്ട് രമണി വരുന്നില്ലെന്ന് അറിയില്ലേ?" ഫിലോമിന പറഞ്ഞു.

"അടുക്കളപ്പണിയൊന്നു നിർത്ത്. നീയെന്റെ കൂടെവാ... നമുക്കല്പം ടിവി കാണാം. വാർത്ത കാണാം."

"എനിക്കിപ്പം ടിവി കാണാൻ ഒരു താത്പര്യവുമില്ല. ഇങ്ങനെ ഒരിക്കലും വിളിച്ചിട്ടില്ലല്ലോ? എന്നാ എന്നോട് പെട്ടൊന്നൊരു സ്നേഹം?"

"നീ വാ. നല്ലൊരു വാർത്തയുണ്ട്. നമ്മളൊന്നിച്ചിരുന്നു കാണണ്ടതാ." വക്കച്ചൻ ഫിലോമിനയുടെ കൈ പിടിച്ചു. ഫിലോമിന ഒപ്പം ചെന്നു. ടെലിവിഷനിലിപ്പോൾ ജിനേഷും ക്രിസ്റ്റി തോമസും തമ്മിലുള്ള ഇന്റർവ്യൂവായിരുന്നു സംപ്രേഷണം ചെയ്തുകൊണ്ടിരുന്നത്. വക്കച്ചന്റെ നെറ്റി ചുളിഞ്ഞു.

"ഇത്... നമുക്കെതിരേ കേസു കൊടുത്തവനല്ലേ? ഇതു കാണിക്കാനാണോ വിളിച്ചുകൊണ്ടുവന്നത്." ഫിലോമിന പറഞ്ഞു.

"എടീ, അവൻ കാഞ്ഞുപോയി. കുറച്ചുമുമ്പ് ബൈക്ക് ആക്സിഡന്റിൽ." വക്കച്ചൻ സന്തോഷത്തോടെ പറഞ്ഞു.

"ങ്ഹേ! നേര്?" ഫിലോമിന അന്തിച്ചുനിന്നു.

"ഇപ്പം കാണിക്കുന്നത് അവന്റെ മഹത്ത്വം ഘോഷിക്കുന്ന ഐറ്റങ്ങളാ. കുറച്ചുമുമ്പ് സ്ട്രെച്ചറിൽ പച്ചത്തുണികൊണ്ടു മൂടി ശവം മോർച്ചറിയിലേക്കു കൊണ്ടുപോകുന്നതൊക്കെയുണ്ടായിരുന്നു. ഡോക്ടർ പത്മനാഭൻ അവനെ നരകത്തിലേക്ക് 'പൊക്കം' വിട്ടു. മനഃപൂർവമല്ലാത്ത നരഹത്യ! അവനിനി പരലോകത്തിലെ പരിസ്ഥിതി ശരിയാക്കട്ടെ."

ഫിലോമിനയുടെ മുഖം മങ്ങി. ഭീതിയും സങ്കടവും അവൾക്കുണ്ടായി.

"അച്ചായാ... ഈ മരണത്തിന്റെ ശാപവും പാപവും നമ്മുടെ കുടുംബത്തിലേക്കാ... അല്ലേ?" അവൾ നെഞ്ചുപൊട്ടി ചോദിച്ചു.

"നീ ഇല്ലാത്തതു പറയാതെ. ഞാനൊരു ശുദ്ധ പാവം." വക്കച്ചൻ കുലുങ്ങി ച്ചിരിച്ചു.

"കഷ്ടമാ കേട്ടോ... ഒന്നാന്തരം മകനുണ്ടായിരുന്നത് നിന്ന നിൽപ്പിൽ പോയി. ഓടിച്ചാടി നടന്ന ഓമനപ്പുത്രി നിലത്തൂടെ ഇഴഞ്ഞുനടക്കാൻപോലും ശേഷിയില്ലാതെ കിടക്കുന്നു! പോരേ ഇതൊന്നും? മരിച്ചാ മതിയായിരുന്നു എനിക്ക്." ഫിലോമിന വിങ്ങിപ്പൊട്ടി.

"പൊട്ടിച്ചിരിക്കേണ്ട നേരത്ത് വിങ്ങിപ്പൊട്ടാതെടീ പെണ്ണേ. ഞാൻ പോകും നാളെ അവന്റെ അടക്കു കാണാൻ. അവിടെ എല്ലാവരും കരയുമ്പം ഞാൻ മാത്രം ചിരിക്കും. പൊട്ടിച്ചിരിക്കും." വക്കച്ചൻ പുലമ്പി.

(തുടരും)

# കാരുണ്യത്തിന്റെ കാലടികൾ



ഫാ. റ്റോമി കാരാംവേലി സി.എം.ഐ.

**ദൈ**വികനിയമത്തിൽ അധിഷ്ഠിതമായ കരുണ, ദൈവത്തിന്റെ സ്വഭാവംകൂടിയാണ്. അവന്റെ രക്ഷാകരസംഭവങ്ങളിലേക്കു നമ്മെ ക്ഷണിക്കുന്നതും ദൈവത്തിന്റെ കരുണയാണ്. "വൈകുന്നേരമായപ്പോൾ മുന്തിരിത്തോട്ടത്തിലെ ഉടമസ്ഥൻ കാര്യസ്ഥനോടു പറഞ്ഞു: ജോലിക്കാരെ വിളിച്ച് അവസാനം വന്നവർക്കുതുടങ്ങി ആദ്യം വന്നവർക്കുവരെ കൂലി കൊടുക്കുക." അവസാനത്തേതുപോലും ആദ്യത്തേതായി കണക്കാക്കാൻ കഴിയുന്നവൻ. സാധാരണമനുഷ്യന്റെ



ചിന്താഗതിയിൽനിന്നല്ല കർത്താവു കാര്യങ്ങൾ കണക്കുകൂട്ടുന്നത്. അതുകൊണ്ടുതന്നെയാണ് തൊണ്ണൂറ്റിയൊമ്പതിനെയും വിട്ട് ഒന്നിനെത്തേടി യാത്രയായത്. നഷ്ടപ്പെടാൻ സാധ്യതയുള്ളതിനെക്കുറിച്ചല്ല, മറിച്ച്, അവന്റെ ചിന്ത നഷ്ടപ്പെട്ടതിനെക്കുറിച്ചാണ്. ഭാവിയല്ല, വർത്തമാനമാണു പ്രധാനം. "അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമേ" (മത്തായി: 6-11). ഇന്നിന്റെ മക്കൾക്കാണു കരുണ ലഭിക്കുന്നത്. കാനായിലെ കല്യാണവീട്ടിൽ ലഭിച്ച കാരുണ്യമാണ് പരി. കന്യാമറിയം. ആ കാരുണ്യത്തെയാണ് കാൽവരിയിൽവച്ച് ദൈവം ലോകത്തിനു നൽകിയത്. ഭൂമിയിലെ ഓരോ അമ്മമാരുമാണ് ഇവിടെയുള്ള കരുണയുടെയും കരുതലിന്റെയും ഉറവിടം.

സൃഷ്ടിമുതൽ ദൈവത്തിന്റെ കാരുണ്യത്തിലാണ് ദൈവജനം നയിക്കപ്പെടുന്നത്. കരുണ തീരുന്നിടത്ത് നരകകവാടം തുറക്കും. എത്രയോ വ്യക്തികളുടെയും സമൂഹങ്ങളുടെയും കാരുണ്യംകൊണ്ടാണ് ഓരോരുത്തരും ജീവിക്കുന്നത്. കാരുണ്യത്തിന്റെ സ്വാധീനമില്ലാത്ത നിയമങ്ങൾ ആത്മാവ് നഷ്ടപ്പെട്ട ജഡംപോലെയാണ്. സമ്പത്തിന്റെ നിയമങ്ങളിൽനിന്ന് ക്രിസ്തു നടന്നകലുന്നതും കാരുണ്യത്തിന്റെ മുഖമില്ലാത്ത യഹൂദനിയമങ്ങളെ ലംഘിക്കുന്നതും കരുണയുടെ കാവലാളായതുകൊണ്ടാണ്. ആ കരുണയുടെ സുന്ദരമായ ചിത്രമാണ് അന്ത്യത്താഴവേളയിൽ പ്രകാശിക്കുന്നതും. പാപിനിയായ സ്ത്രീയുടെ പാപങ്ങളെല്ലാം മഞ്ഞുപോലെ അലിഞ്ഞുപോകുന്നത് ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ നിഴലേൽക്കുമ്പോഴാണ്. ഓരോരുത്തർക്കും ലഭിച്ച കരുണ പങ്കുവയ്ക്കുന്നിടത്താണ് കൃപയ്ക്കുമേൽ കൃപപോലെ കരുണയും ചൊരിയപ്പെടുന്നത്.

കരുണയുടെ മുഖം പത്രോസിന്റെ നേരേ തിരിഞ്ഞപ്പോൾ അതു കണ്ണീരണിഞ്ഞതായി. അത് സഭയുടെയും ലോകത്തിന്റെയും മാറ്റത്തിനു വഴിയൊരുക്കി. കരുണ കാണിക്കുന്നവർക്ക് ഒരു പുതിയ ലോകത്തെത്തന്നെ വാർത്തെടുക്കാൻ കഴിയുമെന്നതിൽ സംശയമില്ല. കുടുംബത്തിലെ അംഗങ്ങൾ തമ്മിലും അയൽക്കാർ തമ്മിലും കരുണയുടെ സുവിശേഷം പങ്കുവയ്ക്കുമ്പോൾ അവിടെ ക്രിസ്തു ജനിക്കും. വചനം ശ്രവിക്കാൻ തിങ്ങിക്കൂടിയ ജനതയോട് അവന് അലിവു തോന്നി. അലിവ് അദ്ഭുതമായി മാറുന്നു. അർഹിക്കുന്നവർക്കും അശരണർക്കും കരുണ ലഭിക്കുമ്പോൾ അവരുടെ ജീവിതത്തിൽ അദ്ഭുതങ്ങൾക്ക് ഇടവരുത്തും. "കരുണയുള്ളവർ ഭാഗ്യവാന്മാർ. അവർക്കു കരുണ ലഭിക്കും" (മത്താ: 5-7). അതുപോലെതന്നെയാണ് വി. ലൂക്കാ സുവിശേഷം, 'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുക' എന്നതും ഓർമപ്പെടുത്തുന്നത്. ക്രിസ്തു പഠിപ്പിക്കുന്ന 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,' എന്ന വിശിഷ്ടമായ പ്രാർഥനയുടെ രണ്ടാം പാദത്തിൽ 'ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ' എന്ന് അപേക്ഷിക്കുന്നു. ക്ഷമ കരുണയാണ്. ക്ഷമിക്കുന്നവൻ കരുണ കാണിക്കുന്നവനാണ്. യേശു അവന്റെ വാക്കുകളിലും പ്രവൃത്തികളിലും കരുണയുടെ വിവിധ രൂപങ്ങളാണ് തെളിയിക്കുന്നത്.

കരുണയുടെ ആൾരൂപമായി മറിയം മാറ്റപ്പെടുന്നത്, പിതാവായ ദൈവം മനുഷ്യനോടു കാണിക്കുന്ന കരുണയുടെ വാഹകയായിട്ടാണ്. ആ കാരുണ്യാനുഭവമാണ് എലിസബത്ത് അനുഭവിച്ചറിയുന്നത്. "ആ ദിവസങ്ങളിൽ മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു" (ലൂക്കാ. 1:39) "അവിടെയെത്തി എലിസബത്തിനെ ശുശ്രൂഷിച്ചു.'' ''തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രയേലിനെ സഹായിച്ചു" (ലൂക്കാ. 1:54). കരുണയുടെ മാനദണ്ഡം എളിമയാണ്. എളിമയുള്ളവന് കാരുണ്യം സമൃദ്ധമായി ലഭിക്കുന്നു. അങ്ങനെ കാരുണ്യം ലഭിക്കുന്നവനേ കരുണയോടെ പെരുമാറാനും ജീവിക്കാനും കഴിയൂ. 'താണ നിലത്തേ നീരോടൂ' എന്ന പഴമൊഴി കാരുണ്യാനുഭവങ്ങളുടെ മാത്രമല്ല ദൈവാനുഗ്രഹങ്ങളുടെയും ഭാവരീതികൾ പറഞ്ഞുതരുന്നു.

അപരനായ വഴിപോക്കന്റെ കടമയ്ക്കപ്പുറമുള്ള കരുണയുടെ കരം നീട്ടിയപ്പോൾ ഒരു ജീവനെത്തന്നെയാണ് സമരിയാക്കാരൻ രക്ഷിച്ചെടുക്കുന്നത്. കടമകൾ ചെയ്തുതീർത്തു മാന്യതയുടെ രൂപംധരിക്കാൻ ആഗ്രഹിക്കുമ്പോൾ കരുണയുടെ കരം ആഗ്രഹിക്കുന്ന ഒരുപിടി ജന്മങ്ങൾ നമുക്കുചുറ്റും അവഗണിക്കപ്പെടുന്നു എന്ന സത്യം വിസ്മരിക്കരുത്. കരുണയാണ് ദൈവിക സ്നേഹത്തിന്റെ ആഴം വർദ്ധമാനമാക്കുന്നത്. തന്റെ സൃഷ്ടിയായ മനുഷ്യനെ സ്നേഹിക്കുന്നതും അവന്റെ വീണ്ടെടുപ്പ് സാധ്യമാക്കുന്നതും ക്രിസ്തുവിന്റെ അകമഴിഞ്ഞ കരുണയാലാണ്. ആ കാരുണ്യം അതുംകടന്ന് അപ്പത്തിന്റെ രൂപത്തിൽ എന്നും നമ്മോടുകൂടിയായിരിക്കുന്നു. പ്രായമായ മാതാപിതാക്കൾക്കൊപ്പം മക്കൾ ആയിരിക്കുന്നിടവും കാരുണ്യത്തിന്റെ ഇടങ്ങളാണ്.

■

# ശാന്തരാത്രി

കഥ



ഡോ. തോമസ് മൂലയിൽ

**അ**ങ്ങകലെ ഒരു നുറുങ്ങുവെട്ടം. മിന്നാമിനുങ്ങാണെന്നു തോന്നി. പക്ഷേ, അതു മിന്നുന്നില്ല; മങ്ങിക്കത്തുന്നതുപോലെ...! സമയം പതിനൊന്നര കഴിഞ്ഞിരിക്കുന്നു. കൊടും തണുപ്പാണ്. 'മരംകോച്ചുന്ന തണുപ്പ്' എന്നൊക്കെ പറയാറുണ്ടെങ്കിലും അതിലൊക്കെ വളരെ കൂടുതലായിട്ടാണ് അനുഭവപ്പെടുന്നത്. മൈനസ് 4 ഡിഗ്രി എന്നു പറയുന്നതു ശാസ്ത്രത്തിന്റെ അളവുമാനദണ്ഡമാണ്; അനുഭവമല്ല. ചുറ്റുപാടുമുള്ള മഞ്ഞുമലകൾ അരണ്ട നിലാവെട്ടത്തിൽ തെളിഞ്ഞുകാണാം. കണ്ണും മൂക്കുമൊഴികെ എല്ലാം കമ്പിളി വസ്ത്രങ്ങൾകൊണ്ടു പൊതിഞ്ഞിരിക്കുകയാണദ്ദേഹം.

പക്ഷേ...! ഉള്ളിൽ തെളിഞ്ഞ കനൽ പുറമേയുള്ള തണുപ്പ് ഉരുക്കിക്കളഞ്ഞു. കാരണം, അദ്ദേഹം നില്ക്കുന്നതു പട്ടാളക്യാമ്പിന്റെ സമീപത്താണ്. തന്റെ കീഴിലുള്ള പട്ടാളക്കാരെല്ലാം കൊച്ചുകൊച്ചു ടെന്റുകളിൽ ഗാഢനിദ്രയിലാണ്; അല്ല, ആയിരിക്കണം. അതാണ് പട്ടാളച്ചിട്ട. പോരെങ്കിൽ തലേന്നും ഷെല്ലാക്രമണമുണ്ടായതാണ്; അതിന്റെ തലേന്ന് രണ്ടു ജവാന്മാരുടെ ജീവൻ നഷ്ടപ്പെട്ടിരുന്നു. അപ്പോൾ, ടെന്റിനുള്ളിൽ കണ്ട അരണ്ട വെട്ടം...! അതാണ് അദ്ദേഹത്തിന്റെ ഉള്ളിൽ ജ്വലിച്ച കനൽ!

അദ്ദേഹം സാവകാശം വെട്ടം കണ്ട ടെന്റിന്റെ അടുത്തേക്കു നീങ്ങി. ശബ്ദമുണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചാണു നിങ്ങുന്നതെങ്കിലും കാലൊന്നു തെന്നിപ്പോയി; അല്പം സ്വരം ഉണ്ടായി. പെട്ടെന്ന്, ആ വെട്ടം അണഞ്ഞു. കൈയിലുള്ള ടോർച്ച് തെളിച്ച് അദ്ദേഹം വേഗം നടന്ന് ടെന്റിനുള്ളിൽ കടന്നു...!

പേടിച്ചരണ്ട പട്ടാളക്കാരൻ പൊട്ടിക്കരഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ കാല്ക്കൽ വീണു. "എന്താണിവിടെ?" പട്ടാളമേധാവിയുടെ ഘനഗംഭീരമായ സ്വരം! അയാൾ നിറകണ്ണുകളോടെ ദയനീയമായി, തന്റെ മുമ്പിൽ നില്ക്കുന്ന മേലുദ്യോഗസ്ഥനെ നോക്കി. അടുത്ത്, ചുരുട്ടിക്കൂട്ടി വച്ചിരിക്കുന്ന കമ്പിളിപ്പുതപ്പ് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. "എന്താണിതിൽ?" അടുത്ത ചോദ്യം. വിറയ്ക്കുന്ന കൈകൊണ്ട് അയാൾ ഒരു മെഴുകുതിരിക്കഷണം ഉയർത്തിക്കാട്ടി. മറുകൈയിൽ ഉണ്ണിയേശുവിന്റെ ഒരു കൊച്ചുരൂപം!

നിമിഷനേരത്തെ കനത്ത നിശ്ശബ്ദത! വെടിവച്ചുകൊല്ലാൻ മാത്രം ഗൗരവതരമായ കുറ്റം; അതിനുള്ള പരമാധികാരവും അദ്ദേഹത്തിനുണ്ട് പക്ഷേ...! 'കിടന്നുറങ്ങ്' എന്നു മാത്രം പറഞ്ഞിട്ട് ഉദ്യോഗസ്ഥൻ നടന്നകന്നു.

അദ്ദേഹം ക്യാബിനുള്ളിൽ കയറി. കിടക്കാൻ മനസു വരുന്നില്ല. കസേരയിലിരുന്നു. ചിന്തകൾ പലതും മാറിമാറി മനസിനുള്ളിൽ തെളിഞ്ഞു കടന്നുപോകുന്നു. നേർക്കുനേർനിന്നുള്ള യുദ്ധം... തെരുതെരെ മുഴങ്ങുന്ന തോക്കിന്റെ ഗർജനം... ഷെല്ലുകൾ കൺമുമ്പിൽ വന്നു പതിക്കുന്ന നേർക്കാഴ്ച... കൂട്ടത്തിലുള്ള ജവാന്മാർ നിലംപറ്റെ പതുങ്ങിക്കിടക്കുന്ന രംഗം... ഷെൽവർഷത്തിൽ ജീവൻ നഷ്ടപ്പെട്ട വീരജവാന്മാരുടെ മൃതദേഹങ്ങൾ... പരുക്കേറ്റ് രക്തമൊലിപ്പിച്ചുകിടക്കുന്നവർ... അംഗഭംഗം വന്നവർ... പക്ഷേ, തളരാതെ... ശത്രുനിരയിലേക്കു കടന്നാക്രമിക്കാൻ നിർദ്ദേശം നൽകുന്ന നിമിഷങ്ങൾ... യുദ്ധത്തിൽ വിജയം വരിച്ചുവന്നപ്പോൾ ലഭിച്ച സ്വീകരണം... ലഭിച്ച സൈനികസേവാ മെഡൽ... ഗുഡ്സർവീസ് എൻട്രി മെഡൽ... ഇന്ത്യൻ പ്രസിഡന്റിന്റെ കൈയിൽനിന്നു സാച്ചിംഗ് ഗ്ലയിസർ അവാർഡ് ഏറ്റുവാങ്ങുന്ന നിമിഷം...!

ഈ സംഭവപരമ്പരകളെല്ലാം മിന്നിമറഞ്ഞെങ്കിലും നിറകണ്ണുകളോടെ ഒരു കൈയിൽ മെഴുകുതിരിയും മറുകൈയിൽ ഉണ്ണിയേശുവിന്റെ കൊച്ചു രൂപവുമായി നില്ക്കുന്ന ആ ചെറുപ്പക്കാരന്റെ ചിത്രം മായാതെ നില്ക്കുന്നു!

അറിയാതെ, അദ്ദേഹം ഒരു പാട് പുറകോട്ടു പോയി. അദ്ദേഹം ഇപ്പോൾ എത്തിനില്ക്കുന്നത് താൻ ജനിച്ചു വളർന്ന ഗ്രാമത്തിലാണ്. അവിടേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയത്, കർണപുടങ്ങളിൽ പ്രതിധ്വനിച്ചുനിന്ന ഈരടികളും:

ശാന്തരാത്രി തിരുരാത്രി
പുല്ക്കുടിലിൽ പൂത്തൊരു രാത്രി
വിണ്ണിലെ താരകൾ മന്നിലിറങ്ങിയ
മണ്ണിൻ സമാധാന രാത്രി
ഉണ്ണി പിറന്നു ഉണ്ണിയേശു പിറന്നു
ഉണ്ണി പിറന്നു ഉണ്ണിയേശു പിറന്നു...

തന്റെ വീടിനു തൊട്ടടുത്ത കത്തോലിക്കാപ്പള്ളി അദ്ദേഹത്തന്റെ മനസിൽ തെളിഞ്ഞു. ക്രിസ്മസ് ദിനത്തിൽ കൂട്ടുകാരുടെകൂടെ പുല്ക്കൂട്ടിൽ പിറന്നുകിടക്കുന്ന ഉണ്ണിയേശുവിനെ കാണാൻ പോകുന്നത്... പുഞ്ചിരിച്ചുകിടക്കുന്ന ഉണ്ണിയേശുവിന് കൂട്ടുകാർ മുത്തം കൊടുക്കുന്നത്... ഒരിക്കൽ ആരും കാണാതെ തനിയെ പോയി ഉണ്ണിക്ക് ഒരു മുത്തം കൊടുത്തിട്ട് ഇറങ്ങി ഓടിപ്പോയത്... ഹൈന്ദവനായ താൻ അതു ചെയ്തതു പാപമായിപ്പോയോ എന്ന പേടി... സ്വന്തം വീട്ടിൽ പുല്ക്കൂടുണ്ടാക്കാൻ പറ്റാതിരുന്നതുകൊണ്ട് കൂട്ടുകാരുടെ വീട്ടിലെ പുല്ക്കൂട് ഉണ്ടാക്കാൻ സഹായിച്ചത്... വീട്ടിലെ അനുവാദം കൂടാതെ കരോൾ ഗാനസംഘത്തിൽ ചേർന്നു പാട്ടുപാടാൻ പോയത്...

നിദ്രാവിഹീനമായ ആ രാത്രി കടന്നുപോയത് അദ്ദേഹം അറിഞ്ഞില്ല. സമയം 5 മണി! അദ്ദേഹം കണ്ണുകളുയർത്തി താൻ എപ്പോഴും കൂടെ കൊണ്ടുനടക്കുന്ന ഗദ്സമെൻതോട്ടത്തിൽ ഇരുകൈകളുയർത്തി പ്രാർഥിക്കുന്ന യേശുവിന്റെ ചിത്രത്തിലേക്കു നോക്കി. ആ യേശു പിറന്ന ദിവസമാണത് - ക്രിസ്മസ് രാത്രി! അതിന്റെ ഓർമയിലാണല്ലോ ആ ചെറുപ്പക്കാരൻ അവന്റെ എല്ലാമെല്ലാമായ യേശുവിനെ ഓർക്കാൻ... നമിക്കാൻ... ആരാധിക്കാൻ പട്ടാളച്ചിട്ടപ്രകാരം മാരകശിക്ഷയ്ക്കർഹമായ മഹാപാപം അല്ല, മഹാപുണ്യം ചെയ്തത്. അവനെ ശിക്ഷിക്കാതിരുന്നതു പാപമല്ല, പു[redacted]്യമാണ്. അദ്ദേഹം സമാധാനിച്ചു. പക്ഷികളുടെ കളകളാരവം അദ്ദേഹത്തിന്റെ ചിന്തയെ അംഗീകരിച്ചുകൊണ്ട് അവരും ഈശ്വരനെ വാഴ്ത്തി.



# ഭൂമിയുടെ വൃക്കകൾ



വത്സല നിലമ്പൂർ



ശുദ്ധജലം കേരളത്തിലെ ഏറ്റവും പ്രധാന ദാരിദ്ര്യവിഭവമായി മാറിക്കൊണ്ടിരിക്കുന്നു. വർഷം കഴിയുംതോറും കൂടുതൽ ശക്തമാകുന്ന വരൾച്ച, അതിരൂക്ഷമായ കാലാവസ്ഥാമാറ്റത്തിന്റെ പിടിയിൽ നമ്മുടെ നാട് ഞെരിഞ്ഞമരുന്നതിനെ ഓർമിപ്പിക്കുന്നു. എന്നാൽ, കേരളത്തിലെ ജലക്ഷാമത്തിനു കാരണം മഴയുടെ അഭാവമല്ല, നമ്മുടെ തെറ്റായ ജലവിനിയോഗരീതികളാണ്.

വർഷത്തിൽ ആറുമാസമെങ്കിലും ജലനിർഭരമോ ജലനിമഗ്നമോ ആയതും തനതായ പാരിസ്ഥിതിക സവിശേഷതകൾ ഉള്ളതുമായ ഭൂപ്രദേശമാണ് തണ്ണീർത്തടം. അധികം ആഴമില്ലാതെ ജലം സ്ഥിരമായോ, വർഷത്തിൽ കുറച്ചുകാലമോ കെട്ടിക്കിടക്കുന്ന കരപ്രദേശമാണിത്. തണ്ണീർത്തടങ്ങളിൽ ജലം ഉപരിതലത്തിലോ അല്ലെങ്കിൽ ഉപരിതലത്തിനു തൊട്ടുതാഴെയോ കാണപ്പെടുന്നു. ഇത് കടൽജലമോ ശുദ്ധജലമോ ഓരു വെള്ളമോ ആകാം. ജലസസ്യങ്ങൾക്കും ജീവികൾക്കും വസിക്കുവാൻ യോഗ്യമായ ഇത്തരം പ്രദേശങ്ങളിൽ ചെളികലർന്നതും ജൈവാവശിഷ്ടങ്ങളാൽ സമ്പുഷ്ടമായതുമായ മണ്ണു കാണപ്പെടുന്നു.

ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും തണ്ണീർത്തടങ്ങൾ നിലവിലുണ്ട്. ചെറുതും വലുതുമായ തടാകങ്ങൾ, നദികൾ, അരുവികൾ. അഴിമുഖങ്ങൾ, ഡെൽറ്റകൾ, കണ്ടൽപ്രദേശങ്ങൾ, പവിഴപ്പുറ്റുകൾ നിറഞ്ഞ പ്രദേശങ്ങൾ, ചതുപ്പുനിലങ്ങൾ, താഴ്ന്ന നിരപ്പിലുള്ള നെൽവയലുകൾ, അണക്കെട്ടുകൾ, ജലസംഭരണികൾ, ഋതുഭേദങ്ങൾമൂലം വെള്ളത്തിനടിയിലായ സമതലപ്രദേശങ്ങൾ, വനഭൂമികൾ എന്നിവയെല്ലാം തണ്ണീർത്തടത്തിന്റെ നിർവചനത്തിൽപ്പെടും.

പരിസ്ഥിതിസംതുലനത്തിൽ തണ്ണീർത്തടങ്ങൾ നിരവധി ധർമങ്ങൾ നിർവഹിക്കുന്നു. ജലശുചീകരണം, വെള്ളപ്പൊക്കനിയന്ത്രണം, തീരസംരക്ഷണം എന്നിവ ഇതിൽ പ്രധാനമാണ്.

തണ്ണീർത്തടങ്ങൾ മറ്റുള്ള ആവാസവ്യവസ്ഥകളെക്കാൾ ജൈവവൈവിധ്യംകൊണ്ടു സമ്പുഷ്ടമാണ്. നിരവധിയായ സസ്യ-ജന്തുജാതികളുടെ വാസസ്ഥലമാണ് തണ്ണീർത്തടങ്ങൾ. ശാസ്ത്രജ്ഞർ തണ്ണീർത്തടങ്ങളെ ഭൂമിയുടെ വൃക്കകൾ എന്നാണു വിശേഷിപ്പിച്ചിരിക്കുന്നത്.

അന്റാർട്ടിക്ക ഒഴികെയുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും തണ്ണീർത്തടങ്ങൾ കാണപ്പെടുന്നു. ലോകത്തെ ഏറ്റവും വലിയ തണ്ണീർത്തടങ്ങളുടെ കൂട്ടത്തിൽ ആമസോൺ നദീതടവും പടിഞ്ഞാറൻ സൈബീരിയൻ സമതലപ്രദേശവും ഉൾപ്പെടുന്നു. ആധുനികകാലത്തു തണ്ണീർത്തടങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതിനാശം മറ്റേത് ആവാസവ്യവസ്ഥയിലേതിനെക്കാളും വളരെക്കൂടുതലാണെന്നു കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിലെ ആഴത്തിൽ നീർത്തടമുള്ള ഒരു കായലാണ് കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ. പനയാകൃതിയുള്ള ഈ വലിയ ജലസംഭരണി വലിപ്പത്തിൽ വേമ്പനാട് കായലിന്റെ തൊട്ടുപുറകിൽ സ്ഥാനമുറപ്പിക്കുന്നു. അഷ്ടമുടി എന്നതിന്റെ അർത്ഥം എട്ടു ശാഖകൾ എന്നാണ്. ഈ പേര് കായലിന്റെ സ്ഥലചിത്രീകരണം സൂചിപ്പിക്കുന്നു; ബഹുശാഖകളുള്ള ഒരു കായൽ. കേരളത്തിലെ ശുദ്ധജലത്തടാകങ്ങളിലേക്കുള്ള കവാടം എന്നും ഈ കായലിനെ വിശേഷിപ്പിക്കുന്നു.

വിസ്തൃതിയുള്ള പാടശേഖരമാണ് മെത്രാൻ കായൽ അഥവാ സെമിനാരി കായൽ. പത്തൊമ്പതാം നൂറ്റാണ്ടിൽ തിരുവിതാംകൂറിലുണ്ടായ ഭക്ഷ്യക്ഷാമത്തെത്തുടർന്ന്, വൈദികന്മാരുടെ നേതൃത്വത്തിൽ വേമ്പനാട്ടു കായൽ വളച്ചുകെട്ടി രൂപപ്പെടുത്തിയെടുത്ത പാടശേഖരമാണിത്. സമുദ്രനിരപ്പിൽനിന്ന് താഴെസ്ഥിതി ചെയ്യുന്ന ഈ കുട്ടനാടൻ പാടശേഖരം നല്ലൊരു തണ്ണീർത്തടമാണ്.

കേരളത്തിലെ ഏറ്റവും വലിയ കായലും ഭാരതത്തിലെ ഏറ്റവും നീളം കൂടിയ തടാകവുമാണ് വേമ്പനാട്ടു കായൽ. ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിലായി പരന്നുകിടക്കുന്ന ഇതിന്റെ വിസ്തീർണം 1500 ച.കി.മി. ആണ്. 15 കി.മി. ആണ് ഏറ്റവും കൂടിയ വീതി. അച്ചൻകോവിലാർ, മണിമലയാർ, മീനച്ചിലാർ, മൂവാറ്റുപുഴയാർ, പമ്പാനദി, പെരിയാർ തുടങ്ങിയ നദികൾ ഈ കായലിൽ ഒഴുകിയെത്തുന്നു. പാതിരാമണൽ, പള്ളിപ്പുറം, പെരുമ്പളം തുടങ്ങിയ ദ്വീപുകൾ വേമ്പനാട്ടുകായലിലാണ്. വേമ്പനാട്ടുകായൽ കൊച്ചി തുറമുഖത്ത് വച്ച് അറബിക്കടലുമായി ചേരുന്നു.

കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലക്കായലാണ് കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലുള്ള ശാസ്താംകോട്ട കായൽ. ഹരിതമനോഹരമായ കുന്നിൻ പ്രദേശങ്ങളും കുന്നുകൾക്കിടയിലെ നെൽപ്പാടങ്ങളും ഈ ശുദ്ധജലത്തടാകത്തെ മനോഹരമാക്കുന്നു. ചുറ്റും പ്രകൃതിരമണീയമായ ശാസ്താംകോട്ട ക്ഷേത്രം ഈ കായലിനടുത്താണ്. ധർമശാസ്താവിന്റെ ക്ഷേത്രം ഇവിടെയുള്ളതുകൊണ്ട് ഈ നാടിന് ശാസ്താവിന്റെ കോട്ട എന്ന പേരുവന്നു. കായലിനുചുറ്റും വളഞ്ഞു പുളഞ്ഞുനിൽക്കുന്ന കുന്നുകളാൽ സുഖവാസ കേന്ദ്രമായ ഈ കായലിന് എട്ടു ചതുരശ്രമൈൽ വിസ്തീർണമുണ്ട്.

കൊല്ലം നഗരം, തടാകത്തിനു ചുറ്റുമുള്ള പഞ്ചായത്തുകൾ തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് ഈ തടാകത്തിൽനിന്നാണ്.

നെൽവയലുകൾ എന്നു പറയുമെങ്കിലും വിശാലമായ അർഥത്തിൽ അവയും തണ്ണീർത്തടങ്ങൾ തന്നെ. ഈ തണ്ണീർത്തടങ്ങളിലേക്കാണ് കുത്തിയൊലിച്ചുവരുന്ന മഴവെള്ളം ആദ്യം ശേഖരിക്കപ്പെടുക.

വെറും ചതുപ്പ് എന്നു പറഞ്ഞ് നമ്മൾ അവഗണിക്കുന്ന സ്ഥലങ്ങൾ പോലും ഭൂമിയെ സംബന്ധിച്ചു മാത്രമല്ല, മനുഷ്യരാശിയുടെ നിലനില്പിനെ സംബന്ധിച്ചും അതിപ്രധാനമാണ്. ഈ തണ്ണീർത്തടങ്ങൾ എത്രയോ ജീവികളുടെ ആവാസകേന്ദ്രമാണ്. ആ തണ്ണീർത്തടങ്ങൾ ഇല്ലാതാകുമ്പോൾ അവയുടെ ആവാസവ്യവസ്ഥയും നഷ്ടമാകുന്നു. അവ ഉണ്ടാക്കുക വൻ നഷ്ടമാണ്.

സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്കായുള്ള ജലവിതരണത്തിന്റെ പ്രധാന സ്രോതസ്സുകളിൽ ഉപരിതലജലംപോലെതന്നെ പ്രധാനമായ ഒന്നാണ് ഭൂഗർഭജലവും. തുറന്ന കിണറുകൾ, കുഴൽ കിണറുകൾ എന്നിവയിലൂടെ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി ഭൂഗർഭജലത്തെ ചൂഷണം ചെയ്യുന്നു. ജനസംഖ്യയിലുള്ള വർദ്ധന, നഗരവത്ക്കരണം, വ്യവസായവൽക്കരണം എന്നിവ മൂലം സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും ദശകങ്ങളായി ഭൂഗർഭജലത്തിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള കാലാവസ്ഥ, ഭൂമിയുടെ ഉപരിതല ഭൂഗർഭ സാഹചര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനുള്ളിൽത്തന്നെ വിവിധ സ്ഥലങ്ങളിലെ ഭൂഗർഭജലത്തിന്റെ ലഭ്യത വ്യത്യാസപ്പെട്ടിരിക്കുന്നു.

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ളവിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപഭോഗസംസ്കാരം രൂപപ്പെടുത്തണം. ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടക്കണം. രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണവും ശുചീകരണവും നടപ്പാക്കണം.

ജലസംരക്ഷണത്തിന്റെ ഒരു മാർഗ്ഗം മഴവെള്ള സംഭരണമാണ്.കുളങ്ങൾ, തടാകങ്ങൾ, കനാലുകൾ എന്നിവ നിർമിക്കൽ, ജലസംഭരണികളുടെ ശേഷി വർദ്ധിപ്പിക്കൽ, മഴക്കുഴികൾ, വീടുകളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കൽ എന്നിവ മഴവെള്ളം സംഭരിക്കാനുള്ള വ്യത്യസ്ത രീതികളാണ്. ഇങ്ങനെ ശേഖരിക്കുന്ന ജലം പൂന്തോട്ടപരിപാലനം, പുൽത്തകിടി നനയ്ക്കൽ, ചെറിയ തോതിലുള്ള കൃഷിയാവശ്യങ്ങൾ എന്നിവയ്ക്കെല്ലാം ഉപയോഗപ്പെടുത്താവുന്നതാണ്.

ജലസംരക്ഷണത്തിന്റെ മറ്റൊരു മാർഗമാണ് ഭൂഗർഭ ജലസ്രോതസ്സുകളുടെ സംരക്ഷണം. മഴ, മഞ്ഞുവീഴ്ച എന്നിവ സംഭവിക്കുമ്പോൾ ഭൂമിയിൽ പതിക്കുന്ന ജലത്തിന്റെ ഒരു ഭാഗം മണ്ണിലൂടെ ആഴ്ന്നിറങ്ങി ഭൂമിക്കടിയിൽ സംഭരിക്കപ്പെടുന്നു. ഇത് ഭൂഗർഭജലം എന്നാണ് അറിയപ്പെടുന്നത്..

പാഴാക്കിക്കളയുന്ന ഓരോ തുള്ളി വെള്ളവും ദൈവത്തിന്റെ വരദാനമാണ് എന്നും അടുത്ത തലമുറകൾക്കായി അത് കാത്തുസൂക്ഷിച്ചുവയ്ക്കേണ്ടത് നമ്മുടെ കർത്തവ്യമാണ് എന്നും ഇന്നത്തെ ലോകമെങ്ങുമുള്ള ജനത മറക്കാതിരിക്കുക എന്നതാണ് ജലസംരക്ഷണത്തിനുള്ള ഏറ്റവും നല്ല മാർഗം.

■




**ഫെബ്രുവരി 7**
**ദനഹാക്കാലം**
**ആറാം ഞായർ**



നിയ 24:14 – 22
ഏശ 63:7 – 16
ഹെബ്രാ 8:1 – 6
യോഹ 3:22 – 31

ഡോ. തോമസ് വടക്കേൽ

# എല്ലാവരും അവന്റെയടുത്തേക്ക് പോവുകയാണ്

**ഈ**ശോയ്ക്കു വഴിയൊരുക്കുവാൻ വന്ന മരുഭൂമിയിലെ ശബ്ദമായ സ്നാപകയോഹന്നാൻ ഈശോയ്ക്കു വീണ്ടും സാക്ഷ്യം നൽകുന്നതും അവിടുത്തെ പക്കലേക്കു ജനസമൂഹത്തെ പോകാൻ അനുവദിക്കുന്നതുമാണ് ഇന്നത്തെ സുവിശേഷം (യോഹ 3:22–31). തന്റെ അടുത്തേക്കല്ല എല്ലാവരും വരേണ്ടത്; മറിച്ച്, ഈശോയുടെ അടുത്തേക്ക് എല്ലാവരും പോകണമെന്ന സത്യം സ്നാപകയോഹന്നാൻ ഇവിടെ വ്യക്തമായി അവതരിപ്പിക്കുന്നു. താൻ ആരാണെന്നും ഈശോ ആരാണെന്നുമുള്ള യഥാർഥ തിരിച്ചറിവിൽനിന്നാണ് സ്നാപകയോഹന്നാൻ ഇവിടെ സംസാരിക്കുന്നത്.

ഇതിനുശേഷം യേശുവും ശിഷ്യന്മാരും യൂദയാദേശത്തേക്കു പോയി. അവിടെ അവൻ അവരോടൊത്തു താമസിച്ച് സ്നാനം നൽകി (3:22). തന്റെ വാക്കുകൾ കേൾക്കുകയും തദനുസരണം അനുതപിച്ചു കടന്നുവരുന്നവർക്ക് സ്നാനം നൽകുകയും ചെയ്യുക എന്നത് സ്നാപകയോഹന്നാന്റെ ഒരുക്കൽശുശ്രൂഷയുടെ പ്രധാന ഭാഗമായിരുന്നു. ഇത് അനുതാപത്തിന്റെ സ്നാനം ആയിരുന്നുവെങ്കിൽ ഈശോ നൽകിയിരുന്ന സ്നാനം എന്തു തരത്തിലുള്ളതായിരുന്നു? യോഹ 4:2 ൽ പറയുന്നതനുസരിച്ച് ഈശോ ശിഷ്യന്മാരെയല്ലാതെ നേരിട്ട് ആരെയും സ്നാനപ്പെടുത്തിയില്ല. എന്നിരുന്നാലും, ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ 'ദൈവരാജ്യത്തിന്റെ വരവിന്റെ ഒരുക്കമായി പിതാവായ ദൈവത്തോടുള്ള അനുസരണത്തിന്റെ അടയാളമായി' ഇപ്രകാരമുള്ള ഒരു സ്നാനം ഈശോയും ശിഷ്യന്മാരും നൽകിയിരുന്നിരിക്കാം. ഈശോ പരിശുദ്ധാത്മാവിനാൽ സ്നാനം നൽകുന്നവനാണ് എന്ന് സ്നാപകയോഹന്നാൻതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 1:33). കൂടാതെ, യോഹ 7:39 പ്രകാരം പരിശുദ്ധാത്മാവിനെ നൽകുന്ന ജീവജലത്തിന്റെ സ്രോതസ്സ് ഈശോ തന്നെയാണ്.

സാലിമിനടുത്തുള്ള ഏനോനിൽ വെള്ളം ധാരാളമുണ്ടായിരുന്നതിനാൽ അവിടെ യോഹന്നാനും സ്നാനം നൽകിയിരുന്നു. ആളുകൾ അവന്റെ അടുത്തുവന്ന് സ്നാനം സ്വീകരിച്ചിരുന്നു (3:23). ഹെബ്രായഭാഷയിലെ 'സാലിം' എന്ന വാക്കിന്റെയർത്ഥം സമാധാനം എന്നാണ്.

ഈ സ്ഥലത്തിനടുത്തുള്ള ഏനോൻ (Aenon) എന്ന പ്രദേശത്താണ് സ്നാപകയോഹന്നാൻ സ്നാനം നൽകിയിരുന്നത്. ഉറവകളുടെ സ്ഥലം (place of spring) എന്നാണ് എനോൻ എന്ന വാക്കിന്റെ വാച്യാർത്ഥം. കിഴക്കൻ പാലസ്തീനായിലെ യോർദ്ദാൻ താഴ്‌വരയിലോ, സമരിയായിലോ ആയിരിക്കാം ഈ പ്രദേശം. യോഹന്നാന്റെ ശിഷ്യസമൂഹം താമസിച്ചിരുന്നത് ഈ പ്രദേശത്താണെന്നാണ് പൊതുവേ കരുതപ്പെടുന്നത്.

അനുതാപത്തിന്റെ ജ്ഞാനസ്നാനം നൽകപ്പെടുന്ന ഈ സ്ഥലത്തേക്ക് അനേകർ കടന്നുവന്നിരുന്നു. 'വരിക, എത്തിച്ചേരുക, സന്നിഹിതരായിരിക്കുക' (come, arrive, be present) എന്നർത്ഥം വരുന്ന പാരാഗിനോമായി (paraginomai) എന്ന ഗ്രീക്കുക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അനുതപിച്ച വിശ്വാസിസമൂഹം യോഹന്നാന്റെ സാന്നിധ്യത്തിലേക്ക് എത്തിച്ചേർന്നു, അവന്റെ ഒപ്പം ആയിരുന്നു എന്നർത്ഥം. കർത്താവിന് വഴിയൊരുക്കാൻ വന്നവന്റെ കൂടെ ആയിരുന്ന അവർ അവനിൽനിന്നു സ്നാനം സ്വീകരിച്ചു. ഇത് ഒരു ആദ്യപടിയാണ്. യഥാർഥ വഴിയായ ഈശോയിലേക്കുള്ള പ്രവേശനത്തിന്റെ ആദ്യപടി. സ്നാപകന്റെ അടുത്തേക്കു വന്നവർ ഇവിടംകൊണ്ടു യാത്ര അവസാനിപ്പിക്കാൻ പാടില്ല.

അവർ യോഹന്നാനെ സമീപിച്ചു പറഞ്ഞു: ഗുരോ, ജോർദ്ദാന്റെ അക്കരെ നിന്നോടുകൂടെയുണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ, ഇതാ ഇവിടെ സ്നാനം നൽകുന്നു. എല്ലാവരും അവന്റെ അടുത്തേക്കു പോവുകയാണ് (3:26). സ്നാപകന്റെ ശിഷ്യരുടെ പരാതിയാണിത്. തങ്ങളുടെ ഗുരുവിന്റെ ശ്രേഷ്ഠതയിൽ അഭിമാനിച്ചിരുന്ന അവർ യഥാർഥഗുരുവിന്റെ ശ്രേഷ്ഠതയെ തിരിച്ചറിയാതെ നടത്തിയ ഒരു പരിഭവമാണിത്. അനുതപിച്ചു സ്നാനം സ്വീകരിച്ച വിശ്വാസികൾ യഥാർഥ ഗുരുവിന്റെ പക്കലേക്കു യാത്രയായി. സ്നാപകന്റെ ശിഷ്യർ അവനെ വിളിച്ചത് 'റബ്ബി' എന്നാണ്. ഹെബ്രായഭാഷയിൽ ഈ വാക്കിന്റെയർത്ഥം ഗുരു (master) എന്നാണ്.

ഭൗമിക 'റബ്ബി' ആയ സ്നാപകയോഹന്നാനിൽനിന്ന് ആത്മീയ'റബ്ബി' ആയ ഈശോയിലേക്കുള്ള ഒരു യാത്രയാണ് ഇവിടെ നമ്മൾ കണ്ടുമുട്ടുന്നത്. യഥാർത്ഥ 'റബ്ബി'യെ തിരിച്ചറിഞ്ഞ വിശ്വാസികൾ സ്നാപകന്റെ പക്കൽനിന്ന് ഈശോയിലേക്ക് എത്തിച്ചേരുന്നു. സ്നാപകന്റെ ശിഷ്യർ ഈ സത്യം തിരിച്ചറിഞ്ഞില്ല എന്നു മാത്രം.

എല്ലാവരും പോകേണ്ടത് അവന്റെ അടുത്തേക്കാണ്; യഥാർഥ ഗുരുവായ ഈശോയുടെ പക്കലേക്ക്. എല്ലാവരും സ്വീകരിക്കേണ്ടത് അവിടുന്നു നൽകുന്ന പരിശുദ്ധാത്മാവിനെയാണ്. ഈ സത്യം സ്നാപകൻ മനസ്സിലാക്കുന്നതിനാലാണ് അവൻ ഇപ്രകാരം പറയുന്നത്: "സ്വർഗത്തിൽനിന്നു നൽകപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല" (3:27). ഈശോ സ്വർഗത്തിൽനിന്നു വന്നവനാണെന്നും എല്ലാവരും അവന്റെയടുക്കലേക്കാണു പോകേണ്ടതെന്നുമുള്ള തിരിച്ചറിവിൽനിന്നാണ് ഇത്തരത്തിലുള്ള ഒരു മറുപടി തന്റെ ശിഷ്യന്മാർക്ക് സ്നാപകൻ നൽകുന്നത്.

'ഞാൻ ക്രിസ്തുവല്ല' എന്ന സ്നാപകന്റെ പരാമർശം അസ്തിത്വത്തെയും വ്യക്തിത്വത്തെയും മനസ്സിലാക്കിയതുകൊണ്ടും ഈശോയുടെ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞതുകൊണ്ടുമാണ്. ഊക് എയ്മി എഗോ ഹോ ക്രിസ്തോസ് (ouk eimi ego ho Christos) I am not the Christ- എന്ന സ്നാപകന്റെ വാക്ക് ഈശോ 'മിശിഹാ' ആണെന്ന വസ്തുത ഉറപ്പിക്കുകയും അവിടുത്തേക്ക് വീണ്ടും സാക്ഷ്യം നൽകുകയുമാണ്. 'മെസിയാ' (Messiah) എന്ന ഹീബ്രുപദത്തിന്റെ ഗ്രീക്ക് വിവർത്തനമാണ് ക്രിസ്തോസ് (christos) എന്ന വാക്ക്. പഴയനിയമജനത പ്രതീക്ഷിച്ചിരുന്ന മിശിഹായാണ് ഇവിടെ കാണുന്ന ഈശോ എന്ന് സ്നാപകൻ വ്യക്തമാക്കുന്നു. ഇനി എല്ലാവരും അവന്റെ അടുത്തേക്കാണു പോകേണ്ടത്. കാരണം അവിടുന്നാണ് യഥാർഥ 'റബ്ബി.'



# ആലുവ എസ്.എച്ച്. ലീഗ് ശതാബ്ദി നിറവിൽ

ഭാരതത്തിലെ മുദ്രണാലയപ്രേഷിതത്വത്തിനു തുടക്കം കുറിക്കുകയും ആയിരത്തിലധികം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്ത ആലുവ എസ്.എച്ച്. ലീഗ് ശതാബ്ദിയുടെ നിറവിൽ. അലക്സാണ്ടർ ഏഴാമൻ മാർപാപ്പായുടെ അനുഗ്രഹാശിസുകളോടെ കേരളത്തിലെത്തിയ സ്പെയിനിൽനിന്നുള്ള കർമ്മലീത്താ മിഷനറിമാരാണ് വൈദിക പരിശീലനകേന്ദ്രത്തിലെന്നപോലെ എസ്.എച്ച്. ലീഗിനും അടിസ്ഥാനമിട്ടത്.

1682 ൽ വരാപ്പുഴയിൽ ആരംഭിച്ച് രണ്ടു നൂറ്റാണ്ടുകൾക്കു ശേഷം 1886 ൽ പുത്തൻപള്ളിയിലേക്കു മാറ്റിസ്ഥാപിച്ച വൈദികപരിശീലനകേന്ദ്രത്തിലാണ് എസ്.എച്ച്. ലീഗ് പ്രവർത്തിക്കുന്നത്. 1920 ൽ ധന്യൻ ഫാ. സഖറിയാസ് ഒസിഡിയാണ് എസ്.എച്ച്. ലീഗിന് തുടക്കം കുറിച്ചത്.

ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പയുടെ 'മാക്സിമും ഇല്യൂദ്' എന്ന ചാക്രികലേഖനത്തിലെ 'മിഷൻപ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുക' എന്ന ആഹ്വാനമനുസരിച്ച് സുവിശേഷമൂല്യങ്ങളെ പരിചയപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനാണ് ഇത് ആരംഭിച്ചത്.

1920 ഒക്ടോബർ 15 ന് 'മതവും ചിന്തയും' എന്ന ആദ്യ പ്രതി മുതൽ ലഘുലേഖകളുടെ രൂപത്തിലായിരുന്നു എസ് എച്ച് ലീഗ് പുറത്തിറങ്ങിയത്. സുവർണജൂബിലിയാഘോഷങ്ങളുടെ ഭാഗമായി 1970 മുതൽ ഇത് മാസികരൂപത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങി. വിശ്വാസ-ധാർമികവിഷയങ്ങളുടെ ശാസ്ത്രീയവും പ്രായോഗികവുമായ വിവരണങ്ങൾ എസ്.എച്ച്. ലീഗ് കൈകാര്യം ചെയ്യുന്നുണ്ട്. 1932 മുതൽ ലീഗിന്റെ പ്രവർത്തനം മംഗലപ്പുഴസെമിനാരിയിലേക്കു മാറ്റി.

കുടുംബനവീകരണം ലക്ഷ്യമിട്ട് 1924 ൽ 'കത്തോലിക്കാ കുടുംബം' എന്ന ഒരു മാസികയും സഭയുടെ പ്രേഷിതദൗത്യത്തിന് ഊർജം പകരാൻ 1943 മുതൽ 'പ്രേഷിതകേരളം' എന്ന മാസികയും സഖറിയാസച്ചന്റെ നേതൃത്വത്തിൽ എസ്.എച്ച് ലീഗിൽനിന്നും പ്രസിദ്ധീകരിച്ചു. പ്രേഷിതാഭിമുഖ്യവും ദൈവവിളികളും വളർത്തിക്കൊണ്ട് പ്രേഷിതകേരളം ഇന്നും കാർമൽഗിരി സെമിനാരിയിൽനിന്ന് പ്രസിദ്ധീകരിച്ചുവരുന്നു.

ബൈബിൾ വിവർത്തനരംഗത്തും എസ്.എച്ച്. ലീഗിന്റെ സംഭാവനകൾ അമൂല്യമാണ്. ഫാ. ജോൺ കുന്നപ്പള്ളിയുടെയും ഫാ. മാത്യു വടക്കേലിന്റെയും നേതൃത്വത്തിൽ 1940 ൽ പഴയ നിയമഗ്രന്ഥങ്ങളുടെ വിവർത്തനം പൂർത്തിയാക്കി.

ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, ധാർമികശാസ്ത്രം, ബൈബിൾവിജ്ഞാനീയം എന്നീ മേഖലകളിലെ പുസ്തകങ്ങളാണ് എസ്.എച്ച്. ലീഗ് പ്രസിദ്ധീകരിക്കുന്നത്. ഗ്രന്ഥങ്ങളുടെ ഡിജിറ്റലൈസേഷൻ, ഓഡിയോ വേർഷൻ തുടങ്ങി ആധുനികഗ്രന്ഥശാലയാകാനാണ് ശതാബ്ദി വർഷത്തിൽ എസ്.എച്ച്. ലീഗിന്റെ ശ്രമം. ഇ-ബുക്ക് രംഗത്തേക്കും പുസ്തകങ്ങളുടെ ഇന്റർനെറ്റ് മാർക്കറ്റിലേക്കും ചുവടുവച്ചു കഴിഞ്ഞു.

# മുറിവേറ്റു പിടയുന്ന മൃഗങ്ങൾ

## മനം നൊന്തു കരയുന്ന കർഷകർ



ഗിഫു മേലാറ്റൂർ

സംസ്കാരസമ്പന്നനും വിവേകബുദ്ധിയുടെ ഉടമയുമെന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന മനുഷ്യർ കൊടുംക്രൂരതയാണ് പലപ്പോഴും കാട്ടുമൃഗങ്ങളോടു കാണിക്കുന്നത്. കൊല്ലം പത്തനാപുരത്ത് അടൂർ കറവൂർ മേഖലയിൽ കഴിഞ്ഞ വർഷം ഒരു ആന ചരിഞ്ഞത് വേട്ടക്കാർ വച്ച സ്ഫോടകവസ്തു അടക്കം ചെയ്ത കൈതച്ചക്ക ഭക്ഷിച്ചായിരുന്നു. അതു കടിച്ചപ്പോഴുണ്ടായ സ്ഫോടനത്തിൽ ആനയുടെ വായ്ക്കും മുഖത്തിനും ഗുരുതരമായ പരുക്കേൽക്കുകയും ദിവസങ്ങൾക്കകം ചരിയുകയും ചെയ്തു.



അതുപോലെതന്നെ വിവാദമായതാണ് കഴിഞ്ഞ വർഷം പാലക്കാട് ജില്ലയിലെ തിരുവിഴാംകുന്ന് അമ്പലപ്പാറയിലെ വെള്ളിയാറിൽ ഗർഭിണിയായ ആന ചരിഞ്ഞ സംഭവവും. സ്ഫോടകവസ്തു അടക്കം ചെയ്ത കൈതച്ചക്ക ഭക്ഷിച്ചതായിരുന്നു ഇവിടെയും മരണകാരണം. വായ്ക്കും നാവിനും ഗുരുതരമായ പൊള്ളലേറ്റും മേൽത്താടി തകർന്നും അതികഠിനമായ വേദന സഹിച്ചാണ് ആ മിണ്ടാപ്രാണി ചരിഞ്ഞത്.

നെടുമ്പാശേരി അത്താണിക്കുസമീപം ചാലാക്കയിൽ ഒരു വളർത്തുനായയെ കഴുത്തിൽ കുരുക്കിട്ടു റോഡിലൂടെ കെട്ടിവലിച്ചുകൊണ്ടുപോയത് ഒന്നര മാസംമുമ്പാണ്. നായയെ ഉപേക്ഷിക്കാനാണത്രേ ഈ കൊടുംക്രൂരത കാണിച്ചത്. പുലിയുടെ പല്ല്, നഖം തുടങ്ങിയ ശരീരഭാഗങ്ങൾ ഉപയോഗിച്ചു വസ്തുക്കൾ നിർമിക്കുന്നവർ പുലികളെ കൊല്ലുന്ന സംഭവങ്ങളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു.

**ക്രൂരത തുടർക്കഥയാകുന്നു**

കഴിഞ്ഞ ദിവസം മസിനഗുഡിയിൽ കാടിറങ്ങി വന്ന ഒരാനയോടു നാട്ടുകാരിൽ ചിലർ കാണിച്ചത് ഇതിനെക്കാൾ വലിയ ക്രൂരതയാണ്. തിരിച്ചു കാട്ടിലേക്കോടിക്കാൻ പെട്രോൾ ഒഴിച്ചു കത്തിച്ച ടയർ ആനയുടെ തലയ്ക്കു നേരേ എറിയുകയായിരുന്നു. തീപ്പന്തം ചെവിയിൽ കുരുങ്ങി പൊള്ളലേറ്റാണ് അതു ചരിഞ്ഞത്. ഒരാഴ്ചമുമ്പാണ് ചെവിക്കു ചുറ്റും മുറിവേറ്റു രക്തവും പഴുപ്പും ഒഴുകുന്ന നിലയിൽ തീരെ അവശയായ ആന വനംവകുപ്പിന്റെ ശ്രദ്ധയിൽപെടുന്നത്. ചികിത്സയ്ക്കായി കൊണ്ടുപോകുംവഴി ജനുവരി 19 ന് അതിന്റെ ജീവൻ നഷ്ടമാകുകയും ചെയ്തു.

**വർദ്ധിച്ചുവരുന്ന സംഭവങ്ങൾ**

കഴിഞ്ഞ ഏതാനും മാസങ്ങളായി ഭക്ഷണവും വെള്ളവും തേടി മസിനഗുഡിയിലെ ഗ്രാമങ്ങളിലൂടെ ഇടയ്ക്കിടെ വരാറുണ്ടായിരുന്നുവത്രേ ഈ ആന. ഗ്രാമവാസികൾക്കു ശല്യം ഉണ്ടാക്കാത്തതിനാൽ അവർ അതിനെ ഉപദ്രവിക്കാറില്ല. ഭക്ഷണം തേടി അലയുന്നതിനിടെ സ്ഥലത്തെ റിസോർട്ടിന്റെ മുമ്പിലെത്തിയപ്പോൾ റിസോർട്ട് ഉടമകളുടെ ആളുകളാണ് അതിനെ ക്രൂരമായി അക്രമിച്ചതെന്നാണ് പോലീസ് വെളിപ്പെടുത്തൽ. പെട്രോൾ ഉപയോഗിച്ചു കത്തിച്ച ടയർപ്പന്തത്തിന്റെ ഭാഗം ചെവിയിൽ കുടുങ്ങിയതാണ് മരണകാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു.



മസിനഗുഡിയിലെ ഈ ആനയുടെ കദനകഥ പുറത്തുവന്ന ദിവസംതന്നെയാണ് ഇടുക്കി മാങ്കുളത്ത് പുള്ളിപ്പുലിയെ കെണിവച്ചു പിടിച്ച് കൊന്നുതിന്ന വിവരവും പുറത്തുവന്നത്. ആറു വയസ്സു വരുന്ന അമ്പതു കിലോയോളം ഭാരമുള്ള പുലിയെയാണ് അഞ്ചുപേർ ചേർന്നു കൊന്നത്.

**ഒരു ജില്ലയെ അന്ധമായി പ്രതിപ്പട്ടികയിലാക്കുന്നവർ**

കഴിഞ്ഞ വർഷം പാലക്കാട്ട് തിരുവിഴാംകുന്നിൽ പഴത്തിലെ സ്ഫോടകവസ്തു പൊട്ടി ആന ചരിഞ്ഞപ്പോൾ, മുതലക്കണ്ണീർ ഒഴുക്കിയ മനേകാ ഗാന്ധിയെപ്പോലുള്ളവർ തമിഴ്നാട്ടിലെ മസിനഗുഡി സംഭവത്തിൽ ഇതെഴുതുന്നതുവരെയും പ്രതികരിച്ചു കണ്ടില്ല.

**വന്യജീവികളുടെ കാടിറക്കം വർദ്ധിക്കുന്നു**

വന്യജീവികളോടു ക്രൂരത കാണിക്കുന്നവർക്കും തിരിച്ചോടിക്കാൻ സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നവർക്കുമെതിരേ കർശനനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നിലവിലെ നിയമങ്ങൾ അതിനു പര്യാപ്തമല്ലെങ്കിൽ നിയമം കൂടുതൽ കർക്കശമാക്കേണ്ടതും ആവശ്യമാണ്. കൃഷിയും ചിലപ്പോൾ മനുഷ്യജീവനും രക്ഷിക്കാനാണ് ഇത്തരം ചെയ്തികൾക്കു കർഷകരും മലയോരമേഖലയിൽ താമസിക്കുന്നവരും നിർബന്ധിതരാകുന്നതെന്ന കാര്യം ബന്ധപ്പെട്ടവർ ഓർക്കേണ്ടതുമാണ്. ആന, കാട്ടുപന്നി, പുലി, മരപ്പട്ടി തുടങ്ങിയ വന്യജീവികളുടെ കാടുകളിൽനിന്ന് നാടുകളിലേക്കുള്ള ഇറക്കം അടുത്തകാലത്തായി വർധിച്ചിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനവും കാട്ടുതീ തുടങ്ങിയ പ്രകൃതിദുരന്തങ്ങളുംമൂലം കാടുകളിലെ ആവാസവ്യവസ്ഥ തകിടംമറിഞ്ഞതായിരിക്കാം കാരണം.

**ഫലപ്രദമാകാത്ത തന്ത്രങ്ങൾ**

കാട്ടാനക്കൂട്ടങ്ങൾ ഇറങ്ങിവന്നാൽ കൃഷിയിടങ്ങൾ ചവിട്ടിമെതിച്ചേ തിരിച്ചുപോകാറുള്ളൂ. പലവനാതിർത്തികളിലും ആളുകൾ ജീവിക്കുന്നത് വന്യമൃഗങ്ങളെ ഭയപ്പെട്ടാണ്. കാട്ടുപന്നികളുടെ ശല്യം പൂർവോപരി രൂക്ഷമാണിന്ന്. സമീപകാലത്തായി നിരവധി മനുഷ്യജീവനുകൾ ഇവ അപഹരിച്ചിട്ടുണ്ട്. ഓലപ്പടക്കങ്ങളുടെ ശബ്ദം കേട്ടാലും തീപ്പന്തങ്ങൾ കാട്ടി ഭയപ്പെടുത്തിയാലും പാട്ടകൊട്ടി ശബ്ദമുണ്ടാക്കിയാലും കാട്ടുമൃഗങ്ങൾ തിരിച്ചുപോകുമായിരുന്നു മുമ്പൊക്കെ. ഇത്തരം തന്ത്രങ്ങളൊന്നും ഇപ്പോൾ ഫലപ്രദമാകുന്നില്ല. വന്യമൃഗങ്ങളുടെ ഭീഷണി തടയാൻ വനാതിർത്തിയിൽ കിടങ്ങുകൾ കുഴിക്കാറുണ്ടെങ്കിലും അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഇവയിലേറെയും മണ്ണുനിറഞ്ഞു പ്രയോജനമില്ലാതായി.

**നിയമത്തിന്റെ ചങ്ങലകൾ**

കാടിറങ്ങി വരുന്ന മൃഗങ്ങളെ ചെറുക്കാൻ കർഷകർക്ക് അനുവാദമില്ല. ഗത്യന്തരമില്ലാതെ വെടിവയ്ക്കുകയോ ആയുധമെടുത്തു നേരിടുകയോ ചെയ്താൽ നിയമത്തിന്റെ ചങ്ങലകൾ അവരെ വരിഞ്ഞുമുറുക്കും. ജയിലിൽ കഴിയേണ്ടിവരികയും ചെയ്തേക്കാം. അടുത്തിടെ മാത്രമാണ് കാട്ടുപന്നികളെ വെടിവെക്കാനുള്ള അനുവാദം നൽകിത്തുടങ്ങിയത്. മൃഗസംരക്ഷണം കർശനമാക്കുന്നതോടൊപ്പം കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾകൂടി അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

Deepanalam Weekly
RNI No : 16998/68
Vol. 53 No. 37 Date of Publication 28 January 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org